# താമരമൊട്ടുകൾ

വാല്യം 22 | ഫെബ്രുവരി 2020 | ലക്കം 2 | Price ₹ 20



## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-01-2020 |



2020 ജനുവരി 1 ന് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ്
കൂദാശ ചെയ്ത മരിയാപുരം ഫാത്തിമ മാതാ എപ്പിസ്കോപ്പൽ ദൈവാലയം

വികാരി: വെരി. റവ. ഫാ. ജേക്കബ് കുത്തൂർ



Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1,
Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press,
Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme

## February 2020

| | | |
|---|---|---|
| 01 | | Kunnoth |
| 02 | | Goa |
| 03 | 10.00 | Kanjirappally |
| 04 | 10.00 | Kuravilangad |
| 05 | | Office day |
| | 16.00 | Manjuvayal |
| 06 | 09.00 | Bethania |
| 07 | 17.00 | Kattangal |
| | 18.00 | Bethania |
| 08 | 08.00 | Devagiri |
| | 11.00 | Thamarassery |
| | 17.30 | Oorakam |
| 09 | 09.00 | Marudonkara |
| | 17.00 | Pallikunnu |
| 10 | 10.00 | Kunnoth |
| 11 | 10.00 | Thonichal |
| | 16.00 | Bethania |
| 12-19 | | CBCI - Bangalore |
| 20 | 10.30 | Koorachundu |
| 21 | | Office day |
| 22 | 06.45 | Vettilappara |
| | 10.00 | Mayanad |
| | 15.00 | Thalayad |
| 24 | 06.30 | Thamarassery |
| 25 | 10.00 | Thamarassery |
| 26 | | Office day |
| 28 | | Prayer day |



വാല്യം 22 താമരമൊട്ടുകൾ ഫെബ്രുവരി 2020 ലക്കം 02

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും".

(അപ്പ. 16:31)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 75 |
| 2. | പ്രോഗ്രാം ഫെബ്രുവരി 2020 | 76 |
| 3. | ആശംസകൾ | 77 |
| 4. | സർക്കുലർ | 81 |
| 5. | ഇടയലേഖനം 1/2020 | 86 |
| 6. | സർക്കുലർ | 91 |
| 7. | പരിശുദ്ധ മാർപാപ്പായുടെ സന്ദേശം | 97 |
| 8. | കച്ചേരിക്കാര്യം | 102 |
| 9. | മതബോധനം | 106 |
| 10. | ചെറുപുഷ്പ മിഷൻലീഗ് | 112 |
| 11. | കെ.സി.വൈ.എം | 116 |
| 12. | ലിറ്റർജി കമ്മീഷൻ | 122 |
| 13. | ഫാമിലി അപ്പോസ്റ്റലേറ്റ് | 123 |
| 14. | ബധിരർക്കു മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് | 124 |
| 15. | എഫ്. എസ്. റ്റി | 125 |
| 16. | മദ്യവിരുദ്ധ സമിതി | 126 |
| 17. | വിൻസെന്റ് ഡി പോൾസംഘടന | 128 |
| 18. | ഫ്രാൻസിസ്ക്കൻ അൽമായ സഭ | 129 |
| 19. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 131 |
| 20. | അൽഫോൻസാ കോളേജ് തിരുവമ്പാടി | 132 |
| 21. | ആൽഫ മരിയ അക്കാദമി | 133 |
| 22. | മാതൃവേദി | 135 |
| 23. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 136 |
| 24. | ബഥാനിയ വാർത്തകൾ | 137 |
| 25. | ഫിയാത്ത് റിട്രീറ്റ് സെന്റർ | 138 |
| 26. | കരിസ്മാറ്റിക് മൂവ്മെന്റ് | 140 |
| 27. | വിദ്യഭ്യാസരംഗം | 142 |
| 28. | വികസനവേദി | 143 |
| 29. | യേശുനിധി | 145 |
| 30. | അജപാലനക്കുറിപ്പുകൾ | 146 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| | Vellaramkalayil George | 1 |
| | Bp.Mar Paul Chittilappilli | 7 |
| Rev. Fathers | Muttathukudiyil Dominic | 8 |
| | Chennickara Antony | 12 |
| | Palakkattu Joseph | 13 |
| | Varakil Antony | 13 |
| | Nedumala Zacharias | 14 |
| | Pulichamakkal Joseph | 16 |
| | Cherupillattu Varkey | 17 |
| | Kizhakkekunnel Simon | 17 |
| | Kalarickal Thomas | 19 |
| | Pazhukunnel Johnson | 19 |
| | Kizhakkarakatt Augustine (Sr) | 19 |
| | Chuvappunkal Thomas | 24 |
| | Aranjaniolickal Joseph (Sr) | 25 |
| | Pottananickal Ephrem | 25 |
| | Thalachirakuzhi Kurian | 25 |
| | Mattakottil Mathew | 27 |
| | Kizhakkarakatt Augustine (Jr) | 27 |
| | Vamattathil Augustine | 27 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഫെബ്രുവരി 2020

| | | |
|---|---|---|
| 03 | തിങ്കൾ | പ്രീ-കാനാ കോഴ്സ് (3-5) |
| 04 | ചൊവ്വ | വി. ജോൺ ബ്രിട്ടോ |
| 07 | വെള്ളി | **ജന്മദിനം - മാർ പോൾ ചിറ്റിലപ്പിള്ളി** |
| | | ബൈബിൾ കൺവെൻഷൻ - ബഥാനിയ 2020 (7-11) |
| 08 | ശനി | മതബോധനം: HCC പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നു |
| | | മരിയൻ പ്രോ-ലൈഫ് - 60 വയസ്സുകഴിഞ്ഞവരുടെ സംഗമം |
| | | PBI: Class ADCT |
| 11 | ചൊവ്വ | **ലൂർദ് മാതാവ്**, രോഗീദിനം, |
| | | ചരമദിനം: ഫാ. പോൾ കളപ്പുര (1998) |
| 16 | ഞായർ | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം (16-20) |
| | | മതബോധനം: HCC സേ പരീക്ഷ |
| 21 | വെള്ളി | PBI: Theology Conference |
| | | ക്രിസ്റ്റീൻ: മിഷൻ ട്രെയിനിംഗ് സെലക്ഷൻ പ്രോഗ്രാം (21-22) |
| 22 | ശനി | മലബാർ വിഷൻ എഡിറ്റോറിയൽ മീറ്റിംഗ് |
| 23 | ഞായർ | **വലിയ നോമ്പ് ആരംഭം, പേത്തുർത്ത** |
| | | മതബോധനം: മതാധ്യാപക തുടർപരിശീലന പരീക്ഷ |
| | | PBI: ഫൊറോന ദൈവശാസ്ത്ര പഠനക്ലാസ്സ് |
| | | ക്രിസ്റ്റീൻ: സബ്സോൺ ആനിമേറ്റേഴ്സ് ഗാതറിംഗ് - തിരുവമ്പാടി |
| 24 | തിങ്കൾ | **വിഭൂതി**, ചരമദിനം: ഫാ. മാത്യു മുതിരചിന്തിയിൽ (2011) |
| 25 | ചൊവ്വ | **വാ. സി. റാണി മരിയ** |
| | | **പ്രസ്ബിറ്ററൽ കൗൺസിൽ** |
| 29 | ശനി | AKCC: 'വിഷൻ 2020-25' അത്മായ കൺവെൻഷൻ (29-മാർച്ച് 1) |


മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്
രൂപതാകുടുംബത്തിന്റെ
ജന്മദിനാശംസകൾ...
FEBRUARY 7


അഭിവന്ദ്യ പിതാക്കന്മാർക്ക് താമരശ്ശേരി രൂപതയുടെ
പ്രാർത്ഥനാശംസകൾ!
മാർ ജോസ് പുളിക്കൽ (കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ)
മോൺ. പീറ്റർ കൊച്ചുപുരയ്ക്കൽ
[പാലക്കാട് രൂപതയുടെ നിയുക്ത സഹായ മെത്രാൻ]


താമരശ്ശേരി രൂപതയുടെ നവാഭിഷിക്തർക്ക്
അഭിനന്ദനങ്ങളും പ്രാർത്ഥനകളും...
ഫാ. മാത്യു തൂമുള്ളിൽ
വിളക്കാംതോട്
23-11-2019
ഫാ. തോമസ് കടപ്പാക്കൽ
പെരുവണ്ണാമൂഴി
30-11-2019
ഫാ. അലക്സ് പനച്ചിക്കൽ
കോടഞ്ചേരി
28-12-2019
ഫാ. ജോസഫ് ചിറത്തലയ്ക്കൽ
മൈലള്ളാംപാറ
31-12-2019


താമരശ്ശേരി രൂപതയിൽ നിന്നും അഭിഷിക്തരായ
സന്യാസ വൈദികർക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനകളും...
ഫാ. മെവിൻ OFM Cap.
കരിയിൽ, നെന്മേനി
20-11-2019
ഫാ. സലീഷ് ജോസ് SDB
ചിറ്റാട്ടുകുന്നേൽ, കുരാച്ചുണ്ട്
27-12-2019
ഫാ. ഡയസ് SDB
ആനിക്കുടിയിൽ
കോടഞ്ചേരി
28-12-2019
ഫാ. നിബിൻ MSFS
പുല്ലുവയലിൽ, കോടഞ്ചേരി
28-12-2019
ഫാ. നെൽസ് CFIC
ഇയ്യാലിൽ, വലമ്പൂർ
25-01-2020

Ref: 3249/K-5/KCBC/OL/DS

# 2020 ഫെബ്രുവരി 9
# തിരുബാലസഖ്യദിനം

## കെസിബിസി വൊക്കേഷൻ കമ്മീഷൻ
## പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

1843-ൽ ഫ്രാൻസിൽ സ്ഥാപിതമായ തിരുബാലസഖ്യത്തെ 1922-ൽ 11-ാം പീയൂസ് പാപ്പ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രികസഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സാർവ്വത്രിക സഭയോട് ചേർന്ന് ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയായ ഇന്ന് (09.02.2020) ഭാരത സഭ തിരുബാലസഖ്യദിനമായി ആചരിക്കുകയാണ്. തിരുബാലസഖ്യത്തിലെ എല്ലാ അംഗങ്ങൾക്കും അവരെ നയിക്കുന്നവർക്കും ഈ നല്ല ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ഫ്രാൻസിസ് പാപ്പയുടെ നിർദേശമനുസരിച്ച് 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി സമുചിതമായി ആചരിച്ചതിന്റെ തുടർച്ചയായി കേരള കത്തോലിക്കാസഭ രണ്ടായിരത്തി ഇരുപതാമാണ്ട് "മിസ്സിയോ ദേയി 2020" എന്ന പേര് നൽകി പ്രേഷിതവർഷമായി ആചരിക്കുകയാണ്. കേരളസഭയ്ക്കു മുഴുവൻ നവ പ്രേഷിത ചൈതന്യവും പ്രേഷിത മാനസാന്തരവും നല്കി, "നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന നമ്മുടെ രക്ഷകനും നാഥനുമായ യേശുക്രിസ്തുവിന്റെ പ്രേഷിത ആഹ്വാനത്തെ പൂർവ്വാധികം കൃപയോടും തീക്ഷ്ണതയോടും ശിരസ്സാവഹിച്ച് ജീവിക്കാനും പ്രഘോഷിക്കാനുമുള്ള ദൗത്യം കേരള സഭ ഏറ്റെടുക്കുകയാണ്. ഈ പ്രേഷിത നവചൈതന്യം എല്ലാവരെക്കാളും ഉപരിയായി ജ്വലിപ്പിക്കേണ്ടത് കുഞ്ഞുമക്കളെയും യുവതലമുറയെയും ആണ്.

നിങ്ങൾ ശിശുക്കളെപ്പോലെ ആകുവിൻ എന്നും കുഞ്ഞുങ്ങളെ കണ്ടു പഠിക്കുവിൻ എന്നും, ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല (മത്താ 19:15) എന്നും യേശു പറഞ്ഞ സത്യങ്ങൾ നാം തിരിച്ചറിയണം.

നന്മമാത്രം നല്കിയും നന്മയുടെ പശ്ചാത്തലങ്ങൾ ഒരുക്കിയും കുഞ്ഞുങ്ങളുടെ രൂപീകരണത്തിൽ നമുക്ക് പങ്കുചേരണം. ഇന്ന് കുഞ്ഞുങ്ങൾ ഏറെ സങ്കീർണതകളിലൂടെ കടന്നുപോകുന്നു എന്ന് നാം മനസ്സിലാക്കണം. കുടുംബങ്ങളുടെ ശൈഥില്യവും മാതാപിതാക്കളുടെ ഇടയിലെ മത്സരങ്ങളും മദ്യപാനം, ലഹരിഉപയോഗം എന്നവയുടെ സമ്മർദ്ദത്തിൽ ഉണ്ടാകുന്ന അക്രമങ്ങൾ, അസമാധാനം, സാമ്പത്തിക പിന്നോക്കാവസ്ഥ, കുഞ്ഞുങ്ങളെ ദുരുപയോഗിക്കുന്നവരുടെ കഴുകൻ കണ്ണുകൾ - ഇവ നമ്മുടെ കുരുന്നുകളുടെ ജീവിതം അപഹരിക്കുകയാണ്. പ്രായത്തോടൊപ്പം വിരിയേണ്ട അവരുടെ വൈകാരിക, ലൈംഗിക ജിജ്ഞാസകളും താത്പര്യങ്ങളും അറിവുകളും അനുഭവങ്ങളും വളരെ മുമ്പേതന്നെ ഉദ്ദീപിപ്പിക്കുന്ന ഇന്നത്തെ സാഹചര്യം മുതിർന്നവരായ നമ്മുടെ മുമ്പിലെ വെല്ലുവിളിയും കൃത്യമായ പ്രവൃത്തനങ്ങൾക്കുള്ള ചൂണ്ടുപലകയും ആവണം.

തിരുക്കുടുംബത്തിലെ ഉണ്ണിയായ യേശു വളർന്നുവന്നതുപോലെയാണോ ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾ വളരുന്നത്? പരിശുദ്ധ കന്യകാമറിയവും യൗസേപ്പിതാവും ദൈവഹിതം ആരാഞ്ഞ് അതിനടിയറവു പറഞ്ഞ് ദിവ്യശിശുവായ യേശുവിനെ ദൈവികദൗത്യത്തിനായി (മിസ്സിയോ ദേയി) വളർത്തിയതുപോലെയാണോ ഇന്ന് മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തുന്നത്? ക്രൈസ്തവ കുടുംബജീവിതം നയിക്കുന്ന നമ്മളോട് ദൈവവും കാലവും ചോദിക്കുന്ന ചോദ്യങ്ങളാണിവ.

പ്രേഷിതവർഷത്തിൽ കുഞ്ഞുങ്ങളെ യേശു വളർന്നതുപോലെ നാലുതലങ്ങളിൽ നമുക്ക് വളർത്തിയെടുക്കാം - ജ്ഞാനത്തിൽ, പ്രായത്തിൽ, ദൈവപ്രീതിയിൽ, മനുഷ്യപ്രീതിയിൽ. ഒന്നാമതായി, ജ്ഞാനത്തിൽ ഓരോ കുഞ്ഞും വളർന്നുവരണം. അത് ബുദ്ധിയല്ല, ജ്ഞാനമാണ്. അറിവല്ല, തിരിച്ചറിവാണ്. രണ്ടാമതായി, പ്രായത്തിൽ വളർന്നുവരണം. പ്രായം എന്നത് ശരീരത്തിന്റെ വളർച്ചമാത്രമല്ല. ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം കുഞ്ഞുവളരുന്നത് അപ്പംകൊണ്ട് മാത്രമല്ല, വചനങ്ങൾ കൊണ്ടും കൂടിയാണ്. അതിനാൽ കുഞ്ഞുമനസ്സുകൾ വചനത്തിനായി തുറക്കപ്പെടണം. മൂന്നാമതായി, കുഞ്ഞുങ്ങൾ ദൈവപ്രീതിയിൽ വളർന്നുവരണം. ശരീരത്തെ ദേവാലയമാക്കുന്നതാണ് ദൈവപ്രീതി. നാലാമതായി, ഓരോ കുഞ്ഞും മനുഷ്യപ്രീതിയിൽ വളർന്നുവരണം. ഒപ്പം നിൽക്കുന്നവരെ പ്രകാശിപ്പിക്കുന്ന മാനുഷികഗുണങ്ങളെ സ്വന്തമാക്കലാണത്. ഇപ്രകാരം കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്.

പ്രേഷിതമാനസാന്തരത്തിന്റെ ഈ അസുലഭ അവസരത്തിൽ കുഞ്ഞുങ്ങളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുകയാണ് പരമപ്രധാനമായ ദൗത്യം. "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ പറയുന്നത്, "ജീവിതത്തിലെ ഒരേ ഒരു ദുരന്തം വിശുദ്ധനാകാത്തതാണ്" (GE 34) എന്നാണ്. കുഞ്ഞുങ്ങളെയും നമ്മെയും അനു

ദിനം വിശുദ്ധരായി മാറ്റാൻ നാല് ആത്മീയ പാതകൾ തിരഞ്ഞെടുക്കണമെന്ന് ഫ്രാൻസിസ് പാപ്പ അസാധാരണ പ്രേഷിതമാസാചരണത്തിന്റെ അവസരത്തിൽ ആവശ്യപ്പെട്ടിരുന്നു. ഒന്ന്, എല്ലാ കുഞ്ഞുങ്ങളെയും ദൈവവചനത്തിലും ദിവ്യബലിയിലും പ്രാർത്ഥനകളിലും സജീവമായി പങ്കെടുപ്പിച്ച് അവരെ ക്രിസ്തുവിനെ കണ്ടുമുട്ടാൻ സഹായിക്കുക. രണ്ട്, ക്രിസ്തുസ്നേഹത്തെപ്രതി പ്രേഷിതവേലയ്ക്കു സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയസംസർഗം ശക്തിപ്പെടുത്തുക. ഇതുവഴി വിശുദ്ധരുടെ മാതൃകയും ചൈതന്യവും കുഞ്ഞുമനസ്സുകളെ സ്വാധീനിക്കാൻ കാരണമാകും. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണ്ണമായി സമർപ്പിക്കാനും പ്രേഷിത രൂപീകരണം നേടുക. ഈ പ്രേഷിത രൂപീകരണത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിക്കാനുള്ള ഏറ്റവും നല്ല കാലഘട്ടമാണ് ബാല്യം. നാല്, ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യുന്നതിന് കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. കുടുംബം ഇന്ന് കാരുണ്യത്തിന്റെ കരങ്ങൾ അവശർക്കും ആലംബഹീനർക്കുമായി നീട്ടേണ്ടത് കുരുന്നുകരങ്ങളിലൂടെയാണ്. സ്വാർത്ഥതയുടെ ഈ ലോകത്ത് പൗലോസപ്പസ്തോലൻ പറയുന്നതുപോലെ, "ഓരോരുത്തരും തങ്ങളുടെ കാര്യങ്ങൾ മാത്രം നോക്കിയാൽ പോര, മറ്റുള്ളവരെ തങ്ങളെക്കാൾ വിലപ്പെട്ടവരായി കരുതണം."

പ്രേഷിതവർഷത്തിലെ തിരുബാലസഖ്യദിനത്തിൽ "സ്നേഹത്തിന്റെ ആനന്ദ"ത്തിൽ ഫ്രാൻസിസ് പാപ്പാ നമ്മോട് ചോദിക്കുന്ന ചോദ്യം വിചിന്തനം ചെയ്യുന്നത് സമുചിതമാണ്. "എവിടെയാണ് നമ്മുടെ കുട്ടികൾ? അവരുടെ ആത്മാവിന്റെ സ്ഥിതി നമ്മൾ അറിയുന്നുണ്ടോ" (AL 261). പ്രേഷിതവർഷാചരണത്തിലൂടെ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സഹായിക്കുന്ന ഏതാനും നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിശ്വാസം പകർന്നു നല്കുന്ന പ്രഥമ അധ്യാപകർ മാതാപിതാക്കൾ ആണെന്ന് മനസ്സിലാക്കുക.
2. ധാർമ്മികപരിശീലനം മാതാപിതാക്കളുടെ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയുക.
3. നന്മയ്ക്കുവേണ്ടിയുള്ള ദാഹം കുട്ടികളിൽ ജനിപ്പിക്കുക.
4. വിശുദ്ധിയിൽ വളരാൻ കൊച്ചു കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുക.
5. കുടുംബങ്ങൾ ദൈവവിളിയുടെ വിളനിലങ്ങളാക്കുക.
6. ക്രിസ്തുവിനോടും വിശുദ്ധഗ്രന്ഥത്തോടുമുള്ള ആത്മബന്ധം ജനിപ്പിക്കുന്ന പ്രാർത്ഥനാവേളകൾ അനുദിനം കുടുംബങ്ങളിൽ ശീലമാക്കുക.
7. തകരുന്ന കുടുംബങ്ങളിൽ തകർന്നു പോകുന്നത് കുഞ്ഞുങ്ങളാണെന്ന സത്യം മനസ്സിലാക്കുക.
8. മാറുന്ന ലോകത്ത് മാറാത്ത ക്രൈസ്തവ മൂല്യങ്ങളെ മുറുകെ പിടിക്കാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുക.

9. വഴിതെറ്റിക്കുന്ന സാമൂഹ്യമാധ്യമങ്ങളിൽ നിന്നും വീഡിയോ ഗെയിമുകളിൽ നിന്നും സൈറ്റുകളിൽ നിന്നും അകലം പാലിക്കാൻ മക്കളെ ശീലിപ്പിക്കുക.
10. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലകളിലേക്കും കുട്ടികളെ കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുക.

കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാ ബാലകന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ആഴ്ചയിൽ ഒരു ദിവസം തിരുബാലസംഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഇടവകയിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നുനില്ക്കുവാൻ പ്രേരിപ്പിക്കുകയും പ്രേഷിത ചൈതന്യത്തിൽ വളർത്തുകയും ചെയ്യും. നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രിയ കുട്ടികളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗ്ഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായി വളരാൻ പ്രാർത്ഥിക്കുന്നു. പ്രാർത്ഥനാശംസകളോടെ,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025

NB: 2020 ഫെബ്രുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

*ഇടയലേഖനം 1/2020*

# നോമ്പുകാലം

**കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ തന്റെ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും ദൈവജനത്തിനുമായി എഴുതുന്നത്.**

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

അക്ഷയമാംവിധം ദിവ്യമായതെന്നു നാം വിശ്വസിക്കുന്ന സഭയുടെ രഹസ്യമാണ് വിശുദ്ധി. സ്നേഹത്തിന്റെ പൂർണ്ണതയിലെത്താൻ പ്രത്യേകമാംവിധം വിളിക്കപ്പെട്ടിട്ടുള്ള നമുക്ക് എല്ലാ പൂർണ്ണതയുടെയും ദൈവിക ഗുരുവും മാതൃകയുമായ ഈശോയെ പിഞ്ചെന്നുകൊണ്ട് പിതാവായ ദൈവത്തെപോലെ പരിപൂർണരാ കുവാൻ ആഹ്വാനം ചെയ്യുന്ന നോമ്പുകാലം ഒരിക്കൽകൂടി സമാഗതമാവുകയാണ്. മനുഷ്യരക്ഷയ്ക്കായ് തന്റെ ഏകജാതനെ നൽകുവാൻ തിരുമനസ്സായ പിതാവായ ദൈവത്തിന്റെ അനന്തസ്നേഹവും കാരുണ്യവും ധ്യാനിക്കുകയും രക്ഷണീയകർമ്മത്തിലെ പെസഹാരഹസ്യങ്ങളുടെ കേന്ദ്രബിന്ദുവായ പീഡാസഹനവും മരണവും ഉത്ഥാനവും ഒരിക്കൽകൂടി ജീവിക്കുവാനും നമ്മെ ക്ഷണിക്കുകയാണ് ഈ നോമ്പുകാലം. നിങ്ങളുടെ വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടതെന്ന പ്രവാചകന്റെ ആത്മനൊമ്പരം അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കുവാൻ നമ്മെ നിർബന്ധിക്കുന്ന ഈ നോമ്പുകാലം 'പിതാവേ, സ്വർഗ്ഗത്തിനെതിരായും നിനക്കെതി രായും പാപം ചെയ്തുപോയി, ഒരു ദാസനായി എന്നെ സ്വീകരിക്കണമേ' എന്ന് അനുതപിച്ചുകൊണ്ട് കുടുംബത്തിലേക്ക് തിരിച്ചുവന്ന ഇളയമകന്റെ മനോഭാവത്തോടെ ഈ അമ്പതു ദിവസങ്ങൾ നമുക്ക് ആചരിക്കാം.

കുടുംബവർഷാചരണത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ നോമ്പുകാലം നാം ആചരിക്കുന്നത്. ആധുനിക സമൂഹ ത്തിൽ കുടുംബം നേരിടുന്ന അജപാലന വെല്ലുവിളികൾ ആഴത്തിൽ മനസ്സിലാക്കി കുടുംബം സംബന്ധിച്ച ദൈവിക പദ്ധതിയും സഭാ പ്രബോധനങ്ങളും ഉൾക്കൊണ്ടുകൊണ്ട് നാം വിഭാവനം ചെയ്തി ട്ടുള്ള കുടുംബപ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽ സജീവവും ക്രിയാത്മകവും ആയി

ക്രമീകരിക്കുവാൻ ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം. ക്രൈസ്തവ വിശ്വാസത്തിന്റെ കൈമാറ്റത്തിനുള്ള അഭിവാജ്യ ഘടകമാണ് കുടുംബം എന്ന് തിരിച്ചറിഞ്ഞ്, കുടുംബ ജീവിതത്തിന്റെ ഉത്തരവാദിത്തങ്ങൾ അടുത്തറിയാൻ ഈ നോമ്പു കാലത്ത് നമുക്ക് കഴിയട്ടെ. ഇതിനായി നാം തിരുകുടുംബത്തിലേക്ക് ശ്രദ്ധതിരിക്കുകയും അവിടെ പിതാവായ യൗസേപ്പും മാതാവായ മറിയവും തങ്ങൾക്ക് ദൈവം ദാനമായി നല്കിയ തിരുസുതനെ, അതായത് സഭയെ, സംരക്ഷിക്കുവാൻ ചെയ്ത ആത്മസർപ്പണം മാതൃകയാക്കുകയും ചെയ്യാം. ദൈവിക പദ്ധതികൾക്ക് സമ്പൂർണ്ണ മായി സമർപ്പിച്ച വി. യൗസേപ്പിതാവും പെസഹാരഹസ്യങ്ങൾ ആഴത്തിൽ തിരിച്ചറിഞ്ഞ് എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച പരിശുദ്ധ കന്യകാമറിയവും മാതാപിതാക്കൾക്ക് വിധേയനായി ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന യേശുവും നല്കുന്ന മാതൃക ഓരോ കുടുംബത്തി ന്റെയും വിളക്കും പ്രകാശവുമായിരിക്കണം.

വിശുദ്ധിയിലേക്ക് പ്രയാണം ചെയ്യുന്ന ഓരോ കുടുംബത്തിനും ഉത്തമ മാതൃകയാണ് പഴയ നിയമത്തിലെ തോബിത്തിന്റെ കുടുംബം. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് നോമ്പുകാലത്ത് ഈ പുസ്തകം വായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വിശ്വാസത്തിന്റെയും സുകൃതജീവിതത്തിന്റെയും ദാമ്പത്യവിശ്വസ്തതയുടെയും പുത്ര സ്നേഹത്തിന്റെയും മാതൃകയാണ് തോബിത്ത്. അതോടൊപ്പം ദരിദ്രരോടും മരിച്ചവരോടും കാരുണ്യം കാണിക്കുന്ന ഓരോ കുടുംബ ത്തെയും ദൈവം അനുസ്മരിക്കുമെന്നും തക്കതായ പ്രതിഫലം നൽകുമെന്നും നമ്മെ പഠിപ്പിക്കുന്നു. അനുദിന ജീവിതത്തിൽ ഓരോ കുടുംബവും അഭിമുഖീകരിക്കുന്ന ചെറുതും വലുതുമായ പ്രതിസന്ധി കളിൽ നഷ്ടധൈര്യരാകാതെ 'തന്റെ പ്രിയപ്പെട്ടവർ ഉറങ്ങുമ്പോഴും അവർക്ക് വേണ്ടതെല്ലാം നല്കുന്ന' ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിക്കുവാൻ തോബിത്ത് നമ്മെ പഠിപ്പിക്കുന്നു. ദൈവഭക്തനും നിയമം പാലിക്കുന്നവനും ഉദാരമതിയും പരസ്നേഹപ്രവൃത്തികളിൽ വ്യാപൃതനുമായിരുന്ന തോബിത്ത് അനുഭവിക്കുന്ന തിക്താനുഭവ ങ്ങൾ കുടുംബജീവിതത്തിൽ കണ്ടുമുട്ടുമ്പോൾ നാം പ്രത്യാശ നഷ്ടപ്പെട്ടവരാകാം. പരസ്നേഹ ശുശ്രൂഷകളുടെ മദ്ധ്യേ അന്ധനാ യിത്തീർന്ന തോബിത്ത് കയ്പു നിറഞ്ഞ തന്റെ ജീവിതസാഹചര്യ ങ്ങളിൽപോലും ദൈവത്തെ ഉപേക്ഷിക്കുന്നില്ല എന്ന തിരിച്ചറിവ് നമുക്കും ഉണ്ടാകണം. കടുത്ത പരീക്ഷണങ്ങൾക്കു നടുവിലും ദൈവം തന്റെ വിശ്വസ്തദാസർക്കു സംരക്ഷണം നല്കും എന്ന് തോബി ത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. തോബിത്തിനെപ്പോലെ "ഞാൻ തോബിത്ത്,

ജീവിതകാലമത്രയും സത്യത്തിന്റെയും നീതിയുടെയും മാർഗത്തിൽ ചരിച്ചു. തടവുകാരനായി നിനവേയിൽ എത്തിയപ്പോൾ എന്റെ സഹോദരന്മാരും ചാർച്ചക്കാരും വിജാതിയ രോടൊപ്പം ഇടകലർന്ന് വിശ്വാസം ത്യജിച്ച്, വിഗ്രഹങ്ങൾക്ക് ബലിയർപ്പിച്ച് അവരുടെ ആചാരങ്ങളിൽ മുഴുകി. എന്നാൽ ഞാൻ അങ്ങനെ ചെയ്തില്ല. കാരണം, ദൈവത്തെക്കുറിച്ചുള്ള ഓർമ്മ എന്റെ മനസ്സിൽ നിറഞ്ഞു നിന്നിരുന്നതിനാൽ ഞാൻ പാപം ചെയ്തില്ല" എന്ന് പറയാൻ നമുക്കോരോരുത്തർക്കും സാധിക്കണം. ആത്മപരി ശോധന ചെയ്ത് ഇപ്രകാരം ആത്മാർത്ഥമായി പറയുവാൻ നമുക്കു സാധിക്കുമോ? 'ദൈവത്തെകുറിച്ചുള്ള ഓർമ്മ നിറഞ്ഞു നിന്നതിനാൽ ഞാൻ പാപം ചെയ്തില്ല' എന്ന്?

പഴയനിയമത്തിൽ ദൈവസ്നേഹത്തിനുവേണ്ടി എല്ലാം സമർപ്പിച്ച തോബിത്തിന്റെ നന്മ നിറഞ്ഞ കുടുംബമാണ് നാം വായിക്കുന്നതെങ്കിൽ 19–ാം നൂറ്റാണ്ടിൽ വിശ്വാസത്തിനുവേണ്ടി ജീവിച്ച സഭയിലെ ആദ്യത്തെ വിശുദ്ധ മാതാപിതാക്കളുടെ ജീവിത മാണ് ഈ നോമ്പുകാലത്ത് നാം പഠിക്കുക. വേദപാരംഗതയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ മാതാപിതാക്കളായ വി. ലൂയി മാർട്ടിനും സെലിൻ ഗ്വരിനും. 1877 ൽ വിശുദ്ധ സെലിനും 1894 ൽ വി. മാർട്ടിനും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 21–ാം നൂറ്റാണ്ടിൽ ഒരു കുടുംബത്തിൽ നാം കണ്ടുമുട്ടുന്ന എല്ലാ പ്രതിബന്ധങ്ങളും വി. മാർട്ടിൻ-സെലിൻ ദമ്പതികളും അഭിമുഖീകരിച്ചിരുന്നു. ചെറിയ കച്ചവടത്തിൽ നിന്ന് ലഭിച്ച തുച്ഛമായ വരുമാനംകൊണ്ട് 9 മക്കൾ അടങ്ങിയ വലിയ കുടുംബത്തിന്റെ ചിലവുകൾ കണ്ടെത്തണ മായിരുന്നു. കഷ്ടപ്പാടുകൾ ഒന്നിനുപുറകെ ഒന്നായി കടന്നുവന്നു. യുദ്ധകാലത്ത് 9 പട്ടാളക്കാർക്ക് വീട്ടിൽ അഭയം നല്കി. നാലു കുട്ടിക ളുടെ മരണം, സെലിന്റെ പന്ത്രണ്ടു വർഷത്തെ കാൻസർ രോഗത്തി നുള്ള ചികിത്സയ്ക്കുശേഷമുള്ള അപ്രതീക്ഷിത വേർപാട്, മറ്റൊരു സ്ഥലത്തേക്കുള്ള കുടിയേറ്റം, പറക്കമുറ്റാത്ത അഞ്ചു പെൺകുട്ടികളെ വളർത്തൽ, ചെയ്തുകൊണ്ടിരുന്ന വ്യാപരത്തിന്റെ തകർച്ച, പിതാവ് ലൂയിയുടെ കടുത്ത രോഗങ്ങൾ. ഈ പ്രതിസന്ധികളുടെ നടുവിലും കുഞ്ഞുങ്ങളെ വിശുദ്ധിയിൽ വളർത്തി കുടുംബത്തിൽ എപ്പോഴും പ്രാർത്ഥനാ അന്തരീക്ഷം നിലനിർത്തി, വൃദ്ധരായ മാതാപിതാക്കളെ സ്നേഹത്തോടെ ശുശ്രൂഷിച്ച്, കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നല്കി, ദിവസവും ദിവ്യബലിയിൽ പങ്കെടുത്ത്, ഇടവകയിലെ അജപാലന ശുശ്രൂഷകളിൽ ഭക്തരായ കത്തോലിക്കരുടെ മുൻനിരയിൽ നിന്നു പ്രവർത്തിച്ച്, പാവങ്ങളിൽ ഈശോയുടെ മുഖം ദർശിച്ച് സത്യത്തിനും നീതിക്കുവേണ്ടി ജീവിച്ചു. സുഖത്തിലും ദുഃഖത്തിലും സന്തോഷ ത്തിലും സന്താപത്തിലും സമ്പത്തിലും ദാരിദ്രത്തിലും അവർ ഏകമന സ്സോടെ സ്വന്തം നിസ്സഹായ അവസ്ഥ

മനസ്സിലാക്കി സർവശക്തനായ ദൈവത്തിൽ ആശ്രയിച്ചു. നിരീശ്വര പ്രസ്ഥാനങ്ങളും ദൈവനിഷേധ തത്വസംഹിതകളും സഭാവിരോധ പ്രവർത്തനങ്ങളും കൊടികുത്തി വാണ ഒരു കാലഘട്ടത്തിൽ അവയുടെ പുഴുക്കുത്തുകൾ ഒന്നും ഏൽക്കാതെ ദൈവസ്നേഹത്തിൽ ആഴപ്പെട്ട് ആ സ്നേഹത്തിൽ അഞ്ചു കുഞ്ഞുങ്ങളെയും വളർത്തിയ ആ മാതാപിതാക്കൾ ഈ കാലഘട്ടത്തിൽ നമുക്ക് ഉത്തമ മാതൃകയാണ്. ദൈവം നല്കിയ മക്കളെ അഞ്ചുപേരെയും തന്റെ ശുശ്രൂഷക്കായി വിളിക്കുകയും അതിൽ ഒരാളെ വേദപാരംഗതയുടെ പദവിയിലേക്ക് ഉയർത്തികൊണ്ട് ആ കുടുംബത്തെ ദൈവം ബഹുമാനിച്ചത് നിസ്സാരമായി കണക്കാ ക്കാൻ സാധിക്കുമോ? ലിസ്യൂവിലെ ഈ ദമ്പതികളുടെ കബറിടത്തിൽ വേദപാരംഗതയായ മകൾ കൊച്ചുത്രേസ്യ തന്റെ മാതാപിതാക്കളെ കുറിച്ച് നവമാലികയിൽ വിലയിരുത്തിയ വാക്കുകൾ രേഖപ്പെടുത്തി യിട്ടുണ്ട്: "ഭൂമിയേക്കാൾ സ്വർഗ്ഗത്തിനു അനുയോജ്യരായ മാതാവിനെ യും പിതാവിനെയും ദൈവം എനിക്കു തന്നു". ഈ നോമ്പുകാലത്ത് വി. കൊച്ചുത്രേസ്യയുടെ ആത്മകഥയായ നവമാലികയിലെ ആദ്യ ത്തെ എഴ് അദ്ധ്യായങ്ങൾ കുടുംബാംഗങ്ങൾ ഒരുമിച്ച് വായിക്കണ മെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നോമ്പുകാലത്ത് പ്രാർത്ഥന, ഉപവാസം, മത്സ്യ-മാംസ വർജ്ജനം, ദാനധർമ്മം മുതലായ പ്രവൃത്തികളിലൂടെ നമ്മുടെ ആത്മീയ ജീവിതത്തെ ശക്തിപ്പെടുത്താം. എല്ലാ ദിവസവും ദിവ്യബലിയിൽ പങ്കെടുക്കുവാൻ പരിശ്രമിക്കണം. സന്ധ്യാപ്രാർത്ഥ നയോടൊപ്പം ബൈബിളിൽ നിന്ന് ഏറ്റവും കുറഞ്ഞത് ഒരദ്ധ്യായ മെങ്കിലും വായിക്കണം. 41-ാം സങ്കീർത്തനം പഠിപ്പിക്കുന്നു, "ദരിദ്ര രോട് ദയ കാണിക്കുന്നവൻ ഭാഗ്യവാൻ, കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും. കർത്താവ് അവനെ പരിപാലിക്കു കയും അവന്റെ ജീവൻ സംരക്ഷിക്കുകയും ചെയ്യും. അവൻ ഭൂമിയിൽ അനുഗൃഹീതനായിരിക്കും. അവിടുന്ന് അവനെ ശത്രുക്കൾക്ക് വിട്ടുകൊടുക്കുകയില്ല. കർത്താവ് അവന് രോഗശാന്തി നല്കും. ദശാംശം നല്കുന്നവരെ ദൈവം ധാരാളമായി അനുഗ്രഹിക്കും".

വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ വാക്കുകളോടെ ഈ ഇടയലേഖനം ഞാൻ അവസാനിപ്പിക്കുന്നു. "സഭയുടെ മാതാവായ കന്യകാമറിയം 'ഭവനസഭ'യുടെയും അമ്മയായിരിക്കട്ടെ. അവളുടെ മാതൃസഹജമായ സഹായം നിമിത്തം ഓരോ ക്രൈസ്തവ കുടുംബവും യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ സഭയുടെ രഹസ്യത്തെ പ്രതിഫലിപ്പിക്കുകും അതിനു പുതുജീവൻ നല്കുന്ന ഒരു 'ചെറുസഭ'യായിത്തീരട്ടെ. കർത്താവിന്റെ ദാസിയായ അവൾ ദൈവതിരുമനസ്സിനെ വിനീതവും ഉദാരവുമായി അനുസരിക്കു ന്നതിൽ മാതൃകയായിരിക്കട്ടെ. കുരിശിൻ ചുവട്ടിലെ

ദുഃഖപൂർണ്ണയായ അമ്മ തങ്ങളുടെ കുടുംബക്ലേശം നിമിത്തം ദുരിതമനുഭവിക്കുന്നവരുടെ വേദനകളിൽ സാന്ത്വനം പകരുകയും അവരുടെ കണ്ണുനീർ തുടച്ചു നീക്കുകയും ചെയ്യട്ടെ." (F.C. 85).

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും+ നിങ്ങളെല്ലാവരോടും കൂടെയുണ്ടായിരിക്കട്ടെ. ആമ്മേൻ.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ ഇടയലേഖനം 2020 ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

Prot. No. 0053/2019

# സിനഡ് അനന്തര സർക്കുലർ

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ 28-ാമതു സിനഡ് സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജനുവരി 10 മുതൽ 15 വരെ നടന്ന വിവരം നിങ്ങൾക്കറിയാമല്ലോ. തീക്ഷ്ണമായ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും സിനഡിന്റെ വിജയത്തിനായി സഹായിച്ച എല്ലാവരെയും ഞാൻ നന്ദിയോടെ ഓർമ്മിക്കുന്നു. മൂന്നു ദിവസം നീണ്ട ഒരുക്ക ധ്യാനത്തിനു ശേഷമാണ് പിതാക്കന്മാർ സിനഡിലേയ്ക്ക് പ്രവേശിച്ചത്. സിനഡിന്റെ പ്രാരംഭത്തിൽ ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ജാൻബത്തീസ്ത ദി ക്വാത്രോ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. നമ്മുടെ സഭയിലെ 64 മെത്രാന്മാരിൽ 57 പേർ സിനഡിൽ സംബന്ധിച്ചു. സഭയെയും നമ്മുടെ നാടിനെയും

സംബന്ധിക്കുന്ന ഒട്ടനവധി വിഷയങ്ങളിൽ സിനഡ് ക്രിയാത്മകമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

### 1. കാർഷികരംഗം

കേരളത്തിലെ കാർഷികരംഗം ഗുരുതരമായ പ്രതിസന്ധികളി ലൂടെയാണ് കടന്നു പോകുന്നത്. കാർഷികോൽപന്നങ്ങളുടെ വിലത്തകർച്ചമൂലം കർഷകകുടുംബങ്ങൾ ഉപജീവനത്തിന് വകയില്ലാതെ ഉഴലുകയാണ്. തുടർച്ചയായുണ്ടായ രണ്ട് പ്രളയങ്ങൾ കേരളത്തിലെ കർഷകരെ ദുരിതക്കയത്തിൽ ആഴ്ത്തിയിരിക്കുകയാണ്. വന്യമൃഗ ങ്ങൾ കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിട്ട് കാലമേ റെയായി. കർഷകർ അനുഭവിക്കുന്ന ദുരവസ്ഥ പരിഹരിക്കാനായി പൊതുസമൂഹവുമായി ചേർന്ന് സഭ സജീവമായി രംഗത്തിറങ്ങണമെന്ന് സിനഡ് തീരുമാനിച്ചു. കർഷകരുടെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ കർഷകരുടെ മഹാസംഗമങ്ങൾ നടത്തിയ രൂപതകളെ സിനഡ് അഭിനന്ദിച്ചു.

കർഷക പെൻഷൻ പ്രതിമാസം പതിനായിരം രൂപയായി ഉയർ ത്തുക, കാർഷിക കടങ്ങൾ എഴുതിതള്ളുക, വന്യമൃഗങ്ങളെ വനാതിർ ത്തിക്കുള്ളിൽ നിലനിർത്താൻ ആവശ്യമായ നടപടികളെടുക്കുക, സർക്കാർ സത്വരമായി ഇടപെടുക, കാർഷിക ഉൽപന്നങ്ങൾക്ക് ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശം അനുസരിച്ച് താങ്ങു വില നിശ്ചയിക്കുക, കാർഷിക ജോലികൾ ദേശീയ തൊഴി ലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് കർഷകർ സർക്കാരിന് മുമ്പിൽ വയ്ക്കുന്നത്. കർഷകരുടെ തികച്ചും ന്യായമായ ഈ ആവശ്യങ്ങ ളോട് ഉദാരപൂർണമായ സമീപനം സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമെന്ന് സിനഡ് പ്രത്യാശിക്കുകയാണ്. തന്റെ ജനത്തിന്റെ ക്ലേശങ്ങൾ കാണുകയും അവരുടെ രോദനം കേൾക്കുകയും ചെയ്യുന്ന ദൈവം (പുറ 3:7) നല്ല കാലാവസ്ഥയും സമൃദ്ധിയും നൽകി നമ്മുടെ കർഷകരെ അനുഗ്രഹിക്കാനായി നമുക്ക് പ്രാർ ത്ഥിക്കാം.

### 2. പൗരത്വ ഭേദഗതി നിയമം

പൗരത്വഭേദഗതി നിയമത്തെക്കുറിച്ച് രാജ്യത്ത് നിലവിലുള്ള ആശങ്കകളും അസ്വസ്ഥതകളും പരിഹരിക്കാൻ തയ്യാറാകണമെന്ന് സിനഡ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. ഭാരതത്തിന്റെ പവിത്രമായ ഭരണഘടന അവികലമായി പരിരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്താൻ നിയമനിർമ്മാതാക്കൾ ശ്രദ്ധിക്കണം. ഭരണഘടന യുടെ അടിസ്ഥാന മൂല്യങ്ങളിലൊന്നായ മതേതരത്വം ഈ നിയമംമൂലം സംശയത്തിന്റെ ദൃഷ്ടിയിൽ നിൽക്കാൻ ഇടവരരുത്. തിരിച്ചുപോകാൻ ഇടമില്ലാത്ത വിധം രാജ്യത്തുള്ള

അഭയാർഥികളെ മത പരിഗണന കൂടാതെ സ്വീകരിക്കാനും പൗരത്വം നൽകാനും സർക്കാർ തയ്യാറാകണം എന്നതാണ് സഭയുടെ നിലപാട്. പുതുതായി പൗരത്വം നല്കുന്നവരെ പുനരധിവസി പ്പിക്കുമ്പോൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ സാംസ്കാരിക പൈതൃകത്തെ കൂടി സർക്കാർ പരിഗണിക്കണം. അഭയാർത്ഥികളിൽ ചിലരെ മതാടിസ്ഥാനത്തിൽ വേർതിരിക്കാനും പൗരത്വം നിഷേധിച്ച് സ്ഥിരമായി അഭയാർത്ഥിക്യാമ്പുകളിൽ പാർപ്പിക്കാനുമുള്ള നീക്കം ഉപേക്ഷിക്കണം. ഇക്കാര്യത്തി ലുള്ള സർക്കാരിന്റെ നിലപാടിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. സർക്കാർ നിയമങ്ങളെ എതിർക്കാൻ അക്രമമാർഗങ്ങൾ സ്വീകരിക്കുന്നതും ജനകീയസമരങ്ങളെ ക്രൂരമായി അടിച്ചമർത്തി നിശബ്ദമാക്കാൻ ശ്രമിക്കുന്നതും ഒരു പോലെ അധാർമികമാണ്. ഭാരതം എന്ന മഹത്തായ രാജ്യത്ത് മതേതരത്വവും തുല്യനീതിയും നടപ്പിലാകുന്നുണ്ടെന്ന് ഓരോ പൗരനെയും ബോധ്യപ്പെ ടുത്താൻ ഭരണകൂടത്തിന് ഉത്തരവാദിത്വമുണ്ട്.

### 3. ന്യൂനപക്ഷക്ഷേമ പദ്ധതികളിലെ വിവേചനം

ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർതല ത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ക്രൈസ്തവർ വിവേചനം അനുഭവിക്കുന്ന തായി സിനഡ് വിലയിരുത്തി. നിയമപരമായി തന്നെ കേരളത്തിലെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചിലവിടുന്ന തുകയുടെ 80% ഒരു ന്യൂനപക്ഷ വിഭാഗത്തിനു മാത്രമായി സംവരണം ചെയ്തിരി ക്കുകയാണ്. ശേഷിക്കുന്ന 20% ആണ് ന്യൂനപക്ഷങ്ങളിലെ മറ്റ് 5 വിഭാഗങ്ങൾക്കുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഈ അനീതി പരിഹരിച്ച് ജനസംഖ്യാനുപാതി കമായി ന്യൂനപക്ഷ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.

വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന കേന്ദ്രങ്ങളായി 45-ൽ പരം സെന്ററുകൾ സർക്കാർ ചിലവിൽ ന്യൂനപക്ഷ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും നീതിപൂർവ്വകമായി വിഭജിച്ച് നൽകാൻ സർക്കാർ തയ്യാറാകണം. കൂടാതെ ജില്ലാതല ന്യൂനപക്ഷ കോർഡിനേഷൻ കമ്മിറ്റികളിലെ അംഗങ്ങളിൽ ക്രൈസ്തവപ്രാതിനിധ്യം നാമമാത്രമായി ചുരുക്കിയത് നീതിപൂർവ്വമാണോ എന്ന് വിലയിരുത്തേണ്ടതും സർക്കാരാണ്.

### 4. മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാരുടെ സംവരണം.

സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് (ഇ.ഡബ്യു.എസ്.) സർക്കാർ സർവീസിലും ഉന്നത വിദ്യാഭ്യാസരംഗത്തും 10 ശതമാനം സംവരണം എന്ന കേന്ദ്രനിയമം നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന മന്ത്രിസഭ കൈക്കൊണ്ട തീരുമാനത്തെ സിനഡ് സ്വാഗതം ചെയ്യുന്നു. സർക്കാർ സർവ്വീസു കളിൽ സംവരണേതര ക്രൈസ്തവ വിഭാഗങ്ങൾ പുറന്തള്ളപ്പെട്ടു കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ അവസ്ഥയിൽ പ്രത്യാശയ്ക്ക് വക നൽകുന്ന നടപടിയാണിത്.

എന്നാൽ, സംവരണത്തിനു മാനദണ്ഡമായി കേന്ദ്രസർക്കാർ നിശ്ചയിച്ച

ഭൂപരിധി സംസ്ഥാനസർക്കാർ പുനർനിർണ്ണയിച്ചത് അനീതിപരമാണെന്ന് സിനഡ് വിലയിരുത്തി. ഭൂപരിധി സംബന്ധിച്ച കേന്ദ്രമാനദണ്ഡമായ 5 ഏക്കറിൽ നിന്ന് 2.5 ഏക്കർ ആയി സംസ്ഥാന ഗവൺമെന്റ് കുറച്ചിരിക്കുകയാണ്. ഇതിനോടകം സാമ്പത്തിക സംവരണം നടപ്പിലാക്കിയ ഒരു സംസ്ഥാനവും കൃഷി ഭൂമിയുടെ അളവ് കേന്ദ്ര മാനദണ്ഡത്തിൽ നിന്ന് താഴ്ത്തി നിശ്ചയിച്ചിട്ടില്ല എന്നിരിക്കെ കേരളം മാത്രം ഭൂപരിധി വെട്ടിക്കുറച്ചത് സർക്കാർ പുന: പരിശോധിക്കേണ്ടതാണ്.

കെ.എ.എസ്. ഉൾപ്പടെ പി.എസ്.സി. ഇപ്പോൾ അപേക്ഷ ക്ഷണി ച്ചിരിക്കുന്ന തസ്തികകൾക്കുകൂടി ബാധകമാകത്തക്ക വിധത്തിൽ മുൻകാലപ്രാബല്യത്തോടെ സംസ്ഥാനത്ത് 10 ശതമാനം ഇ.ഡബ്ല്യു. എസ്. സംവരണം നടപ്പിൽ വരുത്തുന്നതിനുള്ള തീരുമാനം ഉണ്ടാക ണമെന്ന് സിനഡ് സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെടുന്നു.

### 5. ക്രൈസ്തവർക്കെതിരായ അക്രമങ്ങൾ

ആഗോള തലത്തിൽ ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന പീഡനങ്ങളിൽ സിനഡു പിതാക്കന്മാർ ആശങ്ക രേഖപ്പെടുത്തി. ക്രിസ്തുമസ് നാളിൽ നൈജീരിയായിൽ നടന്ന ക്രിസ്ത്യൻ കൂട്ടക്കു രുതി മനുഷ്യ മനസ്സാക്ഷിയെ നടുക്കുന്നതായിരുന്നു. പ്രണയക്കുരു ക്കിൽപെട്ട് കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും ക്രിസ്ത്യൻ പെൺകുട്ടികൾ കൊല്ലപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണേ ണ്ടതാണ്.

മതസൗഹാർദ്ദത്തെയും സാമൂഹിക സമാധാനത്തെയും അപകടപ്പെടുത്തുന്ന രീതിയിൽ ദുരുദ്ദേശപരമായ മതാന്തരപ്രണ യങ്ങൾ കേരളത്തിൽ വർദ്ധിച്ചു വരുന്നത് ആശങ്കാജനകമാണ്. ക്രിസ്ത്യൻ പെൺകുട്ടികളെ ലക്ഷ്യമാക്കി ആസൂത്രിതമായ തോതിൽ ഇത്തരം നീക്കങ്ങൾ നടക്കുന്നു എന്നത് വസ്തുതയാണ്. കേരളത്തിൽ നിന്ന് ഐ.എസ്. ഭീകര സംഘടനയിലേക്ക് പോലും ക്രിസ്ത്യൻ പെൺകുട്ടികൾ റിക്രൂട്ട് ചെയ്യപ്പെട്ടു എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേ ണ്ടതാണ്.

മതങ്ങൾ തമ്മിലുള്ള സൗഹൃദത്തെ ബാധിക്കുന്ന തരത്തിൽ ഇത്തരം പ്രണയബന്ധങ്ങളെ ആരും മനസിലാക്കരുത്. ഈ വിഷയത്തെ മതപരമായി മനസ്സിലാക്കാതെ സമൂഹത്തെ ദോഷകരമായി ബാധിക്കുന്നക്രമസമാധാന പ്രശ്നമായോ ഭീകരവാദപ്രവർത്ത നമായോ മനസ്സിലാക്കി നിയമപാലകർ സത്വര നടപടി എടുക്കണമെന്ന് സിനഡ് ആവശ്യപ്പെടുന്നു. ഈ വിഷയത്തിന്റെ അപകടങ്ങളെക്കുറിച്ച് രക്ഷകർത്താക്കളെയും കുട്ടികളെയും ഒരുപോലെ ബോധവൽക്കരിക്കാൻ ഉള്ള ശ്രമങ്ങൾ ആരംഭിക്കണമെന്നും സിനഡ് തീരുമാനിച്ചു.

### 6. ആരാധനാക്രമം

1989-ൽ നടപ്പിലാക്കിയ സീറോ മലബാർ കുർബാനക്രമത്തിന്റെ പരിഷ്കരണം സഭയുടെ ചിരകാല ആഗ്രഹമായിരുന്നു. നമ്മുടെ സഭയുടെ

കുർബാനക്രമത്തിന്റെ നവീകരണത്തക്കുറിച്ച് സിനഡ് പിതാക്കന്മാർ വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. വിവിധ രൂപതകളിൽനിന്നു ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ സഭയുടെ കേന്ദ്ര ലിറ്റർജി കമ്മീഷനും പ്രത്യേക ആരാധനക്രമ സമിതിയും വിശദമായി പഠിച്ചു തയ്യാറാക്കിയ പരിഷ്കരിച്ച കുർബാനക്രമമാണ് സിനഡിൽ ചർച്ച ചെയ്യപ്പെട്ടത്. പ്രാർത്ഥനയിലും പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിലും വിശദമായ ചർച്ചകൾക്കും ആഴമായ വിചിന്ത നങ്ങൾക്കുംശേഷം നമ്മുടെ കുർബാനയുടെ പരിഷ്കരിച്ച ക്രമം സിനഡ് പിതാക്കന്മാർ ഐകകണ്ഠ്യേന അംഗീകരിച്ചു. പരിഷ്കരിച്ച കുർബാനക്രമം പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. മാർപ്പാപ്പയുടെ അംഗീകാരത്തോടെ പരിഷ് കരിച്ച കുർബാനക്രമം നമ്മുടെ സഭയിൽ നടപ്പിൽ വരുന്നതാണ്.

വി. കുർബാനയുടെ അർപ്പണ രീതിയിലുള്ള ഏകീകരണം എന്ന ലക്ഷ്യത്തോടെ 1999 നവംബർ മാസത്തിലെ സിനഡിൽ ഐക്യ കണ്ഠ്യേന എടുത്ത തീരുമാനമാണ് സിനഡിന്റെ ഔദ്യോഗിക നിലപാട്. വിശുദ്ധ കുർബാന അർപ്പണ രീതിയിൽ ഐക്യം ഉണ്ടാകേ ണ്ടതിന്റെ ആവശ്യകത സിനഡ് ഊന്നി പറയുകയും ഐക്യത്തി ലേയ്ക്ക് നീങ്ങാൻ എല്ലാവരെയും ആഹ്വാനം ചെയ്യുകയും ചെയ്തു. അൾത്താരയിലെ ഒരുമയാണ് സഭയുടെ ഐക്യത്തിന്റെ അടി സ്ഥാനം എന്ന ബനഡിക്റ്റ് മാർപ്പാപ്പയുടെ ചിന്ത നമുക്ക് മാർഗ്ഗ ദർശ നമാകട്ടെ. നാം ആശീർവദിക്കുന്ന പാനപാത്രവും നാം മുറിക്കുന്ന അപ്പവും നമ്മെ കർത്താവിന്റെ ശരീരമായ സഭയുടെ കൂട്ടായ്മയിൽ ഒരുമിപ്പിക്കുകയാണ് ചെയ്യുന്നത് (1 കോറി 10:16) എന്ന സത്യം നമുക്ക് വിസ്മരിക്കാതിരിക്കാം.

### 7. നന്ദി, അഭിനന്ദനങ്ങൾ

കാഞ്ഞിരപ്പള്ളി രൂപതയുടെ അദ്ധ്യക്ഷനായി 18 വർഷക്കാലം രൂപതയെ മാതൃകാപരമായി നയിച്ച അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് 75 വയസ്സ് പൂർത്തിയായതിനെ തുടർന്ന് രൂപതാ ഭരണത്തിൽ നിന്ന് വിരമിക്കുകയാണ്. പിതാവിന്റെ നിസ്തുലങ്ങളായ സേവനങ്ങളെയും ദീർഘവീക്ഷണത്തോടെയുള്ള നേതൃത്വത്തെയും സഭ മുഴുവനോടുമുള്ള കരുതലിനെയും ഏറെ നന്ദിയോടെ അനുസ്മരി ക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാനായിരുന്ന മാർ ജോസ് പുളിക്കൽ പിതാവിനെയാണ് അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ പിൻഗാമിയായി സിനഡ് തിരഞ്ഞെടുത്തിരിക്കുന്നത്. പുതിയ ദൗത്യത്തിൽ അഭിവന്ദ്യ പിതാവിനും കാഞ്ഞിരപ്പള്ളി രൂപതയ്ക്കും എല്ലാ നന്മകളും ആശംസിക്കുന്നു. പാലക്കാട് രൂപതയുടെ സഹായ മെത്രാനായി ഫാ. പീറ്റർ കൊച്ചുപുരയ്ക്കലിനെ സിനഡ് തിരഞ്ഞെടുത്തു. നിയുക്ത സഹായമെത്രാനും രൂപതാദ്ധ്യക്ഷ നായ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും പാലക്കാട് രൂപതയ്ക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

2019 ആഗസ്റ്റ് മാസത്തിലെ സിനഡിന്റെ തീരുമാനപ്രകാരം മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി എറണാകുളം-അങ്കമാലി അതിരൂപത യിൽ നിയമിതനായ ആർച്ചുബിഷപ്പ് മാർ ആന്റണി കരിയിൽ അതിരൂപത യുടെ ഇപ്പോഴത്തെ അജപാലനപ്രവർത്തനങ്ങളെക്കുറിച്ച് സിനഡിനെ അറിയിച്ചു. പിതാവ് അറിയിച്ച കാര്യങ്ങളെക്കുറിച്ച് സിനഡ് വിശദമായി ചർച്ച ചെയ്തു. മാർ ആന്റണി കരിയിൽ പിതാവ് അതിരൂപതയിൽ ചെയ്യുന്ന സേവനങ്ങളെയും അദ്ദേഹത്തിന്റെ അജപാലന ശൈലിയെയും സിനഡു പിതാക്കന്മാർ അഭിനന്ദിച്ചു.

### ഉപസംഹാരം

നമ്മുടെ സഭയ്ക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി കർത്താവിന്റെ മനസിലുണ്ട് എന്ന് നമുക്ക് തിരിച്ചറിയാം (ജെറ 29 :11) നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യം നമുക്ക് കൂട്ടായിരിക്കട്ടെ.

സ്നേഹാശംസകളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജനുവരി മാസം 15-ാം തീയതി നൽകപ്പെട്ടത്.

# പരിശുദ്ധ മാർപാപ്പായുടെ സന്ദേശം

## ഇരുപത്തിയെട്ടാം ലോകരോഗീ ദിനാചരണം - 2020

"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11:28)

പ്രിയ സഹോദരീസഹോദരന്മാരേ,

1. "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11:28) എന്ന യേശുവിന്റെ വാക്കുകൾ കൃപാവരത്തിന്റെ നിഗൂഢാത്മകമായ പാത ചൂണ്ടിക്കാണിക്കുന്നു. ആ പാത ലളിത ഹൃദയമുള്ളവർക്ക് വെളിവാക്കപ്പെട്ടതാണ്. അത് ക്ലേശിതരും ക്ഷീണിതരുമായവർക്ക് പുതിയ ശക്തി നല്കുന്നു.

ക്രിസ്തുവിന്റെ ഈ വാക്കുകൾ മനുഷ്യപുത്രന് മുറിവേറ്റവരും ക്ലേശിതരുമായ എല്ലാവരുമായുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. എത്രയോ മനുഷ്യർ

ശരീരത്തിലും ആത്മാവിലും സഹിക്കുന്നു! തന്റെയടുത്തേക്കു വരാൻ യേശു ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. അവിടന്നു പറയുന്നു: “എന്റെയടുക്കൽ വരുവിൻ.” അവിടന്ന് ആശ്വാസവും പ്രശാന്തതയും വാഗ്ദാനം ചെയ്യുന്നു.

“യേശു ഇതു പറയുമ്പോൾ ഗലീലിയിലെ തെരുവീഥികളിൽ ഓരോ ദിവസവും കണ്ടുമുട്ടുന്ന മനുഷ്യർ അവിടത്തെ മുമ്പിലുണ്ട്: ധാരാളം സാധാരണക്കാർ, ദരിദ്രർ, രോഗികൾ, പാപികൾ, നിയമത്തിന്റെയും സാമൂഹികവ്യവസ്ഥിതിയുടെയും ഭാരത്താൽ അരികുകളിലാക്കപ്പെട്ടവർ...ഈ മനുഷ്യർ അവിടത്തെ വാക്കു കേൾക്കാൻ വേണ്ടി അവിടത്തെ പിന്തുടർന്നു - പ്രത്യാശ നല്കുന്ന ഒരു വാക്കുകേൾക്കാൻ. യേശുവിന്റെ വാക്കുകൾ എപ്പോഴും പ്രത്യാശ നല്കുന്നു!” (Angelus, 6 July 2014).

ഇരുപത്തിയെട്ടാം ലോകരോഗീദിനാചരണത്തിൽ യേശു ഈ വാക്കുകൾ രോഗികളോടും പീഡിതരോടും ദരിദ്രരോടും ആവർത്തിക്കുന്നു. എന്തെന്നാൽ തങ്ങൾ പൂർണമായും ദൈവത്തെ ആശ്രയിക്കുന്നുവെന്നും ക്ലേശങ്ങളുടെ ഭാരത്തിൻകീഴിൽ അവിടത്തെ സൗഖ്യദാനം ആവശ്യമായിരിക്കുന്നുവെന്നും അവർ തിരിച്ചറിയുന്നു. ദൗർബല്യത്തിന്റെയും സഹനത്തിന്റെയും ബലഹീനതയുടെയും സാഹചര്യങ്ങൾ സഹിക്കുന്നവരിൽ നിന്നു യേശു ഒന്നും ആവശ്യപ്പെടുന്നില്ല. പിന്നെയോ അവിടന്ന് തന്റെ കാരുണ്യവും ആശ്വാസകരമായ സാന്നിധ്യവും നല്കുന്നു. ഓരോവ്യക്തിയുടെയും ഹൃദയത്തിലേക്ക് ഉറ്റുനോക്കുന്ന കണ്ണുകളുള്ള അവിടന്ന് മുറിവേറ്റ മനുഷ്യവംശത്തെ നോക്കുന്നു. നോട്ടം നിസ്സംഗതയുടേതല്ല. പിന്നെയോ അത് മനുഷ്യരെ പൂർണമായി ആശ്ലേഷിക്കുന്നു. ഓരോ വ്യക്തിയെയും ആ വ്യക്തിയുടെ ആരോഗ്യസ്ഥിതിയെയും ആശ്ലേഷിക്കുന്നു. ആരെയും വിട്ടുകളയുന്നില്ല. പിന്നെയോ തന്റെ ജീവിതത്തിൽ പങ്കുചേരാനും തന്റെ മൃദുലസ്നേഹം അനുഭവിച്ചറിയാനും ഓരോ വ്യക്തിയെയും അവിടന്നു ക്ഷണിക്കുന്നു.

2. എന്തുകൊണ്ടാണ് യേശുവിന് ഈ വികാരങ്ങളുണ്ടാകുന്നത്? എന്തെന്നാൽ അവിടന്നു തന്നെ ദുർബലനായി മാനുഷിക സഹനം അനുഭവിച്ചു. തന്റെ പിതാവിൽ നിന്ന് ആശ്വാസം സ്വീകരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ വ്യക്തിപരമായി വേദന അനുഭവിക്കുന്നവർക്കു മാത്രമേ മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ കഴിയുകയുള്ളൂ. ഗൗരവപൂർണമായ സഹനത്തിന്റെ അനേകം ഇനങ്ങളുണ്ട്: സുഖപ്പെടുത്താനാവാത്ത രോഗങ്ങൾ, മാനസിക രോഗങ്ങൾ, പുനരധിവാസമോ പാല്ലിയേറ്റീവു കെയറോ ആവശ്യമായിരിക്കുന്ന രോഗങ്ങൾ. അംഗവൈകല്യത്തിന്റെ അസംഖ്യം രൂപങ്ങൾ. കുട്ടികൾക്കുള്ളവ അഥവാ പാരമ്പര്യരോഗങ്ങൾ...ചിലപ്പോൾ ഇവരോടുള്ള നമ്മുടെ സമീപനത്തിൽ മാനുഷികമായ ഊഷ്മളത ഇല്ലാതായിപ്പോകുന്നു. രോഗികളോടുള്ള വ്യക്തിപരമായ സമീപനമാണ് ആവശ്യമായിരിക്കുന്നത്.

സുഖപ്പെടുത്തൽ മാത്രമല്ല സമഗ്രമായ മാനുഷിക സുഖപ്പെടലിനെ ലക്ഷ്യം വയ്ക്കുന്ന ശുശ്രൂഷയാണ് ആവശ്യം.

വ്യക്തികൾ രോഗം അനുഭവിക്കുമ്പോൾ തങ്ങളുടെ ശാരീരിക സമഗ്രതയ്ക്ക് ഭീഷണിയുണ്ടെന്നു മാത്രമല്ല അവർക്കു തോന്നുന്നത്. പിന്നെയോ തങ്ങളുടെ ജീവിതത്തിന്റെ ബന്ധപരവും ബുദ്ധിപരവും വികാരപരവും ആധ്യാത്മികവുമായ മാനങ്ങളും ഭീഷണിയിലാണെന്ന് അവർക്കു തോന്നും. ഇക്കാരണത്താൽ ചികിത്സയ്ക്കും പിന്തുണയ്ക്കും പുറമേ ശുശ്രൂഷയും ശ്രദ്ധയും കൂടി അവർ പ്രതീക്ഷിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ സ്നേഹം പ്രതീക്ഷിക്കുന്നു. രോഗിയായ ഓരോ വ്യക്തിയുടെയും സമീപത്ത് ഒരു കുടുംബവുമുണ്ടാകും. അതുതന്നെ സഹനത്തിലാണ്. പിന്തുണയും ആശ്വാസവും അതിന് ആവശ്യമുണ്ട്.

3. രോഗികളായ പ്രിയസഹോദരീസഹോദരന്മാരേ, നിങ്ങളുടെ രോഗം ഒരു പ്രത്യേകവിധത്തിൽ നിങ്ങളെ "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമാക്കുന്നു." അങ്ങനെ യേശുവിന്റെ കണ്ണുകളെയും ഹൃദയത്തെയും നിങ്ങൾ ആകർഷിക്കുന്നുണ്ട്. നിങ്ങളുടെ ഏറ്റവും ഇരുട്ടുനിറഞ്ഞ നിമിഷങ്ങളെ പ്രകാശിപ്പിക്കാനുള്ള പ്രകാശവും നിങ്ങളുടെ അസ്വസ്ഥത കുറയ്ക്കാനുള്ള പ്രത്യാശയും നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. "എന്റെയടുത്തേക്കു വരുവിൻ" എന്ന് അവിടന്ന് നിങ്ങളെ നിർബന്ധിക്കുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും ഈ "ഇരുണ്ട രാത്രിയിൽ" നിങ്ങളെ ആക്രമിക്കുന്ന ആകുലതകളെയും ചോദ്യങ്ങളെയും നേരിടാനുള്ള ശക്തി നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. ക്രിസ്തു നമുക്കു കുറുപ്പടികൾ നല്കിയില്ല. പിന്നെയോ തന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയിലൂടെ നമ്മെ അവിടന്ന് തിന്മയുടെ കടുംപിടിത്തത്തിൽ നിന്ന് സ്വതന്ത്രരാക്കുന്നു.

നിങ്ങൾ രോഗം അനുഭവിക്കുമ്പോൾ തീർച്ചയായും നിങ്ങൾക്ക് വിശ്രമസ്ഥലം കണ്ടുപിടിക്കേണ്ടിവരും. കൂടുതൽ കൂടുതൽ നല്ല സമറായനായ യേശുക്രിസ്തുവിന്റെ (cf ലൂക്കാ10:34) "സത്രം" ആയിത്തീരാൻ, അതായത്, അവിടത്തെ കൃപ കണ്ടുമുട്ടാനുള്ള ഭവനമായിത്തീരാൻ സഭ ആഗ്രഹിക്കുന്നു. അവിടെ അടുപ്പവും സ്വീകരണവും ആശ്വാസവും പ്രകാശിപ്പിക്കപ്പെടുന്നു. ഈ ഭവനത്തിൽ ദൈവകൃപയാൽ രോഗങ്ങൾ സുഖമാക്കപ്പെട്ടവരെ നിങ്ങൾക്കു കാണാം. കുരിശുകൾ വഹിക്കാൻ നിങ്ങളെ അവർ സഹായിക്കും. നിങ്ങളുടെ സഹനത്തെ സംബന്ധിച്ച പുതിയൊരു വീക്ഷണം നല്കാൻവേണ്ടിയാണത്. നിങ്ങളുടെ രോഗത്തിനപ്പുറത്ത് പുതിയ പ്രകാശത്തിന്റെയും നിങ്ങളുടെ ജീവിതത്തിന്റെ പുതിയ ശക്തിയുടെയും കൂടുതൽ വലിയ ചക്രവാളത്തിലേക്കു നോക്കാൻ നിങ്ങൾക്കു കഴിയും.

രോഗികളായ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും നവീകരണവും നല്കാനുള്ള ഈ പരിശ്രമത്തിൽ ആരോഗ്യസംരക്ഷണ പ്രവർത്തകരായ

ഡോക്ടർമാർ, നേഴ്സുമാർ, ചികിത്സാപരവും കാര്യനിർവഹണപരവുമായ കാര്യങ്ങളിൽ വിദഗ്ധരായവർ, സഹായികൾ, വോളന്റിയർമാർ എന്നിവർ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. അവരുടെ വൈദഗ്ധ്യത്തിനു നന്ദി. രോഗികളെ ആശ്വസിപ്പിക്കുകയും ശുശ്രൂഷിക്കുകയും എല്ലാ രോഗവും സുഖപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിക്കുന്നതിന് രോഗികൾക്കു ശക്തി നല്കാൻ അവർക്കു കഴിയും. എന്നാലും അവർ സ്വന്തം ബലഹീനതകളുള്ളവരും രോഗങ്ങൾപോലും ഉള്ളവരുമായ സ്ത്രീപുരുഷന്മാരാണ്. താഴെപ്പറയുന്നത് എത്ര സത്യമാണെന്ന് അവർ കാണിക്കുന്നു: “ക്രിസ്തുവിൽ നിന്ന് ആശ്വാസവും വിശ്രമവും സ്വീകരിച്ചു കഴിഞ്ഞാൽ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും ആശ്വാസവുമാകാൻ നമ്മൾ വിളിക്കപ്പെടുന്നു. ദിവ്യഗുരുവിനെ അനുകരിച്ചുകൊണ്ട് വിനയപൂർവകവും വിനീതവുമായ മനോഭാവത്തോടെ അങ്ങനെ ചെയ്യണം” (Angelus, 6 July 2014).

4. പ്രിയപ്പെട്ട ആരോഗ്യ ശുശ്രൂഷാവിദഗ്ധരേ, നമുക്ക് ഒരു കാര്യം എപ്പോഴും ഓർമ്മിക്കാം: രോഗനിർണയം, രോഗനിവാരണം, ചികിത്സ, ഗവേഷണം, സംരക്ഷണം, പുനരധിവാസം എന്നിവ എപ്പോഴും രോഗിയായ വ്യക്തിക്കുവേണ്ടിയാണ്. “വ്യക്തി” എന്ന നാമം “രോഗി” എന്ന വിശേഷണത്തെക്കാൾ മുൻഗണന യർഹിക്കുന്നതാണ്. നിങ്ങളുടെ ജോലിയിൽ നിങ്ങൾ എപ്പോഴും ഓരോ വ്യക്തിയുടെയും മഹത്ത്വത്തെയും ജീവിതത്തെയും വളർത്താൻ പരിശ്രമിക്കണം. വേദനിപ്പിക്കാതെ മരിപ്പിക്കൽ, ആത്മഹത്യയ്ക്കുള്ള സഹായം, ജീവനെ നശിപ്പിക്കൽ എന്നിവ സ്ഥിരരോഗത്തിന്റെ കാര്യത്തിൽപോലും, സമ്മതിക്കരുത്.

വർധിച്ചുവരുന്ന പ്രശ്നസങ്കീർണമായ രോഗങ്ങളുടെ മുമ്പിൽ ചികിത്സാശാസ്ത്രത്തിന്റെ പരിമിതികളെയും - പരാജയങ്ങളെപ്പോലും - നേരിടേണ്ടിവരും. അപ്പോൾ നിങ്ങളുടെ പ്രൊഫഷന്റെ അതിശായിയായ മാനത്തോടു തുറവിയുള്ളവരായിരിക്കാൻ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. അത് പ്രൊഫഷന്റെ പരമമായ അർത്ഥം വെളിവാക്കും. ജീവൻ വിശുദ്ധമാണെന്നും അതു ദൈവത്തിന്റേതാണെന്നും നമുക്ക് ഓർമ്മിക്കാം. അതുകൊണ്ട് അത് അലംഘ്യമാണ്. തോന്നുന്നതുപോലെ അതിനെ കൈകാര്യം ചെയ്യാൻ അവകാശമുണ്ടെന്ന് ആർക്കും അവകാശപ്പെടാനാവുകയില്ല (cf ജീവന്റെ ദാനം 5, ജീവന്റെ സുവിശേഷം 29 –53).

ജീവനെ ആരംഭംമുതൽ അവസാനംവരെ സ്വാഗതം ചെയ്യുകയും സംരക്ഷിക്കുകയും ആദരിക്കുകയും ശുശ്രൂഷിക്കുകയും വേണം. മനുഷ്യബുദ്ധിയും ജീവന്റെ കർത്താവായ ദൈവത്തിലുള്ള വിശ്വാസവും ഇത് ആവശ്യപ്പെടുന്നു. ജീവനോടും മനുഷ്യവ്യക്തിയോടുമുള്ള നിങ്ങളുടെ “അതേ” എന്ന നിശ്ചയത്തിൽ നിങ്ങൾ ഉറച്ചു നില്കുന്നുവെങ്കിൽ ചില കേസുകളിൽ ബോധപൂർവകമായ എതിർപ്പ് അത്യാവശ്യമായ ഒരു തീരുമാനമായിത്തീരുന്നു. ക്രൈസ്തവ പരസ്നേഹത്താൽ സഹായിക്കപ്പെടുന്ന നിങ്ങളുടെ തൊഴിൽവൈദഗ്ധ്യം ജീവ

നുള്ള അവകാശമാകുന്ന ഏറ്റവും യഥാർത്ഥമായ മാനുഷികാവകാശത്തെ സംരക്ഷിക്കുന്നതിന് നിങ്ങൾക്കു നല്കാൻ കഴിയുന്ന ഏറ്റവും നല്ല സേവനമായിരിക്കും. നിങ്ങൾക്ക് സുഖപ്പെടുത്താൻ ഒട്ടും സാധ്യമല്ലാതാകുമ്പോൾ ശുശ്രൂഷയും സുഖപ്പെടുത്തൽ ശ്രമവും നടത്താൻ നിങ്ങൾക്കു കഴിയും. രോഗിക്ക് ആശ്വാസം നല്കുന്ന പെരുമാറ്റംകൊണ്ടും ചികിത്സാപ്രക്രിയകൾകൊണ്ടും അങ്ങനെ ചെയ്യാം.

യുദ്ധത്തിന്റെയും അക്രമപരമായ സംഘട്ടനത്തിന്റെയും ചില സാഹചര്യങ്ങളിൽ രോഗികളെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്യുന്ന ആരോഗ്യ സംരക്ഷണ വിദഗ്ധരും സൗകര്യങ്ങളും ആക്രമിക്കപ്പെടന്നുവെന്നത് ദുരന്തപരമാണ്. ചില പ്രദേശങ്ങളിൽ രാഷ്ട്രാധികാരികൾ സ്വന്തം നേട്ടത്തിനായി ചികിത്സയെ ദുരുപയോഗിക്കാൻ പരിശ്രമിക്കുന്നുമുണ്ട്. അങ്ങനെ അവർ ചികിത്സാ വിദഗ്ധരുടെ നിയമാനുസൃതമായ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു. എന്നാലും സമൂഹത്തിലെ സഹിക്കുന്ന അംഗങ്ങളെ ശുശ്രൂഷിക്കാൻവേണ്ടി സ്വയം സമർപ്പിക്കുന്നവരെ ആക്രമിക്കുന്നത് ആരുടെയും താത്പര്യങ്ങളെ സംരക്ഷിക്കുകയില്ല.

5. ദാരിദ്ര്യത്തിൽ ജീവിക്കുന്നതുകൊണ്ട് ചികിത്സ ലഭിക്കാനാവാത്തവരായി ലോകത്തിലെങ്ങുമുള്ള അനേകം സഹോദരീസഹോദരന്മാരെപ്പറ്റി 28-ാം ലോകരോഗീദിനാചരണത്തിൽ ഞാൻ ചിന്തിക്കുന്നു. ഇക്കാരണത്താൽ സാമ്പത്തിക താത്പര്യങ്ങൾ മൂലം സാമൂഹിക നീതി അവഗണിക്കാതിരിക്കാൻ ലോകമെങ്ങുമുള്ള ചികിത്സാ സ്ഥാപനങ്ങളെയും സർക്കാരിന്റെ നേതാക്കളെയും ഞാൻ നിർബന്ധിക്കുന്നു. ആരോഗ്യം സംരക്ഷിക്കാനും ലഭ്യമാക്കാനുമുള്ള സമുചിതമായ ചികിത്സ ഓരോ വ്യക്തിക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഐക്യദാർഢ്യത്തിന്റെയും ധനസഹായത്തിന്റെയും തത്ത്വങ്ങളെ യോജിപ്പിച്ചുകൊണ്ട് സഹകരിക്കാനുള്ള പരിശ്രമങ്ങൾ ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സംവിധാനപരമായ കുറവുകൾ പരിഹരിച്ചുകൊണ്ടും നല്ല സമറായനായ ക്രിസ്തുവിന്റെ പ്രതിഛായയെപ്പറ്റി ചിന്തിച്ചുകൊണ്ടും വാത്സല്യപൂർവകമായ സ്നേഹവും അടുപ്പവുംകൊണ്ട് രോഗികളെ ശുശ്രൂഷിക്കുന്ന സന്നദ്ധസേവകർക്ക് ഞാൻ ഹൃദയപൂർവം നന്ദിപറയുന്നു.

രോഗത്തിന്റെ ഭാരം വഹിക്കുന്നവരെ അവരുടെ കുടുംബങ്ങളോടും ചികിത്സ ചെയ്യുന്ന എല്ലാവരോടും കൂടെ രോഗികളുടെ ആരോഗ്യമായ പരിശുദ്ധ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു.

എന്റെ പ്രാർത്ഥനകളിൽ ഓർക്കാമെന്ന് ഉറപ്പുനല്കിക്കൊണ്ട് ഹൃദയപൂർവം എന്റെ അപ്പസ്തോലികാശീർവാദം ഞാൻ നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 3 ജനുവരി 2020

യേശുവിന്റെ ഏറ്റവും വിശുദ്ധ നാമത്തിന്റെ ഓർമ്മദിവസം

**ഫ്രാൻസിസ് പാപ്പാ**

# കച്ചേരിക്കാര്യം

## 1. വൈദികരുടെ സ്ഥലമാറ്റവും നിയമനവും

ബഹു. വൈദികർ:

| | |
|---|---|
| ആലപ്പാട്ടുകോട്ടയിൽ ജോസഫ് | : ആക്ടിംഗ് വികാരി, കരിങ്ങാട് |
| ചിറത്തലയ്ക്കൽ ജോസഫ് | : അസി. വികാരി, കൂരാച്ചുണ്ട് |
| ചിറ്റിലപ്പിള്ളി വർഗീസ് CSsR | : ചുമതലയിൽ നിന്ന് വിടുതൽ |
| ചീരമറ്റത്തിൽ സെബാസ്റ്റ്യൻ | : അസി. വികാരി, പുല്ലൂരാംപാറ |
| കടപ്ലാക്കൽ തോമസ് | : അസി. വികാരി, താമരശ്ശേരി |
| കളപ്പുരയ്ക്കൽ ജോസഫ് | : അസി. വികാരി, കോടഞ്ചേരി |
| കാപ്പിൽ ജോസഫ് | : റെക്ടർ ഇൻചാർജ്, കുളത്തുവയൽ |
| കാരക്കാട്ട് ക്രിസ്റ്റോ | : ചുമതലയിൽ നിന്ന് വിടുതൽ |
| കൂനാനിക്കൽ ജോസഫ് | : അജപാലനശുശ്രൂഷ, ഷംസാബാദ് രൂപത |
| കോതാനിക്കൽ ചാക്കോ | : അസി. വികാരി, കൂടരഞ്ഞി |
| കോട്ടയ്ക്കൽ മാത്യു | : അസി. വികാരി, കോടഞ്ചേരി |
| പാലയിൽതയ്യിൽ തോമസ് OFM Cap | : അസി. വികാരി, ചേവായൂർ |
| പനച്ചിക്കൽ അലക്സ് | : അസി. വികാരി, തിരുവമ്പാടി |
| പന്നിക്കോട്ട് അഗസ്റ്റിൻ | : അസി. ഡയറക്ടർ, CAMP വേനപ്പാറ |
| പുത്തൻവീട്ടിൽ കുര്യാക്കോസ് | : അസി. വികാരി, പാറോപ്പടി |
| തേക്കനാത്ത് ദേവസി CSsR | : ചുമതലയിൽ നിന്ന് വിടുതൽ |
| തൂമുള്ളിൽ മാത്യു | : അസി. വികാരി, കുളത്തുവയൽ |
| തുണ്ടത്തിൽ സ്കറിയ | : അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറി |

## 2. വൈദിക സമിതി സമ്മേളനം

പതിനൊന്നാമത് വൈദിക സമിതിയുടെ സമ്മേളനം 2020 ഫെബ്രുവരി 25-ാം തീയതി രാവിലെ 10.30 ന് രൂപതാഭവനിൽ ക്രമീകരിച്ചിരിക്കുന്നു. ബഹു. അംഗങ്ങളെല്ലാവരും പങ്കെടുക്കേണ്ടതാണ്.

## 3. ലോക രോഗീദിനം

ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ാം തീയതി ലോക രോഗീദിനമായി സഭ ആചരിക്കുന്നു. ഈ ദിവസമോ ഇതിനടുത്ത ദിവ

സങ്ങളിലോ രോഗികളായി നമ്മുടെ ഇടവകളിലെ കുടുംബങ്ങളിൽ കഴിയുന്നവർക്ക് ആവശ്യാനുസരണം കുമ്പസാരിപ്പിച്ച് വി. കുർബാന നൽകുന്നത് നല്ലതായിരിക്കും.

**4. തിരുബാല സഖ്യദിനം**

ഫെബ്രുവരി ഫെബ്രുവരി 9 ഞായറാഴ്ച തിരുബാല സഖ്യദിനമായി സഭ ആചരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളെ ഈശോയുടെ സ്നേഹത്തിലും സംരക്ഷണത്തിലും കാത്തുസൂക്ഷിക്കാനുള്ള ഒരു വേദിയായി തിരുബാലസഖ്യം ഇടവകകളിൽ പ്രവർത്തിക്കണം. തിരുബാലസഖ്യദിനത്തിൽ കുഞ്ഞുങ്ങളെ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിക്കേണ്ടതാണ്. പ്രത്യേക സംരക്ഷണം ആവശ്യമുള്ള കുഞ്ഞുങ്ങൾക്കുവേണ്ടി ആഗോളതലത്തിൽ നടത്തുന്ന പ്രത്യേക പിരിവ് ഈ ദിവസം നടത്തുകയും അത് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

**5. വലിയനോമ്പ്, വിഭൂതി**

2020 ഫെബ്രുവരി 23-ാം തീയതി ഞായറാഴ്ച പാതിര മുതലാണ് ഈ വർഷത്തെ വലിയനോമ്പ് ആരംഭിക്കുന്നത്. 24-ാം തീയതി തിങ്കളാഴ്ചയാണ് വിഭൂതിത്തിരുനാൾ. അന്നേദിവസം ഉപവാസ ദിവസമാണെന്ന കാര്യം പ്രത്യേകം ദൈവജനത്തെ ഓർമ്മിപ്പിക്കേണ്ടതാണ്. ഉയിർപ്പുതിരുനാൾ വരെ വിവാഹാഘോഷങ്ങൾ പാടില്ലായെന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു.

**6. സ്റ്റാറ്റിസ്റ്റിക്കൽ ഫോം**

നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരശേഖരണത്തിന്റെ ഭാഗമായി എല്ലാ വർഷവും അയയ്ക്കുന്ന നിർദ്ദിഷ്ടഫോം ഈ വർഷവും ഇടവകകളിലേക്ക് അയച്ചിട്ടുണ്ട്. മാർച്ച് 15ന് മുമ്പായി ഈ ഫോം പൂരിപ്പിച്ച് ചാൻസലറുടെ പേരിൽ അയച്ചു നൽകേണ്ടതാണ്.

**7. പൊതുപിരിവുകൾ**

2019-20 സാമ്പത്തിക വർഷത്തെ പൊതുപിരിവുകൾ ഇനിയും അടച്ചുതീർക്കാനുള്ള ഇടവകകൾ മാർച്ച് 31 ന് മുമ്പായി അത് രൂപതാകേന്ദ്രത്തിൽ അടച്ചുതീർക്കേണ്ടതാണ് എന്ന് ഓർമ്മിപ്പിക്കുന്നു.

**8. സ്വാഗതം, നന്ദി**

താമരശ്ശേരി രൂപതയുടെ അജപാലനശുശ്രൂഷ മേഖലയിലേക്ക് പുതിയതായി കടന്നുവരുന്ന കപ്പൂച്ചിൻ സന്യാസസമൂഹാംഗം **ബഹു. പാലയിൽതയ്യിൽ തോമസ്, ഐക്കരമറ്റം സെബാസ്റ്റ്യൻ, കരിയിൽ മാത്യു** എന്നീ വൈദികർക്ക് രൂപതയുടെ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

രൂപതയിലെ അജപാലനശുശ്രഷകൾക്ക് ശേഷം പുതിയ മേഖലയിലേക്ക്

സ്ഥലം മാറിപോകുന്ന **ബഹു. കാരക്കാട്ട് ക്രിസ്റ്റോ, ബഹു. ചിറ്റിലപ്പിള്ളി വർഗീസ് CSsR, ബഹു. തേക്കനാത്ത് ദേവസി CSsR** എന്നീ വൈദികർക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

**9. കുടുംബനവീകരണ വർഷം 2020 ഫെബ്രുവരി - പ്രോഗ്രാം**

1. 75 വയസിന് മുകളിൽ പ്രായമുള്ള മാതാപിതാക്കൾക്ക് ഞായറാഴ്ച വി. കുർബാനയിൽ പങ്കെടുക്കാനുള്ള ക്രമീകര ണങ്ങൾ
2. കിടപ്പു രോഗികൾക്ക് കുമ്പസാരത്തിനും വി. കുർബാന സ്വീകര ണത്തിനുമുള്ള ക്രമീകരണം.
3. അവസാനത്തെ ഞായറാഴ്ച (23/03) ഇടവകാതല വയോജന കൂട്ടായ്മ
4. വിൻസെന്റ് ഡി പോൾ സൊസൈറ്റി ശാക്തീകരണം.

**8. സ്മരണാഞ്ജലി**

| | | |
|---|---|---|
| 10-02-1987 | - | റവ. ഫാ. തോമസ് മറ്റപ്പള്ളിൽ |
| **11-02-1998** | **-** | **റവ. ഫാ. പോൾ കളപ്പുര** |
| 17-02-1973 | - | റവ. ഫാ. കുര്യൻ പാണ്ടിയാമ്മാക്കൽ |
| 20-02-1983 | - | റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ |
| 22-02-1960 | - | റവ. ഫാ. പോൾ വെട്ടിക്കാനാകുടി |
| **24-02-2011** | **-** | **റവ. ഫാ. മാത്യു മുതിരചിന്തിയിൽ** |
| 25-02-1981 | - | റവ.ഫാ. മാത്യു മണ്ണുക്കുശുമ്പിൽ |
| 25-02-1989 | - | റവ. ഫാ. ദോസിത്തേവൂസ് സി.എം.ഐ |
| 27-02-1998 | - | റവ. ഫാ. ജോസഫ് പുത്തൻപുര |

**പ്രോട്ടോസിഞ്ചെല്ലൂസ്**



## പ്രത്യേക അറിയിപ്പ്

താമരമൊട്ടുകളുടെ കുടിശ്ശിക അടച്ചുതീർക്കാനുള്ളവർ എത്രയുംവേഗം അടച്ചുതീർക്കേണ്ടതാണ്.

**2020 ജനുവരി മുതൽ വരിസംഖ്യ 300 രൂപയായിരിക്കും.**

# മതബോധനം

വിശ്വാസപരിശീലന കാര്യാലയത്തിൽനിന്നും ആശംസകൾ

അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും പുണ്യവഴികളിലൂടെ യുള്ള യാത്രയാണ് നോമ്പുകാലം. പ്രാർത്ഥനയും പ്രായശ്ചിത്തവും ഉപവാ സവും വഴി വിശ്വാസജീവിതത്തിൽ ശക്തി പ്രാപിക്കാൻ നമുക്കു ലഭിക്കുന്ന വിശുദ്ധ സമയമാണിത്. പുണ്യങ്ങളുടെ പൂക്കാലമെന്നാണ് നോമ്പു കാലം അറിയപ്പെടുക. ചിപ്പിയിൽ മുത്തു രൂപപ്പെടുന്ന നൊമ്പര നാളുകളുടെ സമാനത ഈ നോമ്പുകാലത്തിനുണ്ട്. അണഞ്ഞുപോ കാറായതും പോയതുമായ പുണ്യങ്ങൾ ഉലയിൽ വച്ച് ഊതി മിനുക്ക പ്പെടുമ്പോൾ കൂടുതൽ കർമ്മനിരതരാകുവാൻ നമുക്കു സാധിക്കും. കുടുംബനവീകരണ വർഷത്തിലെ പുണ്യ സമ്പാദനത്തിന്റെ ഈ നോമ്പുകാലം ദൈവാനുഗ്രഹങ്ങൾ നിറഞ്ഞതാകട്ടെ.

### പ്രധാനാധ്യാപക സംഗമം

2019-2020 അധ്യയന വർഷത്തെ രണ്ടാമത്തെ പ്രധാനാധ്യാപക സംഗമം ജനുവരി 11 ശനിയാഴ്ച പി.എം.ഒ.സിയിൽ നടക്കുകയുണ്ടായി. രാവിലെ 10 മണിക്ക് ആരംഭിച്ച സംഗമത്തിൽ രൂപതാ മതബോധന പ്രസിഡന്റ് ബാബു ചെട്ടിപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. ആലുവ മംഗലപ്പുഴ സെമിനാരി റെക്ടർ റവ. ഫാ. മാത്യു ഇല്ലത്തുപറമ്പിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയും അധ്യാപകർക്ക് ക്ലാസ് എടുക്കു കയും ചെയ്തു. തുടർന്നു നടന്ന മീറ്റിംഗിനും ചർച്ചകൾക്കും മതബോധന ഡയറക്ടർ നേതൃത്വം നൽകി. രൂപതാ മതബോധന സെക്രട്ടറി പ്രകാശ് നെട്ടേൽ എല്ലാവർക്കും നന്ദി പറഞ്ഞു. ഉച്ചയ്ക്ക് 1.30 ന് യോഗം സമാപിച്ചു.

### HCC വാർഷിക പരീക്ഷ

2019-2020 അധ്യയന വർഷത്തെ HCC യൂണിവേഴ്സിറ്റി പരീക്ഷ ജനുവരി

26-ാം തീയതി (ഞായർ) ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ രൂപതയിലെ 23 പരീക്ഷാ കേന്ദ്രങ്ങളിലായി നടന്നു.

### HCC മൂല്യനിർണയം

HCC ഉത്തരക്കടലാസുകളുടെ മൂല്യനിർണയം ഫെബ്രുവരി 1 ശനിയാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 4.30 വരെ പി.എം.ഒ.സി. യിൽ വച്ച് നടക്കുന്നതാണ്. വിലങ്ങാട്, കരുവാരകുണ്ട് മേഖലകൾ ഒഴികെ ബാക്കി എല്ലാ മേഖലകളിലെയും HCC ക്ലാസുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അധ്യാപകരും അന്നേ ദിവസം നിർബന്ധമായും മൂല്യനിർണയത്തിൽ പങ്കെടുക്കേണ്ടതാണ്.

### HCC പരീക്ഷാ ഫലം

ഫെബ്രുവരി 8 ശനിയാഴ്ച വൈകിട്ട് 8 മണിക്ക് HCC പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

### HCC സേ പരീക്ഷ

2020 ഫെബ്രുവരി 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ എല്ലാ മേഖലയിലും ഒരു സെന്ററിൽ വച്ച് HCC സേ പരീക്ഷ (Save an Year) നടത്തുന്നതാണ്.

### HCC പുനർമൂല്യനിർണയം

ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയം സ്വീകരിക്കുന്ന അവസാന തീയതി 2020 ഫെബ്രുവരി 29 (ശനി).

### ASPCT (Advanced Self-Study Programme for Catechism Teachers)

'വിശ്വാസവഴിയിലെ സംശയങ്ങൾ' എന്ന പുസ്തകത്തെ ആസ്പദമാക്കി 60 വയസ്സിനു താഴെയുള്ള മതാധ്യാപകർക്കായി നടത്തുന്ന തുടർപരിശീലനത്തോടനുബന്ധിച്ചുള്ള പരീക്ഷ 2020 ഫെബ്രുവരി 23 ഞായറാഴ്ച 2 മണി മുതൽ 4 മണി വരെ രൂപതയിലെ എല്ലാ ഇടവകകളിലും നടക്കുന്നതാണ്. അന്നേദിവസം പരീക്ഷ എഴുതാൻ സാധിക്കാത്തവർക്ക് മാർച്ച് ആദ്യഞായറാഴ്ച (മാർച്ച് 1) ഒരവസരവും കൂടി നൽകുന്നതാണ്. ചോദ്യപേപ്പറുകൾ ഫെബ്രുവരി 16 ന് മേഖലാകേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്.

### 100% ഹാജർ

ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ മുഴുവൻ ഹാജറുള്ള കുട്ടികളുടെ പേരുകൾ, ഫോട്ടോ എന്നിവ ഫെബ്രുവരി 15 നു മുൻപ് മതബോധന ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

### മതാധ്യാപനത്തിന്റെ രജത ജൂബിലി

മതാധ്യാപന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ അധ്യാപ കരുടെ

പേരുകൾ ഇനിയും ഓഫീസിൽ ഏൽപ്പിക്കാത്തവർ ഫെബ്രുവരി 15 നു മുൻപ് മതബോധന ഓഫീസിൽ ഏൽപ്പിക്കേ ണ്ടതാണ്.

## പ്രതിഭാസംഗമം

ഈ അധ്യയന വർഷത്തിലെ 7-ാം ക്ലാസ്സിലെ കുട്ടികളുടെ രൂപതാതല പ്രതിഭാസംഗമം 2020 ഏപ്രിൽ 5-6 (ഓശാന ഞായർ, തിങ്കൾ) തിയ്യതികളിൽ പി.എം.ഒ.സി.യിൽ വച്ച് നടത്തുന്നതാണ്. 5-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് രജിസ്ട്രേഷ നോടുകൂടി ആരംഭിച്ച് 6-ാം തീയതി ഉച്ചകഴിഞ്ഞ് 2.45 ന് സംഗമം അവസാനിക്കുന്നതാണ്. ഫെബ്രുവരി 29 ന് മുൻപായി മേഖലകളിൽ സെലക്ഷൻ ക്യാമ്പ് നടത്തി മൂന്നു വീതം ആൺ കുട്ടികളുടെയും പെൺകുട്ടികളുടെയും പേര്, ഇടവക, ഫോൺ നമ്പർ എന്നിവ മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

## വിശ്വാസോത്സവം 2020

ഈ വർഷത്തെ വിശ്വാസോത്സവം 2020 മാർച്ച് 29 (ഞായർ) ഏപ്രിൽ 1, 2 (ബുധൻ, വ്യാഴം) തിയ്യതികളിൽ നടക്കുന്നു. രൂപതാ വൈദിക സമ്മേളനത്തിലെ പൊതുധാരണപ്രകാരം രാവിലെ 6.30 ന് വി. കുർബാനയോടെ ആരംഭിച്ച് 10.30 ന് അവസാനിക്കുന്ന രീതിയിൽ ക്രമീകരിക്കാവുന്നതാണ്. (ഓരോ ഇടവകയുടെയും സാഹചര്യമനുസരിച്ച് മാറ്റം വരുത്താം.)

## വിശ്വാസോത്സവ വർക്ക്ബുക്ക്

ഒന്ന്, രണ്ട്, മൂന്ന് ക്ലാസുകളിൽ ഓരോ ക്ലാസിനും ഈ വർഷം പ്രത്യേകം വിശ്വാസോത്സവ വർക്ക്ബുക്ക് ഉണ്ടായിരിക്കുന്നതാണ്. ബൈബിൾ നേഴ്സറിയിലെ കുട്ടികൾ പങ്കെടുക്കുന്നുണ്ടെങ്കിൽ പുസ്തകം ആവശ്യമുള്ളവർ (ഒന്നാം ക്ലാസ്സിലെ വർക്ക്ബുക്ക്) എണ്ണം അറിയിക്കേണ്ടതാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ വില 40/- രൂപ. (വിശ്വാസോത്സവ വർക്ക്ബുക്ക് എല്ലാ കുട്ടികളും നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്).

4-ാം ക്ലാസ്സിൽ വർക്ക്ബുക്ക് 'ആദ്യകുർബാന സ്വീകരണം' എന്ന പുസ്തകമായിരിക്കും. (വില 50/- രൂപ). നാലാം ക്ലാസിൽ ആദ്യകുർബാന സ്വീകരണം കഴിഞ്ഞ കുട്ടികൾ ഉണ്ടെങ്കിൽ പ്രാർത്ഥനകൾ കൂടുതൽ ഹൃദിസ്ഥമാക്കുന്നതിനുവേണ്ടി അതേ ക്ലാസിൽത്തന്നെ അവരെ വിശ്വാസോത്സവത്തിന് ഇരുത്തുന്നതാണ് ഉചിതം.

## വിശ്വാസോത്സവ ഗ്രൂപ്പുകൾ

ഗ്രൂപ്പ് 1: ഡൊമിനിക് സാവിയോ (5, 6 ക്ലാസ്), ഗ്രൂപ്പ് 2: സെന്റ് മരിയ ഗൊരോത്തി (7, 8 ക്ലാസ്) ഗ്രൂപ്പ് 3: സെന്റ് അൽഫോൻസ (9, 10 ക്ലാസ്).

## വർക്ക്ബുക്ക് വിതരണം

വിശ്വാസോത്സവ വർക്ക് ബുക്കുകൾ മാർച്ച് 20 മുതൽ മതബോധന കേന്ദ്രത്തിൽ നിന്ന് വിതരണം ചെയ്യുന്നതാണ്.

## വിശ്വാസോത്സവ അധ്യാപക പഠനശിബിരം

2019-2020 അധ്യയന വർഷത്തെ വിശ്വാസോത്സവത്തിനു മുന്നോടിയായുള്ള വിശ്വാസോത്സവ അധ്യാപക പഠനശിബിരം മാർച്ച് 14 ന് (ശനി) രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെ പി.എം.ഒ.സി. യിൽ വച്ചു നടക്കുന്നു. ഓരോ ഇടവകയിൽ നിന്നും സ്റ്റാഫ് സെക്രട്ടറിയും ഒരധ്യാപകനും പങ്കെടുക്കേണ്ടതാണ്. (മറ്റേതെങ്കിലും തരത്തിലുള്ള ക്രമീകരണങ്ങൾ ഉണ്ടെങ്കിൽ അറിയിക്കുന്നതാണ്).

## ബൈബിൾ പ്രിന്റിംഗ് പേപ്പർ സമാഹരണ പദ്ധതി

കഴിഞ്ഞ വർഷം നടത്തിയതുപോലെ ഈ വർഷവും ഫിയാത്ത് മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന 'ബൈബിൾ പ്രിന്റിംഗ് പേപ്പർ സമാഹരണ പദ്ധതി' യിൽ നമ്മുടെ കുട്ടികളെ പങ്കുകാരാക്കാൻ ശ്രദ്ധിക്കുമല്ലോ. കുട്ടികൾ വീടുകളിൽ നിന്ന് പഴയ ബുക്ക്, പേപ്പർ എന്നിവ വിശ്വാസോത്സവം നടക്കുന്ന ദിവസങ്ങളിൽ (മാർച്ച് 29, ഏപ്രിൽ 1, 2) കൊണ്ടുവരികയും അധ്യാപകരുടെ നേതൃത്വത്തിൽ ശേഖരിച്ച് അത് ഏതെങ്കിലും 6 സെന്ററുകളിൽ (പെരിന്തൽമണ്ണ, താമരശ്ശേരി, കൂരാച്ചുണ്ട്, മരുതോങ്കര, കോടഞ്ചേരി, പി.എം.ഒ.സി) എത്തിക്കുകയും ചെയ്യേണ്ടതാണ് (ഇത് എത്തിക്കാൻ ബുദ്ധിമുട്ടുള്ള സൺഡേ സ്കൂളുകൾക്ക് ഫിയാത്ത് മിഷനുവേണ്ടിയുള്ള കളക്ഷൻ മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കാവുന്നതാണ്).

## മതബോധനം 10-ാം ക്ലാസ്

എസ്.എസ്.എൽ.സി പരീക്ഷയോടനുബന്ധിച്ച് 2020 മാർച്ച് 1, 8, 15, 22 തീയതികളിൽ പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് വേദപാഠ ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല. മാർച്ച് 29 മുതലുള്ള വിശ്വാസോത്സവത്തിൽ ഇവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## വാർഷിക/സ്കോളർഷിപ്പ് പരീക്ഷ

2019-2020 അധ്യയന വർഷത്തെ വാർഷിക പരീക്ഷ ഏപ്രിൽ 5, ശനിയാഴ്ച എല്ലാ ഇടവകകളിലും രാവിലെ 9 മണി മുതൽ 11 മണി വരെ നടക്കുന്നതാണ്.

സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 8 ബുധനാഴ്ച മേഖലാ കേന്ദ്രങ്ങളിൽ വച്ച് രാവിലെ 9 മണി മുതൽ 11 മണി വരെ നടക്കു ന്നതാണ്.

## ആദരാഞ്ജലികൾ



പാറോപ്പടി ഫൊറോനയിലെ കടലുണ്ടി സൺഡേ സ്കൂളിൽ മതാധ്യാ പകനായി സേവനം ചെയ്തുകൊണ്ടിരുന്ന വിൻസെന്റ് തൈക്കാടൻ (59) ഇക്കഴിഞ്ഞ ജനുവരി 4-ാം തീയതി നിത്യസമ്മാന ത്തിനായി വിളിക്കപ്പെട്ടു. കടലുണ്ടി ഇടവകയിൽ വിശ്വാസപരിശീലന രംഗത്ത് വിൻസെന്റ് സാർ ചെയ്ത സ്തുത്യർ ഹമായ സേവനത്തെ നന്ദിയോടും പ്രാർ ത്ഥനയോടുംകൂടി ഓർക്കുന്നു. മതാധ്യാ പികയായ ഭാര്യ ലീന ടീച്ചറിനോടും കുടുംബാംഗങ്ങളോടുമുള്ള അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## ഡയറക്ടറച്ചന്റെ സന്ദർശനം

പുഷ്പഗിരി, കോട്ടക്കൽ, ഇടവകകളിൽ സന്ദർശനം നടത്തി, മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തി.

## 2019-2020 അധ്യയന വർഷത്തിൽ എ+ ഗ്രേഡ് ലഭിച്ച സൺഡേ സ്കൂളുകൾ

രൂപതയിലെ 123 സൺഡേ സ്കൂളുകളിൽ 73 സ്കൂളുകൾ എ+ ഗ്രേഡിന് അർഹത നേടി. ഇടവകയിലെ മതബോധന പ്രവർത്തന ങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന വികാരിയച്ചൻമാർക്കും മതാധ്യാപ കർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**കരുവാരകുണ്ട് മേഖല:-** കാളികാവ്, കരുവാരകുണ്ട്, പാതിരിക്കോട്

**കോടഞ്ചേരി മേഖല:-** ചെമ്പുകടവ്, കണ്ണോത്ത്, കൂരോട്ടുപാറ, കുപ്പായക്കോട്, മഞ്ഞുമല

**കൂരാച്ചുണ്ട് മേഖല:-** ചക്കിട്ടപ്പാറ, കക്കയം, കല്ലാനോട്, കരികണ്ടൻപാറ, കരിയാത്തുംപാറ, കുളത്തുവയൽ, മുതുകാട്, നരിനട, പേരാമ്പ്ര, പെരുവണ്ണാമൂഴി

**മലപ്പുറം മേഖല:-** കൂമംകുളം, കോട്ടക്കൽ, മഞ്ചേരി, ഊരകം, പന്തല്ലൂർ, പയ്യനാട്, തിരൂർ, മലപ്പുറം

**മരുതോങ്കര മേഖല:-** ചാപ്പൻതോട്ടം, പടത്തുകടവ്, പശുക്കടവ്

**പാറോപ്പടി മേഖല:-** അമലാപുരി, അശോകപുരം, ദേവഗിരി, കുണ്ടായിത്തോട്, കുന്ദമംഗലം, മാവൂർ, പാറോപ്പടി, ഈസ്റ്റ് ഹിൽ

**പെരിന്തൽമണ്ണ മേഖല:-** കുറ്റിപ്പുറം, താഴേക്കോട്, പെരിന്തൽമണ്ണ, മാലാപറമ്പ്, പാലൂർക്കോട്ട

**താമരശ്ശേരി മേഖല:-** ചമൽ, ഈങ്ങാപ്പുഴ, കട്ടിപ്പാറ, നൂറാംതോട്, പുതുപ്പാടി, താമരശ്ശേരി, ബാലുശ്ശേരി

**തിരുവമ്പാടി മേഖല:-** ആനക്കാംപൊയിൽ, കല്ലുരുട്ടി, കരിമ്പ്, പുല്ലൂരാംപാറ, തേക്കുംകുറ്റി, തിരുവമ്പാടി, വിളക്കാംതോട്, കൂടരഞ്ഞി, കുളിരാമുട്ടി, മുക്കം, വേനപ്പാറ

**തോട്ടുമുക്കം മേഖല:-** ചുണ്ടത്തുംപൊയിൽ, മരഞ്ചാട്ടി, പനംപ്ലാവ്, വെണ്ടേക്കുംപൊയിൽ, വെറ്റിലപ്പാറ, വാലില്ലാപ്പുഴ, തോട്ടുമുക്കം, കോനൂർക്കണ്ടി, പീടികപ്പാറ, കക്കാടംപൊയിൽ

**വിലങ്ങാട് മേഖല:-** മഞ്ഞക്കുന്ന്, വാളൂക്ക്, വിലങ്ങാട്

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, മതബോധനം

# ചെറുപുഷ്പ മിഷൻലീഗ്

### ശാഖാ സന്ദർശനം

കൂമംകുളം, കൂമുള്ളി എന്നീ ശാഖകൾ സന്ദർശിച്ച് വി. ബലി അർപ്പിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

### കരോൾഗാന മത്സരം

മലബാർ വിഷനും ചെറുപുഷ്പ മിഷൻലീഗും സംയുക്തമായി സംഘടിപ്പിച്ച ഫിയസ്റ്റ 2019 ൽ 14 ടീമുകൾ പങ്കെടുത്തു. ഡിസംബർ 21 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിച്ച മത്സരത്തിൽ മാലാപറമ്പ് ടീം ഒന്നാം സ്ഥാനവും, കല്ലാനോട് ടീം രണ്ടാം സ്ഥാനവും, അശോകപുരം, മഞ്ഞക്കടവ് എന്നീ ടീമുകൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. 5001, 3001, 2001 രൂപ ക്യാഷ് അവാർഡും ട്രോഫിയും പി.എം.ഒ.സി. ഡയറക്ടർ ഫാ. ജോർജ്ജ് കളപ്പുര വിജയികൾക്ക് നൽകുകയും ചെയ്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും രൂപതയുടെ അഭിനന്ദനങ്ങൾ.

### ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സര വിജയികൾ

ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരത്തിൽ രൂപതാതലത്തിൽ വിജയികളായവരുടെ പേരുകൾ പ്രസിദ്ധീകരിക്കുന്നു.

### ഹൈസ്കൂൾ വിഭാഗം

1 എൽസ മരിയ, പുഷ്പഗിരി

2 ബ്രിജിറ്റ് പനയ്ക്കൽ, ചെമ്പനോട
3 മേരി കാപ്പിൽ, കൂരാച്ചുണ്ട്

## യു.പി വിഭാഗം

1 ജസ്റ്റിൻ അഭിലാഷ് തടത്തിൽ, തലയാട്
2 അമന്റ റോസ് കോയിവിളം, കൂടരഞ്ഞി
3 ലിന്റ തൈക്കാടൻ, പാറോപ്പടി

വിജയികൾക്ക് രൂപതയുടെ അഭിനന്ദനങ്ങൾ.

## യാത്രാ മംഗളങ്ങൾ

രൂപതാ- മേഖലാ- ശാഖാ തലത്തിൽ ചെറുപുഷ്പ മിഷൻലീഗിന്റെ വളർച്ചയ്ക്കുവേണ്ടി 7 വർഷത്തോളം കഠിനമായി പ്രയത്നിക്കുകയും ഇന്നുവരെ മിഷൻലീഗിന്റെ എല്ലാ പുരോഗതിയിലും വലിയൊരു പങ്കുവഹിക്കുകയും ചെയ്ത രൂപതയുടെ മുൻ സെക്രട്ടറിയും സംസ്ഥാന ഓർഗ്ഗനൈസറുമായിരുന്ന ശ്രീ. കെ.ജി. ഫ്രാൻസിസ് കൊല്ലറേട്ട് ജോലി ആവശ്യത്തിനായി ഖത്തറിലേക്ക് പോയി. ജനുവരി 10 ന് മുക്കം പാരീഷ് ഹാളിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ വച്ച് അദ്ദേഹത്തിന് കൃതജ്ഞത അർപ്പിക്കുകയും യാത്രാ മംഗളങ്ങളും ആശംസകളും നേരുകയും ചെയ്തു.

പുതിയ പ്രവർത്തന മേഖലയിലേക്ക് പോയിരിക്കുന്ന ഫ്രാൻസിസിന് രൂപതാ കുടുംബത്തിന്റെ ആത്മാർത്ഥമായ പ്രാർത്ഥനയും ദൈവാനുഗ്ര ഹങ്ങളും നേരുകയും പുതിയ കർമ്മ വീഥിയിൽ ക്രിസ്തു പ്രേഷിതനായി ജീവിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

## ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന-രൂപത വാർഷികവും പ്രേഷിതറാലിയും

സീറോ മലബാർ സഭയുടെ അത്മായ സംഘടനയായ ചെറുപുഷ്പ മിഷൻലീഗിന്റെ 72-ാമത് സംസ്ഥാന വാർഷികവും 33-ാം രൂപതാ വാർഷികവും തോട്ടുമുക്കം സെന്റ് തോമസ് ഫൊറോന പാരീഷ് ഹാളിൽ വച്ച് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. വാർഷികത്തോടനുബന്ധിച്ച് നടന്ന വിശ്വാസ പ്രഘോഷണറാലി ദേശീയ പ്രസിഡന്റ് ശ്രീ. ബിനോയ് പള്ളിപ്പറമ്പിൽ ഫ്ളാഗ് ഓഫ് ചെയ്തു. വർണ്ണാഭമായ റാലിയിൽ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 2000 ൽ അധികം പ്രേഷിതർ അണിനിരന്നു. തുടർന്നു നടന്ന വാർഷിക സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനു മാക്കൂട്ടത്തിൽ അധ്യക്ഷത വഹിച്ചു. മുൻകാല രൂപതാ ഭാരവാഹികളെ അഭിവന്ദ്യ റെമീജിയോസ് പിതാവ് ആദരിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ജോബി പുച്ചുകണ്ടത്തിൽ ആമുഖ പ്രഭാഷണം നടത്തി. സംസ്ഥാന രൂപതാ റിപ്പോർട്ടുകൾ സംസ്ഥാന സെക്രട്ടറി ഷിനോ മോളത്ത്, രൂപതാ സെക്രട്ടറി സിനോ തോമസ് എന്നിവർ അവതരിപ്പിച്ച് പാസാക്കി.

ദേശീയ പ്രസിഡന്റ് ശ്രീ. ബിനോയ് സെബാസ്റ്റ്യൻ, തോട്ടുമുക്കം ഫൊറോന വികാരി ഫാ. ഡൊമിനിക് തൂങ്കുഴി, രൂപതാ പ്രസിഡന്റ് ശ്രീ. ജോയി ജോർജ്ജ്, രൂപതാ ജൂനിയർ പ്രസിഡന്റ് നവനീത് ഫിലിപ്പ്, തോട്ടുമുക്കം മേഖല പ്രസിഡന്റ് ജിൻ തോമസ്, മുൻകാല രൂപതാ ഭാരവാഹിയായ ശ്രീ. ജോർജ്ജ് പൈകയിൽ, ലിൻ ആൻ ലൂക്കോസ് തുടങ്ങിയവർ പ്രസംഗിച്ചു.

രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ സ്വാഗതവും മലബാർ റീജണൽ ഓർഗനൈസർ ശ്രീ. ബേബി പ്ലാശ്ശേരി നന്ദിയും പറഞ്ഞു. സംസ്ഥാന വൈസ് ഡയറക്ടർ ഫാ. തോമസ് ഐക്കര ക്കാനായിൽ, സംസ്ഥാന ഓർഗനൈസർ കെ.ജി. ഫ്രാൻസിസ്, രൂപതാ വൈസ് ഡയറക്ടർ സി. സെലിൻ ജോസ് എസ്.എച്ച്, രൂപതാ ഓർഗനൈസർ ജിനോ മാത്യു, ശാഖാ ജൂനിയർ പ്രസിഡന്റ് അഡ്ലിൻ ബിനോയ് തുടങ്ങിയവർ നേതൃത്വം നൽകി. സ്വാഗത ഗാനം ആലപിച്ച പുഷ്പഗിരി ഇടവകയിലെ മിഷനറിമാർക്കും പ്രയർഡാൻസ് അവതരിപ്പിച്ച തേക്കുകുറ്റി ഇടവകയിലെ മിഷനറിമാർക്കും നന്ദി.

ഈ വാർഷിക സമ്മേളനവും പ്രേഷിത റാലിയും വിജയകരമാ ക്കുവാൻ കഠിനാദ്ധ്വാനം ചെയ്ത മേഖല – ശാഖാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ്, മേഖലാ ഭാരവാഹികൾ എന്നിവരോടും തോട്ടുമുക്കം ഇടവകയിലെ വികാരി ഫാ. ഡൊമിനിക്ക് തൂങ്കുഴി, അസി. വികാരി ജെർളിൻ കടപ്ലാക്കലച്ചനോടും കൈക്കാരന്മാരോടും വിവിധ കമ്മറ്റികളിൽ അംഗങ്ങളായി പ്രവർത്തിച്ച എല്ലാ നല്ലവരായ ഇടവകാ ജനങ്ങൾക്കും രൂപതാ സമിതിയുടെ കൃതജ്ഞത.

### വൈസ് ഡയറേക്ടേഴ്സ് സംഗമവും രൂപതാ മാനേജിംഗ് കമ്മിറ്റിയും

2019–2020 പ്രവർത്തന വർഷത്തെ രണ്ടാമത്തെ മാനേജിംഗ് കമ്മിറ്റിയും ശാഖാ വൈസ് ഡയറക്ടേഴ്സ് സംഗമവും ഫെബ്രുവരി 21 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 2 മണി വരെ പി.എം.ഒ.സി.യിൽ വച്ച് നടക്കുന്നു. നിർബന്ധമായും എല്ലാ ശാഖാ വൈസ് ഡയറക്ടേഴ്സും, മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുക്കുന്നതിന് എല്ലാ മേഖലാ സീനിയർ ഭാരവാഹികളും എത്തിച്ചേരണമെന്ന് അറിയിക്കുന്നു. അസൗകര്യം ഉള്ളവർ നേരത്തെ ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്.

### വചനോപാസി

ബൈബിളിലെ ഒരു പുസ്തകം മനഃപാഠമാക്കുന്ന പദ്ധതി ഈ വർഷം വി. ലൂക്കായുടെ സുവിശേഷമാണ് മനഃപാഠമാക്കേണ്ടത്. 2020 ഏപ്രിൽ 18 നായിരിക്കും മത്സരം നടക്കുക. ഇനിയും പേര് രജിസ്റ്റർ ചെയ്യാൻ ആരെങ്കിലും ഉണ്ടെങ്കിൽ ഫെബ്രുവരി 20 നുള്ളിൽ രജിസ്റ്റർ ചെയ്യേ ണ്ടതാണ്.

### രൂപതാ വിഹിതം

ഇനിയും രൂപതാ വിഹിതം രൂപതയിൽ ഏൽപ്പിക്കാത്ത ശാഖകൾ

ഫെബ്രുവരി 21 ന് നടക്കുന്ന വൈസ് ഡയറക്ടേഴ്സ് സംഗമത്തിൽ വരുമ്പോൾ കൊണ്ടുവരേണ്ടതാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. മിഷൻ സൺഡേ കളക്ഷന്റെ 10% ആണ് രൂപത വിഹിതമായി നൽകേണ്ടത്.

## ഗ്രന്റ് മാസ്റ്റേഴ്സ് ക്യാമ്പ്

2020 ഏപ്രിൽ 14 മുതൽ 17 വരെ തിയതികളിൽ രൂപതാ തലത്തിൽ 7 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ് നടത്തുന്നു. ക്യാമ്പ് ഫീസ് 1200 രൂപയാണ്. 200 രൂപ അടച്ച് പേര് രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 75 പേർക്കാണ് പങ്കെടുക്കാനുള്ള അവസരം ഉണ്ടായിരിക്കുക. ബാങ്ക് വഴിയും 200 രൂപ അടച്ച് രജിസ്റ്റർ ചെയ്യാവുന്ന താണ്. ബാങ്ക് വഴി രജിസ്റ്റർ ചെയ്യുന്നവർ വിവിരം ഓഫീസിൽ വിളിച്ചറി യിക്കേണ്ടതാണ്. അക്കൗണ്ട് നമ്പർ താഴെ ചേർക്കുന്നു.

Fr. Director CML
Ac. No - 042805 3000000324
IFC - SIBL 0000428
Thamarassery

## വീഡിയോ പ്രസംഗ മത്സരം

രൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ മിഷൻലീഗ് അംഗങ്ങൾക്കുവേണ്ടി വീഡിയോ പ്രസംഗ മത്സരം നടത്തുന്നു. വി. ജോൺ മരിയ വിയാനി, വി. മറിയം ത്രേസ്യ എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നാണ് മത്സരാർത്ഥികൾ തെരഞ്ഞെടുക്കേണ്ടത്. 5, 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആൺ-പെൺ വ്യത്യാസമില്ലാതെ മത്സരത്തിൽ പങ്കെടുക്കാം. വിജയികൾക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്.

പ്രസംഗ ദൈർഘ്യം 3 മിനിറ്റിൽ കൂടാൻ പാടില്ല. വീഡിയോ അയക്കുന്നവർ പേര്, ക്ലാസ്സ്, വീട്ടുപേര്, ഇടവക എന്നിവ വ്യക്തമായി എഴുതി അയക്കേണ്ടതാണ്. വ്യക്തത ഇല്ലാത്തത് മത്സരത്തിൽ പരിഗണിക്കുന്നതല്ല. വീഡിയോ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 29. വീഡിയോ അയക്കേണ്ട നമ്പർ: 8606203117.

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ, മിഷൻലീഗ്

# കെ.സി.വൈ.എം.

## ആർപ്പോ വടംവലി മത്സരം 2019

കെ.സി.വൈ.എം താമരശ്ശേരി രൂപത നേതൃത്വത്തിൽ കോടഞ്ചേരി മേഖലയുടെ ആഭിമുഖ്യത്തിൽ നടന്ന ആർപ്പോ 2019 നവംബർ 30 നു വടംവലിയിൽ ഈരൂട് ഇടവക കിരീടം ചൂടി. കൂടരഞ്ഞി ഇടവക രണ്ടാം സ്ഥാനവും, കൂമംകുളം, വലിയകൊല്ലി ഇടവകകൾ യഥാക്രമം മൂന്നും നാലും സ്ഥാനങ്ങൾ കരസ്ഥമാക്കി. താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് വിശാഖ് തോമസ്, രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, കോടഞ്ചേരി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ, മേഖല ഡയറക്ടർ ഫാ. നിഖിൽ പുത്തൻവീട്ടിൽ, രൂപത ആനിമേറ്റർ സി. ഷാർലറ്റ് സി.എം.സി, മേഖല ആനിമേറ്റർ സി. ഹെലൻ എഫ്.സി.സി, രൂപത ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, സംസ്ഥാന സെനറ്റ് മെമ്പറും സ്പോർട്സ് ഇൻചാർജ്ജ് ടിബിൻ അഗസ്റ്റിൻ, മേഖല പ്രസിഡന്റ് ജിസൻ വള്ളിങ്കവുക്കൽ, സംസ്ഥാന സെനറ്റ് മെമ്പർ അനുപ്രിയ മാത്യു, രൂപത ട്രഷറർ റിച്ചാർഡ് ജോൺ, സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ ലിമിന ജോർജ്ജ്, രൂപത വൈസ് പ്രസിഡന്റ് ജസ്റ്റിൻ സൈമൺ, രൂപത സെക്രട്ടറി സിമി തേവടിയിൽ, രൂപത സ്പോർട്സ് ഇൻചാർജ്ജ് സെബിൻ സണ്ണി, രൂപത സമിതി അംഗങ്ങളായ ജിബിൻ പെരിന്തൽമണ്ണ, ജോസ്ന ജോസ്, ലിൻഡ മാത്യു, മേഖലാ സെക്രട്ടറി ജെഫിൻ ചന്ദ്രൻകുന്നേൽ, അമല ഉറുമ്പിൽ എന്നിവർ നേതൃത്വം നൽകി.

## ന്യൂനപക്ഷ അവകാശറാലിയും ഉപരോധവും

ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്ക് തുല്യഅവകാശം നൽകുക, ന്യൂനപക്ഷ അവകാശത്തെപ്പറ്റി പഠിക്കാൻ പുതിയ കമ്മീഷനെ നിയമിക്കുക എന്നി ആവശ്യങ്ങൾ ഉന്നയിച്ച് കെ.സി.വൈ.എം താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 21 ശനിയാഴ്ച രാവിലെ 9.30 ന് നടക്കാവ് നിന്ന് ചക്കോരത്തുകുളത്തുള്ള ന്യൂനപക്ഷ ധനകാര്യ കമ്മീഷൻ ഓഫീസിലേക്ക് ബഹുജന മാർച്ചും ഉപരോധവും സംഘടിപ്പിച്ചു. താമരശ്ശേരി രൂപത ചാൻസിലർ ഫാ. ജോർജ്ജ് മുണ്ടനാട്ട് ഉദ്ഘാടനകർമ്മം നിർവഹിക്കുകയും മാനന്തവാടി രൂപത വക്താവ് ഫാ. നോബിൾ തോമസ് പാറക്കൽ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, കെ.സി.വൈ.എം രൂപത പ്രസിഡന്റ് വിശാഖ് തോമസ്, ആനിമേറ്റർ സി. ഷാർലറ്റ്, ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, വൈസ് പ്രസിഡന്റ് ജസ്റ്റിൻ തുമുള്ളിൽ തുടങ്ങിയവർ നേതൃത്വം നൽകി. 150 ഓളം

യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും മേഖലാ ഡയറക്ടർമാർക്കും ആനിമേറ്റേഴ് സിനും ഹൃദയം നിറഞ്ഞ നന്ദി.

## ക്രിസ്തുമസ് ഡെയ്‌ലി ചലഞ്ചേഴ്സ്

പതിവിൽനിന്ന് വ്യത്യസ്തമായി 2019 ലെ ക്രിസ്തുമസിന് ആത്മീയ ഉണർവും ആവേശവും പുതുമയും ഉളവാക്കുവാൻ കെ.സി.വൈ.എം താമരശ്ശേരി രൂപത സ്പിരിച്വൽ ടീം ക്രിസ്തുമസ് ഡെയ്‌ലി ചലഞ്ച് ഒരുക്കുകയും 25 ദിവസത്തെയും വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുകയും ചെയ്തു. പ്രോഗ്രാമിന് നേതൃത്വം നൽകിയ സ്പിരിച്വൽ ടീം കോഡിനേറ്റർ കൂടത്തായി ഇടവകാംഗം സിമിക്കും ചേർന്നു പ്രവർത്തിച്ച രൂപതാ സമിതി അംഗങ്ങൾക്കും പ്രോഗ്രാമിൽ പങ്കെടുത്ത എല്ലാ യുവജന സുഹൃത്തുക്കൾക്കും പ്രോത്സാഹനം നൽകിയ എല്ലാ വർക്കും കൃതജ്ഞതയും നന്ദിയും അറിയിക്കുന്നു.

## രാജത്വതിരുനാൾ ആഘോഷം

നവംബർ 24 ക്രിസ്തുരാജന്റെ തിരുനാൾ ദിവസം കെ.സി.വൈ.എം അംഗങ്ങൾ ഇടവകയിലെ സൺഡേ സ്കൂൾ വിദ്യാർത്ഥികളോടും അധ്യാപ കരോടും ചേർന്ന് രൂപതയിലെ എല്ലാ ഇടവകകളിലും തിരുനാൾ റാലികൾ സംഘടിപ്പിച്ച് രാജത്വതിരുനാൾ വളരെ വർണ്ണാഭമായി ആഘോഷിച്ചു.

## കേക് ഫെസ്റ്റ് 2019

തിരുവമ്പാടി ഫോർ അസ് പ്ലാസയുമായി സഹകരിച്ചുകൊണ്ട് രൂപതയിലെ വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലും ക്രിസ്തുമസ് കേക്കുകൾ വിതരണം ചെയ്തു. ഇടവകകളും മേഖലകൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ഉപാധിയായി കൂടി നടന്ന ഈ കേക്ക് ഡിസ്ട്രിബ്യൂ ഷനിൽ പ്രതികരിച്ച എല്ലാ വൈദികർക്കും യുവജനങ്ങൾക്കും നന്ദി. കേക്ക് ഫെസ്റ്റിന് നേതൃത്വം നൽകിയ രൂപതാ ട്രഷറർ റിച്ചാർഡിനും, ജനറൽ സെക്രട്ടറി അഭിലാഷ് ബാബുവിനും സഹകരിച്ച എല്ലാ രൂപതാ സമിതി അംഗങ്ങൾക്കും യുവജന സുഹൃത്തുക്കൾക്കും നന്ദി.

## രൂപതാ എക്സിക്യുട്ടീവ് മീറ്റിംഗ്

രൂപതാ എക്സിക്യുട്ടീവ് മീറ്റിംഗ് ഡിസംബർ 6 വെള്ളിയാഴ്ച പി.എം.ഒ.സി യിൽ നടന്നു.

ജനുവരി 10-ാം തീയതി തമാരശ്ശേരി ബിഷപ്പ് ഹൗസിനോട് അനുബന്ധിച്ചുള്ള പുതിയ ഓഫീസിൽ രൂപത എക്സിക്യുട്ടീവ് യോഗം നടത്തി. താമരശ്ശേരി രൂപത കെ.സി.വൈ.എം. വൈസ് പ്രസിഡന്റായി മഞ്ജുഷ തടത്തിലിനെ തിരഞ്ഞെടുത്തു. ഒരു വർഷത്തിലധികമായി നിസ്വാർത്ഥമായ

സേവനം ചെയ്തു വന്നിരുന്ന സിപ്സിയ മാർട്ടിന് രൂപതാ സമിതിയുടെ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. സംസ്ഥാന സെനറ്റിന് അവതരിപ്പിക്കാനുള്ള വാർഷിക റിപ്പോർട്ട് വായിച്ചു പാസാക്കി.

**യൂത്ത് മിനിസ്ട്രി ടീം ക്യാമ്പ്**

യുത്ത് മിനിസ്ട്രി ടീം ക്യാമ്പ് ഡിസംബർ 11 ന് പി.എം.ഒ.സി.യിൽ വച്ച് നടന്നു.

**വിവാഹജീവിതത്തിലേക്ക് – ആശംസകൾ**

കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്ന രൂപതാ സിൻഡിക്കേറ്റ് മെമ്പർ, മഞ്ചേരി ഇടവകാംഗം തേജസ് മാത്യു കറുകയിലിനും താമരശ്ശേരി രൂപത വൈസ് പ്രസിഡണ്ടായി നിസ്വാർത്ഥ മായി സേവനമനുഷ്ഠിച്ച് വിവാഹജീവിത അന്തസ്സിലേക്ക് പ്രവേശിക്കുന്ന കൂമൻകുളം ഇടവകാംഗം ഞങ്ങളുടെ പ്രിയപ്പെട്ട സിപ്സിയ മാർട്ടിനും താമരശ്ശേരി രൂപതയുടെ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**നിലാവ് കൂട്ടം നടത്തിയ ഇടവകകൾ**

1. വിലങ്ങാട് – ഡിസംബർ 26
2. തേക്കുംകുറ്റി – ഡിസംബർ 27
3. പശുക്കടവ് – ഡിസംബർ 28
4. ചമൽ – ഡിസംബർ 29
5. കോടഞ്ചേരി – ജനുവരി 4

**സി. വൈ. എഫ്.സി– യൂത്ത് മിനിസ്ട്രി**

വിലങ്ങാട്, പുഷ്പഗിരി, വലിയകൊല്ലി, ഈരൂട്, കക്കയം, കാറ്റുള്ളമല എന്നീ ഇടവകകളിൽ യൂത്ത് മിനിസ്ട്രിയുടെ ഡിസംബർ മാസത്തെ സെഷനുകൾ 15, 22, 28 തീയതികളിൽ നടന്നു. യൂത്ത് മിനിസ്ട്രിക്കായി അക്ഷീണം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന എല്ലാ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും ഹൃദയപൂർവ്വം നന്ദി.

**യൂത്ത് മിനിസ്ട്രി – കുടുംബനവീകരണ വർഷ ഹോം മിഷൻസ്**

രൂപതയിലെ വിവിധ കോൺഗ്രിഗേഷനുകളുടെ നേതൃത്വത്തിൽ ഹോം മിഷൻസ് നടത്തിയ ഇടവകകൾ.

1 ചമൽ – എം.എസ്.എം.ഐ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ

2 പാലൂർ – എസ്.എ.ബി.എസ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ

3 വെട്ടത്തൂർ – സി.എം.സി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ

4 കാക്കവയൽ – ഫിലിപ്പ്നേരി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ

5 ചുണ്ടത്തുംപൊയിൽ – എസ്.എ.ബി.എസ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ

6 കല്ലുരുട്ടി - എസ്.എച്ച് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ
7 പെരുന്തൽമണ്ണ - എഫ്.സി.സി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ
8 വിളക്കാംതോട് - എസ്.എ.ബി.എസ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ
9 മരംചാട്ടി - എസ്.എച്ച് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ
10 കൂരോട്ടുപാറ - ഫിലിപ്പ് നേരി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ
11 മാലാപറമ്പ് - സി.എം.സി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ
12 പാലൂർകോട്ട - എഫ്.സി.സി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ

### അറിയിപ്പുകൾ

1 രൂപത റിസോഴ്സ് ടീം രൂപീകരണം: രൂപതാ റിസോഴ്സ് ടീമിലേക്ക് പുതിയ അംഗങ്ങളെ ക്ഷണിക്കുന്നു. ഡിസംബർ ജനുവരി മാസങ്ങളിൽ നടക്കുന്ന ക്യാമ്പിൽ പുതിയ അംഗങ്ങളെ തിരഞ്ഞെടുക്കുന്നു. റിസോഴ്സ് ടീമിലേക്ക് കഴിവുള്ള യുവജനങ്ങളെ നിർദ്ദേശിക്കാവു ന്നതാണ്.

2 യൂത്ത് മിനിസ്ട്രി റിസോഴ്സ് ടീം ക്യാമ്പ്: യൂത്ത് മിനിസ്ട്രി റിസോഴ്സ് ടീം ക്യാമ്പ് ജനുവരി 2-ാം തീയതി പി.എം.ഒ.സി. യിൽ വച്ച് നടക്കുന്നു.

3 ഫെബ്രുവരി 8 ന് താമരശ്ശേരി രൂപതാ ഭവനിൽ വച്ച് കെ.സി.വൈ. എം. താമരശ്ശേരി രൂപത അർദ്ധവാർഷിക സെനറ്റ് സമ്മേളനവും പുതിയ ഓഫീസിന്റെ ഉദ്ഘാടന കർമ്മവും നടത്തുന്നു. രാവിലെ 9.30 മുതൽ വൈകിട്ട് 4 വരെ ആയിരിക്കും സമ്മേളനം. എല്ലാ ഫൊറോന സമിതികളും കഴിഞ്ഞ ആറുമാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്. ബഹു. മേഖല ഡയറക്ടർമാരും ആനിമേറ്റേഴ്സും നിർബന്ധമായും സമ്മേളനത്തിൽ പങ്കെടുക്കേ ണ്ടതാണ്.

### രൂപതാതല പുൽക്കൂട് മത്സരം

കെ.സി.വൈ.എം. താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ രൂപതാ തല പുൽക്കൂട് മത്സരം നടത്തി.

**ഒന്നാം സമ്മാനം - പാലൂർ ഇടവക (5001 രൂപ)**

**രണ്ടാം സമ്മാനം - വലമ്പൂർ ഇടവക (2001 രൂപ)**

**മൂന്നാം സമ്മാനം - വെറ്റിലപ്പാറ ഇടവക (1001 രൂപ)**

**ചെമ്പുകടവ്, ചക്കിട്ടപ്പാറ യൂണിറ്റുകൾക്ക് പ്രോത്സാഹന സമ്മാനം നേടി.**

സമ്മാനാർഹമായ എല്ലാ യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ. മികച്ച പുൽക്കൂടുകൾ ഒരുക്കി പങ്കെടുത്ത എല്ലാ യൂണിറ്റുകൾക്കും നന്ദി അറിയിക്കുന്നു.

### സാൻജോ സണ്ണിയെ ആദരിച്ചു

തിരുവനന്തപുരം മാർ ബസേലിയോസ് കോളേജിൽ വച്ചു നടന്ന മലങ്കര

കത്തോലിക് യൂത്ത് മൂവ്മെന്റ് ഗ്ലോബൽ സമിതിയുടെ മലങ്കര യുവജന കൺവെൻഷന്റെ ലോഗോയും, മലങ്കര ഡിജിറ്റൽ ലൈബ്രറി ലോഗോയും ആലേഖനം ചെയ്തൊരിക്കിയതിന് താമരശ്ശേരി രൂപത കെ.സി.വൈ.എം. അംഗവും യുവ കലാകാരനും കക്കയം സ്വദേശിയുമായ ശ്രീ. സാൻജോ സണ്ണിയെ മലങ്കര കത്തോലിക്ക സഭയുടെ മേജർ ആർച്ച് ബിഷപ്പ് മോറൻ മോർ കർദ്ദിനാൾ ക്ലീമീസ് കത്തോലിക്കാബാവ ഉപഹാരം നൽകി ആദരിച്ചു. സാൻജോ സണ്ണിക്ക് താമരശ്ശേരി രൂപത കെ.സി.വൈ. എം.ന്റെ അഭിനന്ദനങ്ങൾ.

## ഇവ ആന്റണിക്ക് ഐക്യദാർഢ്യം

ദാരുണമായി കൊല്ലപ്പെട്ട മരട് പെൺകുട്ടി ഇവ ആന്റണിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും നീതിലഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടും താമരശ്ശേരി രൂപത കെ.സി.വൈ.എം. പ്രതിഷേധ ജ്വാല തെളി യിച്ചു. മാധ്യമങ്ങളുടെയും സാംസ്കാരിക നായകന്മാരുടെയും നിശബ്ദത യെ ശക്തമായ രീതിയിൽ അപലപിച്ചു നടത്തിയ പ്രതിഷേധം രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്തു. യോഗത്തിൽ രൂപതാ പ്രസിഡന്റ് വിശാഖ് തോമസ് അദ്ധ്യക്ഷത വഹിച്ചു. രൂപത ചാൻസിലർ ഫാ. ജോർജ്ജ് മുണ്ടനാട്ട്, ഫാ. വിനോയ് പുരയിടത്തിൽ, ഫാ. കുര്യൻ തലച്ചിറക്കുഴിയിൽ, ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാ ക്കുടിയിൽ, ജനറൽ സെക്രട്ടറി അഭിലാഷ് കുടപാറ, സെനറ്റ് മെമ്പർ അനുപ്രിയ മാത്യു, വൈ. പ്രസിഡന്റ് ജസ്റ്റിൻ തുമുള്ളിൽ, ട്രഷറർ റിച്ചാർഡ് ജോൺ, രൂപതാ സമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## യൂണിവേഴ്സിറ്റിയിൽ കെ.സി.വൈ.എം. കാത്തലിക് യൂത്ത് പ്രതിഷേധം നടത്തി

അക്രമത്തിനിരയായി കൊല്ലപ്പെട്ട ഇവ ആന്റണിയുടെ മരണത്തിൽ ദുരൂഹതകൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് ജനുവരി 17 ന് കെ.സി.വൈ.എം. അംഗങ്ങൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വാ മൂടികെട്ടി പ്രതിഷേധ റാലി സംഘടിപ്പിച്ചു. ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു പ്രതിഷേധ പരിപാടിയുമായി കെ.സി.വൈ.എം. യൂണിവേഴ്സിറ്റി കാമ്പസിലെത്തുന്നത്. കെ.സി.വൈ.എം. രൂപത വൈസ് പ്രസിഡന്റ് ജസ്റ്റിൻ തൂമുള്ളിൽ, അഖിൽ ജോസ് പൂതക്കുഴിയിൽ, അജയ് മങ്ങര, റ്റിൻസ്, സേവിയർ, അഞ്ജന, ഹണി, ക്രിസ്റ്റി, ജോമിൻ, അമൽ എന്നിവർ നേതൃത്വം നൽകി.

## കെ.സി.വൈ.എം. സ്ഥാപക ദിനവും പതാക ദിനവും ആഘോഷിച്ചു.

കെ.സി.വൈ.എം. താമരശ്ശേരി രൂപതാതല സ്ഥാപകദിന ആഘോഷം പശുക്കടവ് സെന്റ് തെരേസ് പള്ളിയിൽ വച്ചു 2019 ഡിസംബർ 28 ന് നടത്തപ്പെട്ടു. രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് പതാക ഉയർത്തി ഉദ്ഘാടനം നിർവഹിച്ചു. രൂപത ജനറൽ സെക്രട്ടറി അഭിലാഷ് കുടപ്പാറ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ചാൻസിലർ ഫാ. ജോർജ്ജ് മുണ്ടനാട്ട്,

കെ.സി.വൈ.എം. രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, ഇടവക വികാരി ഫാ. തോമസ് ചക്കിട്ടമു റിയിൽ, സിൻഡിക്കേറ്റ് അംഗം ലിമിന ജോർജ്ജ്, ട്രഷറർ റിച്ചാർഡ് ജോൺ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ സംസാരിച്ചു. യൂണിറ്റ് നിലാവുകൂട്ടം നടത്തപ്പെട്ടു.

### ക്രിസ്മസ് ചലഞ്ച് സമ്മാനദാനം

കെ.സി.വൈ.എം. ക്രിസ്മസിനോടനുബന്ധിച്ച് നടത്തിയ ക്രിസ്മസ് ചലഞ്ചിന് സമ്മാനാർഹമായവർക്കുള്ള സമ്മാനങ്ങൾ ജനുവരി 2 ന് ലിസ കോളേജിൽ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വിതരണം ചെയ്തു. സമ്മാനാർഹമായ പതിനഞ്ചോളം പേർ അഭിവന്ദ്യ പിതാവിന്റെ പക്കൽനിന്നും സമ്മാനങ്ങൾ കൈപ്പറ്റി. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടി യിൽ, കെ.സി.വൈ.എം. രൂപതാ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു.

### കെ.സി.വൈ.എം. 42-ാമത് വാർഷിക സെനറ്റ് സമ്മേളനം

തൃശ്ശൂർ: കെ.സി.വൈ.എം. 42-ാമത് വാർഷിക സെനറ്റ് സമ്മേളനം 2020 ജനുവരി 17, 18, 19 തീയതികളിലായി തൃശ്ശൂർ അതിരൂപതയുടെ ആമ്പല്ലൂർ ഉള്ള സ്വിച്ചിൽ ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത സെനറ്റിൽ കേരളസഭയുടെ യുവജന പ്രസ്ഥാനത്തിന് 2020 വർഷം നേതൃത്വം നൽകേണ്ട ഭാരവാഹികളെ തെരഞ്ഞെടുക്കുകയും, 32 രൂപതകളിലെ 2019 വർഷത്തിലെ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും, പ്രസ്ഥാനത്തിന്റെ നയരൂപീകരണം നടത്തുകയും, പ്രവർത്തന മാർഗ്ഗരേഖ ചർച്ച ചെയ്തു തീരുമാനങ്ങളെടുക്കുകയും ചെയ്തു. താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, പ്രസിഡന്റ് വിശാഖ് തോമസ്, ആനിമേറ്റർ സി. ഷാർലറ്റ് റോസ്, ജനറൽ സെക്രട്ടറി അഭിലാഷ് കുട്ടിപ്പാറ, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ ലിമിന ജോർജ്ജ്, അനുപ്രിയ മാത്യു എന്നിവർ പങ്കെടുത്തു.

### ലിമിന ജോർജിന് അഭിനന്ദനങ്ങൾ

**2020 - 21 വർഷത്തെ സംസ്ഥാന സമിതി വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട ചമൽ ഇടവകാംഗം ലിമിന ജോർജ്ജ് ഇലവുതടിക്കലിന് താമരശ്ശേരി രൂപതയുടെയും കെ.സി.വൈ.എം. ന്റെയും അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.**

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# ലിറ്റർജി കമ്മീഷൻ

## ഫീദെസ് ഫാമിലി ക്വിസ് മത്സരം തേക്കുംകുറ്റി ഇടവക ജേതാക്കൾ

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ 11-1-2020 ശനിയാഴ്ച രാവിലെ 10 മണി മുതൽ താമരശ്ശേരി രൂപതാ ഭവനിൽ വച്ച് നടത്തിയ ഫീദെസ് ഫാമിലി ക്വിസ്സ് 2019 മത്സരത്തിൽ തേക്കുംകുറ്റി ഇടവക (ജോമോൻ, സോനു പാഴിയാങ്കൽ ഫാമിലി) ഒന്നാം സമ്മാനം കരസ്ഥ മാക്കി. തിരുവമ്പാടി (ഷൈനി, ജേക്കബ് താമരക്കാട്ട് ഫാമിലി), പുതുപ്പാടി (സജി, മിനി, ആർദ്ര മെഴുകനാൽ ഫാമിലി) എന്നീ ഇടവക യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിവിധ ഇടവകകളിൽ നിന്നായി 62 ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. ഒന്നാം സമ്മാനം 25000 രൂപ (പാലാഴി ജൈവ കാലിതീറ്റ, ഈങ്ങാപ്പുഴ) രണ്ടാം സമ്മാനം 15000 രൂപ (CHEM Pharma, Manjeri) മൂന്നാം സമ്മാനം 10000 രൂപ (Fatima Drug-lines, Mangeri) കൂടാതെ ഫൈനൽ റൗണ്ടിലേക്ക് പ്രവേശിച്ച 6 ടീമുകളിൽ ബാക്കി 3 ടീമുകളായ തെയ്യപ്പാറ, പടത്തുകടവ്, മാലാപറമ്പ് എന്നിവയ്ക്ക് 1000 രൂപ വീതം സമ്മാനങ്ങൾ ലഭിച്ചു. പങ്കെടുത്ത 62 ടീമുകൾക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകി.

താമരശ്ശേരി രൂപത കമ്മ്യൂണിക്കേഷൻ മീഡിയ ചെയർമാനും രൂപതയുടെ പി.ആർ.ഒ യുമായ ഫാ. മാത്യു കൊല്ലംപറമ്പിലാണ് ക്വിസ് മത്സരം നയിച്ചത്. വിജയികൾക്കുള്ള സമ്മാനങ്ങൾ രൂപതാദിനത്തിനു നൽകുന്നതാണ്. ഈ ക്വിസ് മത്സരത്തിനുവേണ്ട പ്രോത്സാഹനവും പിന്തുണയും നൽകിയ അഭിവന്ദ്യ പിതാവിനും മോൺ. ജോൺ ഒറവുങ്കരയച്ചനും, ജോർജ്ജ് മുണ്ടനാട്ടച്ചനും പ്രത്യേകം നന്ദി പറയുന്നു. ബഹു. അച്ചന്മാരുടെ പ്രോത്സാഹനവും സഹകരണവുംകൊണ്ട് മാത്രമാണ് ഫീദെസ് ഫാമിലി ക്വിസ് മത്സരം ഭംഗിയായി അവസാനിച്ചത്. വളരെ ശാസ്ത്രീയമായും ചിട്ടയായും മനോഹരമായി ക്വിസ് മത്സരം നടത്തിയ ക്വിസ് മാസ്റ്റർ മാത്യു കൊല്ലംപറമ്പിലച്ചനും മലബാർ വിഷൻ ടീമിനും ഹൃദയപൂർവ്വം നന്ദി. ഓഡിറ്റോറിയവും മറ്റ് അനുബന്ധ സൗകര്യങ്ങളും നൽകിയ ബഹു. മാത്യു പുളിമൂട്ടിലച്ചനും, ബ്രദേഴ്സിനെ സഹായത്തിനു നൽകിയ ബഹു. സെബാസ്റ്റ്യൻ പുരയിടത്തിലച്ചനും, അബ്രാഹം കൊച്ചീലാത്തച്ചനും ലിറ്റർജി കമ്മീഷന്റെ എല്ലാ അംഗങ്ങൾ ക്കും നന്ദി അറിയിക്കുന്നു. ഒരിക്കൽകൂടി ഈ ക്വിസ് മത്സരത്തിന് പ്രത്യക്ഷ മായും പരോക്ഷമായും സഹായിച്ചവർക്കും അതിൽ പങ്കെടുത്ത എല്ലാവർ ക്കും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# ഫാമിലി അപ്പോസ്തലേറ്റ്

ജനുവരി 06-08 തീയ്യതികളിൽ പി.എം.ഒ.സി.-യിൽ വച്ച് പ്രീ-കാനാ കോഴ്സ് നടത്തി. വിവിധ രൂപതകളിൽ നിന്നായി 84 പേർ പങ്കെടുത്തു. ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. ജോർജ്ജ് കളപ്പുര, ഫാ. റോയി തേക്കുംകാട്ടിൽ, ഫാ. റോണി പോൾ കാവിൽ, ഫാ. വിൽസൺ മൂട്ടത്തുകുന്നേൽ, ഫാ. അരുൺ വടക്കേൽ, ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ, ഡോ. അബ്രാഹം ജേക്കബ്, പ്രൊഫ. ചാക്കോ കാളംപറമ്പിൽ, എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാ. തോമസ് പുതിയാപറമ്പിൽ, സജീവ് - ഷീബ പുരയിടത്തിൽ, ഡോ. അരുൺ - ഡോ. ചിന്നു, തോമസ്-ഏലിക്കുട്ടി വെട്ടത്ത് എന്നിവരുടെ നേതൃത്വത്തിൽ ഫാമിലി ചാറ്റ് നടത്തി. കോഴ്സിൽ പങ്കെടുത്ത വിവാഹാർത്ഥികളോട് ചോദ്യങ്ങൾ ചോദിക്കുകയും അവരുടെ ചോദ്യങ്ങൾക്ക് ടീം അംഗങ്ങൾ മറുപടി നൽകുകയും ചെയ്തു. ബുധനാഴ്ച വൈകിട്ട് 5 മണിയോടുകൂടി കോഴ്സ് അവസാനിച്ചു. എം.എസ്.എം.ഐ സന്ന്യാസിനി സമൂഹത്തിലെ സിസ്റ്റേഴ്സ്, മിസ്റ്റർ തോമസ് പുലിക്കോട്ടിൽ എന്നിവർ കൗൺസിലിംഗിനു നേതൃത്വം നല്കി.

**അടുത്ത പ്രീ - കാനാ കോഴ്സുകൾ**

ഫെബ്രുവരി 03-05, മാർച്ച് 09-11, മാർച്ച് 30-ഏപ്രിൽ 1

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്

# ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്

**വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്**

കേരള കത്തോലിക്കാ സഭയിൽ ബധിരർക്കും മൂകർക്കുംവേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെ.സി.ബി.സി തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സി.യിൽ ആരംഭിച്ചിരുന്നല്ലോ. കേരളസഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം. കെ.സി.ബി.സി ഫാമിലി

കമ്മീഷനാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ബധിരരും മൂകരുമായിട്ടുള്ള അകത്തോലിക്കരായ യുവതീ യുവാക്കൾക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീക രിച്ചിട്ടുള്ളത്.

ഇക്കാര്യം ബഹു. വികാരിമാർ ഞായറാഴ്ച കുർബാനമദ്ധ്യേ ആളുകളെ അറിയിക്കണം. ഇനി മുതൽ ഇടവകയിൽ ബധിരരും മൂകരുമായിട്ടുള്ള യുവതീ യുവാക്കൾ വിവാഹതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം. കൂടാതെ ഇവർക്കുവേണ്ടി യുള്ള മാട്രിമോണിയൽ സർവ്വീസിന്റെ പ്രവർത്തനം (KCBC Matrimony for the Deaf) ഭംഗിയായി തുടരുന്നു.

2020 ൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള 4 വിവാഹ ഒരുക്ക കോഴ്സുകളാണ് ഒരുക്കിയിരിക്കുന്നത്.

**1. പാലാരിവട്ടം പി.ഒ.സി. യിൽ**

ഏപ്രിൽ 11-12 - ഒക്ടോബർ 24-25

**2. മലബാർ മേഖല**

ഫെബ്രുവരി 15-16, സ്ഥലം: നവജ്യോതിസ് പാസ്റ്ററൽ സെന്റർ
കോഴിക്കോട്

**3. കൊല്ലം - തിരുവനന്തപുരം മേഖല**

ജൂലൈ 25-26, സ്ഥലം: ക്രിസ്തുജ്യോതിസ് ആനിമേഷൻ സെന്റർ
കൊട്ടിയം, കൊല്ലം

ബന്ധപ്പെടേണ്ട വിലാസം: സെക്രട്ടറി, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, കൊച്ചി 682 025.

ഫോൺ: 9995028229, 9495812190

Email: kcbcfamilycommission@gmail.com,
Website: www.kcbcfamilycommission.org

# എഫ്. എസ്. റ്റി

താമരശ്ശേരി രൂപതയിലെ എല്ലാ സന്ന്യാസിനി സമൂഹത്തെയും പ്രതിനിധീകരിച്ചുകൊണ്ട് എഫ്.എസ്.റ്റി യുടെ നേതൃത്വത്തിൽ 17-01-2020 ന് താമരശ്ശേരി രൂപതാ ഭവനിൽ വച്ച് 'സുപ്പീരിയേഴ്സ് മീറ്റ്' നടത്തി. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും എഫ്. എസ്.റ്റി ഡയറക്ടർ റവ. ഫാ. ജോർജ്ജ് മുണ്ടനാട്ട് കുടുംബ നവീകരണ വർഷത്തിൽ സമർപ്പിതർക്കുള്ള ദൗത്യത്തെക്കുറിച്ച് ബോധവത് ക്കരണം നൽകുകയും ചെയ്തു.

രണ്ടാം സെഷനിൽ അഡ്വ. റ്റി. ജെ ജോസഫ് തടത്തിൽ വ്യക്തിത്വം നന്മയാൽ രൂപീകൃതമാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ്സെ ടുത്തു. തുടർന്ന് അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് സമർപ്പിതർ രൂപത യോട് ചേർന്ന് നിന്ന് ശുശ്രൂഷ ചെയ്യുന്നതിന് നന്ദി പ്രകടിപ്പിക്കുകയും എഫ്.എസ്.റ്റിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കഴിഞ്ഞ മൂന്നര വർഷക്കാലം എഫ്.എസ്.റ്റി ക്ക് നേതൃത്വം നൽകിയ സി. മരിയറ്റ് എസ്.ഡി. ക്കും ടീമംഗങ്ങൾക്കും നന്ദി പറയുകയും അടുത്ത 3 വർഷത്തേക്കുള്ള ഭാരവാഹികളായി സി. ശോഭ DPMT, സി.ആൻസി SMMI, സി. ജെൻസി FCC, സി. ജെസ്സി ആൻസില ഭവൻ, സി. ലില്ലി പോൾ MSMI, സി. നെസി CMC, സി. റോസ് SABS, സി. റോയ്സ് SH എന്നിവരെ തെരഞ്ഞെടുക്കുകയും ചെയ്തു.

**സി. ശോഭ DPMT**
പ്രസിഡന്റ്, എഫ്.എസ്.റ്റി

# മദ്യവിരുദ്ധ സമിതി

## രൂപത ഡയറക്ടേഴ്സ് മീറ്റ്

എറണാകുളം പി.ഒ.സി. യിൽ വെച്ച് നടന്ന വിവിധ രൂപതകളിലെ ഡയറക്ടർമാരുടെ സമ്മേളനത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപതാ ഡയറക്ടർ പങ്കെടുത്തു. രൂപതകളിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ദുരന്തങ്ങളിൽ നിന്ന് ജനങ്ങളെ കൈപിടിച്ച് ഉയർത്തുന്നതിനുള്ള വിവിധ കർമ്മ പരിപാടികൾ യോഗത്തിൽ ചർച്ച ചെയ്തു.

## പ്രതിഷേധിച്ചു

നാട്ടിലുടനീളം വിദേശ മദ്യഷാപ്പുകളും ബിവറേജസ് ഔട്ട്ലെറ്റുകളും എല്ലാ നിയന്ത്രണങ്ങളും ഭേദിച്ചുകൊണ്ട് അനുവദിക്കുന്ന സർക്കാർ നടപടിക്കെതിരെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത കമ്മിറ്റി പ്രതിഷേധിച്ചു. വളഞ്ഞ വഴികളിലൂടെ ദൂരപരിധി ലംഘിച്ചുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആരാധനാലയങ്ങളുടെയും ആതുരാലയങ്ങളുടെയും സമീപത്ത് മദ്യഷാപ്പുകൾ സ്ഥാപിക്കുന്ന നടപടികൾ തുടരുന്നതോടൊപ്പം മാസാദ്യ ദിവസം ഡ്രൈഡേ ആയിരുന്നത് മാറ്റിക്കൊണ്ട് അന്നും യഥേഷ്ടം മദ്യം ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. രൂപതാ ഡയറക്ടർ സംഗമം ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് കുര്യൻ ചെമ്പനാനി, രാജൻ ഉറുമ്പിൽ, ജോളി ഉണ്ണ്യേപ്പിള്ളിൽ, ടി.ടി. തോമസ്, റോയി മുരിക്കോലിൽ, കെ.സി. ജോസഫ്, ജോയിക്കുട്ടി ലൂക്കോസ്, എൻ.വി. അബ്രാഹം, ജോസ് കാവിൽപുരയിടം, സിസ്റ്റർ ഗീത സി.എം.സി., കെ. എം. എമ്മാനുവൽ തുടങ്ങിയവർ പ്രസംഗിച്ചു.

## രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി

താമരശ്ശേരി ബിഷപ്പ് ഹൗസിൽ വെച്ചു നടന്ന രൂപത എക്സിക്യൂട്ടീവ് സമ്മേളനം രൂപത ഡയറക്ടർ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡണ്ട് അദ്ധ്യക്ഷത വഹിച്ചു. കോടഞ്ചേരിയിൽ വച്ചു നടന്ന രൂപത സാഹിത്യോത്സവ സമ്മാന വിതരണം യോഗത്തിൽ അവലോകനം ചെയ്തു. മാർച്ച് മാസത്തിൽ കുടുംബ നവീകരണത്തോടനുബന്ധിച്ച് മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ യോഗം ചർച്ച ചെയ്തു. മാർച്ച് 1 മുതൽ ആരംഭിക്കുന്ന രൂപതയിലെ മുഴുവൻ കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള മദ്യ–ലഹരിവിരുദ്ധ സന്ദേശ വാഹനജാഥയുടെ ക്രമീകരണങ്ങൾ യോഗം ചർച്ചചെയ്തു. ഫെബ്രുവരി 7, 8 തീയതികളിൽ തൃശൂരിൽ വെച്ചു നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ രൂപത ഭാരവാഹികളും റിസോഴ്സ് ടീം അംഗങ്ങളും ഉൾപ്പടെ ഇരുപതോളം പേർ പങ്കെടുക്കുന്നതിന് തീരുമാനിച്ചു.

## സംസ്ഥാന കമ്മിറ്റി

എറണാകുളം പി.ഒ.സി. യിൽ വെച്ചു നടന്ന സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ രൂപതയെ പ്രതിനിധീകരിച്ചുകൊണ്ട് സംസ്ഥാന സെക്രട്ടറി ശ്രീ. രാജൻ ഉറുമ്പിൽ സംബന്ധിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ സംസ്ഥാന ചെയർമാൻ യുഹാനോൻ മാർ തിയോഡോഷ്യസ് യോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി ഫാ. ജോൺ അരീക്കൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന എക്സിക്യൂട്ടീവ് അംഗങ്ങളും ഭാരവാഹികളും പ്രസംഗിച്ച യോഗത്തിൽ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള ക്രമീകരണങ്ങൾ വിലയിരുത്തി. സംസ്ഥാന സർക്കാരിന്റെ മദ്യനയത്തിനെതിരെ വായ മൂടിക്കെട്ടി പ്രതിഷേധ സമരം നടത്തുന്നതിന് യോഗം തീരുമാനിച്ചു.

## സ്കൂൾ സന്ദർശനവും അവാർഡ് നിർണ്ണയവും

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും രൂപത വിദ്യാഭ്യാസ ഏജൻസിയുടെയും ആഭിമുഖ്യത്തിൽ സ്കൂളുകളിൽ പ്രവർത്തിക്കുന്ന വ്യക്തിത്വ വിക

സന ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി മികച്ച ക്ലബ്ബുകളെ കണ്ടെത്തുന്നതിന് രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ സ്കൂളുകൾ സന്ദർശിച്ചുവരുന്നു. ക്ലബ്ബിന്റെ ചുമതലയുള്ള അധ്യാപകരെയും ക്ലബ്ബ് ഭാരവാഹികളെയും കുട്ടികളെയും കമ്മിറ്റി അംഗങ്ങൾ നേരിൽ കണ്ട് സംസാരിക്കുകയും സ്കൂളിലെ ക്ലബ്ബിന്റെ പ്രവർത്തന മികവുകൾ വിലയിരുത്തുകയും ചെയ്യുന്നു. തുടർന്ന് പൊതു ചടങ്ങിൽ വെച്ച് മികച്ച ക്ലബ്ബുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾ, മികച്ച ക്ലബ്ബ് ഡയറക്ടർമാർ, ക്ലബ്ബ് പ്രവർത്തകർ എന്നിവരെ ആദരിക്കുന്നു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മദ്യവിരുദ്ധസമിതി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

ജനുവരി 11 ശനിയാഴ്ച ദേവഗിരി ഓസാനം ഭവനിൽ പതിവുപോലെ രൂപത കമ്മിറ്റി ചേരുകയുണ്ടായി. ജപമാല പ്രാർത്ഥനയോടെ ആരംഭിച്ചയോഗത്തിൽ എല്ലാ ഏരിയാ കൗൺസിലിൽ നിന്നും പ്രസിഡന്റുമാരും, സെൻട്രൽ കൗൺസിൽ ബോർഡ് അംഗങ്ങളും പങ്കെടുത്തിരുന്നു.

CC പ്രസിഡന്റ് സ്വാഗതം ആശംസിച്ചതിനുശേഷം 2020 കുടുംബ നവീകരണ വർഷമായി ആചരിക്കുന്നതിനാൽ ഫെബ്രുവരി മാസം വിൻസെന്റ് ഡി പോൾ സംഘടനയെയാണ് ഇടവകതലത്തിൽ പ്രവർത്തിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും വയോജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ ഫെബ്രുവരി മാസത്തിൽ ചെയ്യണമെന്നുള്ള നിർദ്ദേശങ്ങൾ CC പ്രസിഡന്റ് യോഗത്തിൽ വിശദീകരിച്ചു. പ്രത്യേകിച്ച് 75 വയസ്സിന് മുകളിൽ പ്രായമുള്ള മാതാപിതാക്കളെ പള്ളിയിൽ വിശുദ്ധകുർബാനയിൽ പങ്കെടുപ്പിക്കാൻ സൗകര്യം ഒരുക്കണമന്നും രോഗികൾക്ക് കുമ്പസാരത്തിനും വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണമെന്നും 23/02/2020 ന് ഞായറാഴ്ച വയോജന കൂട്ടായ്മ നടത്തണമെന്നുള്ള നിർദ്ദേശങ്ങൾ AC പ്രസിഡന്റുമാരുടെ മേൽനോട്ടത്തിൽ കോൺഫ്രൻസ് പ്രസിഡന്റുമാർ ചെയ്യണമെന്നും CC പ്രസിഡന്റ് യോഗത്തിൽ ഓർമ്മപ്പെടുത്തി.

മരുതോങ്കര ഏരിയാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 21-ാം തിയ്യതി കുണ്ടുതോട് ഇടവകയിൽവെച്ച് സെന്റ് ജോസഫ് കോൺഫ്രൻസിൻെറ നേതൃത്വത്തിൽ ഒരു ഏകദിന സെമിനാർ നടത്തി. പശുക്കടവ് ബനഡിക്ടൻ ആശ്രമ ഡയറക്ടർ ഫാ. ടോമി ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകുക

യുണ്ടായി. തുടർന്ന് ഇടവക വികാരി ഫാ. ജോൺ ആശംസകൾ നേർന്നു. ബ്രദർ തോമസ് ഏറണാറ്റ് ക്ലാസ്സെടുത്തു. ഉച്ചഭക്ഷണത്തോടെ സമാപിച്ച സെമിനാറിൽ ഏകദേശം 75 പേർ പങ്കെടുത്തിരുന്നു.

ഉരുൾപൊട്ടൽ നടന്ന വിലങ്ങാട് മേഖലയിൽ സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്ന പദ്ധതിയിലേക്ക് മരുതോങ്കര ഏരിയാ കൗൺസിൽ സ്വരൂപിച്ച Rs. 250000/- രൂപ വിലങ്ങാട് പള്ളി വികാരി റവ. ഫാ. മാത്യു തകിടിയേലിന് കൈമാറി.

വിവിധ കോൺഫ്രൻസുകളിൽ നടക്കുന്ന കാരുണ്യപ്രവർത്തനങ്ങളെക്കുറിച്ച് ഏരിയാ പ്രസിഡന്റുമാർ വിശദീകരിച്ചു. തുടർന്ന് ബോർഡ് അംഗങ്ങൾ അവരവരുടെ പ്രൊജക്ടുകളെക്കുറിച്ച് വിശദീകരിച്ചു.

2020 മാർച്ച് 31 ന് മുമ്പ് ഇന്റേണൽ ഓഡിറ്റിംഗ് പൂർത്തിയാക്കണമെന്ന നിർദ്ദേശവും മറ്റ് എല്ലാ റെക്കോർഡുകളും സമയബന്ധിതമായി ക്രമപ്പെടുത്തണമെന്ന നിർദ്ദേശവും എല്ലാവരും അംഗീകരിച്ചിരുന്നു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# ഫ്രാൻസിസ്ക്കൻ അൽമായ സഭ താമരശ്ശേരി രൂപത

14.09.2019 ൽ രൂപീകൃതമായ താമരശ്ശേരി രൂപതയിലെ പ്രഥമ റീജിയനായ സെന്റ് അൽഫോൻസ, പേരാമ്പ്ര റീജിയൻ 25 ഓളം യൂണിറ്റു കൾകൊണ്ട് അനുഗ്രഹീതമാണ്. കരുവാരകുണ്ട് ഫൊറോനയെ കേന്ദ്രീക രിച്ച് പുതിയ റീജിയൻ രൂപികരിക്കുവാനുള്ള ആലോചനകൾ നടന്നു വരുന്നു.

## ന്യൂ മിഷൻ

ദൈവരാജ്യം അല്പം പുളിമാവിനോടും, കടുകുമണിയോടും ഉപമിച്ച ഈശോയുടെ ദർശനത്തോടു ചേർന്നു രൂപപ്പെട്ട ആശയമാണ് ന്യൂ മിഷൻ. നിലവിലുള്ള പേരാമ്പ്ര റീജിനിൽ നിന്ന് താമരശ്ശേരി, കോടഞ്ചേരി, തിരുവമ്പാടി, തോട്ടുമുക്കം, പെരുന്തൽമണ്ണ, കോഴിക്കോട് എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് പുതിയ യൂണിറ്റുകളും റീജനുകളും രൂപപ്പെടു ത്താൻ നിയോഗം സ്വീകരിച്ച് പ്രവൃത്തിക്കുന്നവരാണ് ന്യൂമിഷൻ സാരഥികൾ. അപ്പച്ചൻ പഴുക്കാകുളം, ജോർജ്ജ് നരിനട, ട്രീസ ഇലവുങ്കൽ, മറിയാമ്മ മലയാറ്റൂർ, സണ്ണി കോടഞ്ചേരി എന്നിവർ ന്യൂമിഷന്റെ പ്രവൃത്തനങ്ങളിൽ വ്യാപൃതരായി കഴിഞ്ഞു.

**2000 മണിജപമാല**

ഫ്രാൻസിസ്കൻ അൽമായ സഭയുടെ യൂണിറ്റുകളെ കേന്ദ്രീകരിച്ച് മാസം തോറും ഇടവക ദേവാലയങ്ങളിൽ നടത്തപ്പെടുന്ന മൂന്ന് മണിക്കൂർ നീണ്ടുനിൽക്കുന്ന ജപമാല പ്രാർത്ഥനയാണിത്. 2000 മണി ജപമാല കൈകളിലേന്തി ഒരേ മനസ്സോടെ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തോട് ചേർന്ന് പ്രാർത്ഥിക്കുന്ന അൽമായ സഭക്കാർ ഈ കാലഘട്ടത്തിന്റെ ശുശ്രൂഷകരായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു.

**ലൗ & കെയർ**

നിർദ്ദന രോഗികളെ കണ്ടെത്തി അവർക്ക് മരുന്നും ശുശ്രൂഷകളും നൽകുന്നതിനായി ഫ്രാൻസിസ്കൻ അൽമായ സഭ ഏറ്റെടുത്തിരിക്കുന്ന മിഷൻ ആണ് 'ലൗ & കെയർ' നാല് വർഷങ്ങൾക്ക് മുമ്പ് പേരാമ്പ്ര റീജിയനിൽ ആരംഭിച്ച ഈ ശുശ്രൂഷ രൂപതയിലെ നവയൂണിറ്റുകളിലേക്കും വ്യാപിപ്പിക്കാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

**ഒരു സമ്പൂർണ്ണ ഗ്രന്ഥം**

വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവചരിത്രം അൽമായ സഭയുടെ കർമ്മാനുഷ്ഠാനങ്ങൾ എന്നിവ ഉൾപ്പെടുത്തി ഫാ. ജോൺ ബോസ്കോ കപ്പൂച്ചിൻ എഡിറ്റ് ചെയ്ത പുസ്തകം അൽമായ സഭകാർക്കും അതിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്കും ഒരു വഴികാട്ടിയും ഗുരുവുമാണ്. ഈ പുസ്തകത്തിന്റെ കോപ്പികൾ യൂണിറ്റ് തലത്തിൽ ലഭ്യമാണ്.

**വാർഷിക ആഘോഷവും മുഖപത്രവും**

തലശ്ശേരി, താമരശ്ശേരി, മാനന്തവാടി രൂപതകളിലെ ഫ്രാൻസിസ്ക്കൻ അൽമായ സഭക്കാരുടെ വാർഷിക ആഘോഷവും പുണ്യചരിതനായ ഫാ. അർമണ്ടച്ചന്റെ അനുസ്മരണ യോഗവും 2020 ജനുവരി 10, 11 തീയതികളിൽ ഇരിട്ടി പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. മുന്നൂറോളം ഫ്രാൻസിസ്ക്കൻ അൽമായ സഭക്കാർ സമ്മേളിച്ച ഈ വാർഷിക സമ്മേളനത്തിൽ വച്ച് 'ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ വാർഷിക മുഖപത്രം' ബ്ര. മാർട്ടീനിയൻ ഞാറയ്ക്കൽ പ്രകാശനം ചെയ്തു.

**ഫാ. ജോസ് മാത്യു കരിങ്ങിടയിൽ OFM Cap**
താമരശ്ശേരി രൂപത, ആത്മീയ സഹായി

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## താമരശ്ശേരി രൂപതാ മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ 2020-2023 വർഷത്തിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു

താമരശ്ശേരി രൂപതാ മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് രൂപതാ എക്സിക്യൂട്ടീവ് യോഗവും, പ്രോലൈഫ് താമരശ്ശേരി രൂപതാ സമിതിയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ വിലയിരുത്തലും മുന്നോട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ചുള്ള ആലോചനാ യോഗവും കോടഞ്ചേരിയിൽ പ്രോലൈഫ് പ്രവർത്തകനും രൂപതാ വൈസ് പ്രസിഡന്റുമായ ശ്രീ. ആൻഡ്രൂസ് ചൂരപൊയ്കയിലിന്റെ ഭവനത്തിൽ വച്ച് നടന്നു. യോഗത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. സജീവ് പുരയിടത്തിൽ അധ്യക്ഷത വഹിച്ചു. കോടഞ്ചേരി ഫൊറോനാ വികാരി ഫാദർ തോമസ് നാഗപറമ്പിൽ യോഗം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. കെ.സി.ബി.സി പ്രോലൈഫ് ഓർഗനൈസിംഗ് സെക്രട്ടറി ഷിബു, കെ.സി.ബി.സി പ്രോലൈഫ് ട്രഷറർ ശ്രീ. ടോമി പ്ലാത്തോട്ടം, രൂപതാ വൈസ് പ്രസിഡന്റ് ശ്രീ. ഇമ്മാനുവൽ, രൂപതാ ആനിമേറ്റർ സിസ്റ്റർ റോസ് മരിയാ സി.എം. സി., യൂത്ത് ഫോർ ലൈഫ് രൂപതാ പ്രസിഡന്റ് സുബിൻ തയ്യിൽ, രൂപതാ ജോയിന്റ് സെക്രട്ടറി വിനോദ് വെട്ടത്തിൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. മറ്റു മേഖലാ ഭാരവാഹികളായ ശ്രീ. മാർട്ടിൻ തെങ്ങുംതോട്ടത്തിൽ, ശ്രീ. തങ്കച്ചൻ പുരയിടത്തിൽ, യൂത്ത്വിങ്ങ് മേഖലാ പ്രസിഡന്റ് ശ്രീ. രഞ്ജിത്ത് കിഴക്കയിൽ, ഡോ. ബെസ്റ്റി മുക്കലക്കാട്ടിൽ, ഡോ. സന്തോഷ് നൂറനാനിക്കൽ, ഡേവിസ്, സെബാസ്റ്റ്യൻ, പ്രിൻസ്, മറ്റു മേഖലാ ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ യൂത്ത്വിങ്ങ് പ്രവർത്തകർ എന്നിവർ യോഗത്തിൽ പങ്കെടുക്കുകയും മുന്നോട്ടുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും 2020-2023 വർഷത്തിലേക്കുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

### 2020 -2023 വർഷത്തിലേക്കുള്ള ഭാരവാഹികൾ

ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ, ആനിമേറ്റർ സിസ്റ്റർ റോസ് മരിയാ സി.എം. സി., പ്രസിഡന്റ് ശ്രീ. സജീവ് പുരയിടത്തിൽ, വൈസ് പ്രസിഡന്റ്, ഡോ. ബെസ്റ്റി മുക്കലക്കാട്ടിൽ, സെക്രട്ടറി ശ്രീ. ജോൺസൺ തെങ്ങുംതോട്ടത്തിൽ. ജോ. സെക്രട്ടറി ശ്രീ. ബിനു പുത്തൻപുരയിൽ, ട്രഷറർ ഡോ. സന്തോഷ് നൂറനാനിക്കൽ, ഓർഗനൈസിങ്ങ് സെക്രട്ടറി ശ്രീ. മാർട്ടിൻ തെങ്ങുംതോട്ടത്തിൽ, മേഖലാ പ്രസിഡന്റുമാരായി ശ്രീ. ജോയി നെടുമ്പള്ളിയിൽ, ശ്രീ. ജോർജ്ജ് കൊവള്ളിയിൽ, ശ്രീ. എമ്മാനുവേൽ പുതുപ്പള്ളിതകിടിയേൽ, ശ്രീ. ജെയ്സൺ കന്നുകുഴി, ശ്രീ. ഡേവിസ് കരുമത്തിൽ, ശ്രീ. റെജി

നെടിയപാലക്കൽ, ശ്രീ. ബാബു മാടപ്പള്ളികുന്നേൽ, ശ്രീമതി. ലൗലി പാറക്കൽ, ശ്രീ. തങ്കച്ചൻ പുരയിടത്തിൽ, യൂത്ത്ഫോർ ലൈഫ് രൂപതാ ഭാരവാഹികളായി പ്രസിഡന്റ് ശ്രീ.സുബിൻ തയ്യിൽ, സെക്രട്ടറി ശ്രീ. ഗോഡ്വിൻ നീണ്ടൂർകുന്നേൽ, ട്രഷറർ ശ്രീ. രഞ്ജിത്ത് കിഴക്കയിൽ, വൈസ് പ്രസിഡന്റ് കുമാരി സാന്ദ്രാ തൊണ്ണനാൽ, എന്നിവർ ചുമതലയേറ്റു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ–ലൈഫ്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## കരിയർ ഗൈഡൻസ് സെമിനാർ

അൽഫോൻസ കോളേജിൽ സൈക്കോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭി മുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ഏകദിന കരിയർ ഗൈഡൻസ് സെമി നാർ നടത്തി. മൂലമറ്റം ബിഷപ്പ് വയലിൽ മെമ്മോറിയൽ ഹോസ്പിറ്റലിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റും, റെമഡിയൽ എക്സ്പേർട്ട് ട്രെയ്നറുമായ ഡോ. അബ്രാഹം ബോസ് സെമിനാറിൽ ക്ലാസ്സെടുത്തു. വൈസ് പ്രിൻ സിപ്പൽ റവ. ഫാ. ഷെനീഷ് അഗസ്റ്റിൻ സെമിനാർ ഉദ്ഘാടനം ചെയ്തു. സൈക്കോളജി വിഭാഗം മേധാവി സിസ്റ്റർ അർപ്പിത സി.എം.സി ആധ്യക്ഷ്യം വഹിച്ചു. അനില വി. അബ്രാഹം, കരിയർ ഗൈഡൻസ് സെൽ അഡ്വൈസർ റോബിൻ ജോർജ്, വിദ്യാർത്ഥി പ്രതിനിധി കെ. അഫ്നിദ എന്നിവർ പ്രസംഗിച്ചു.

## പ്രോജക്റ്റ് ഓറിയന്റേഷൻ ശിൽപശാല

അൽഫോൻസ കോളേജിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യ ത്തിൽ ഇംഗ്ലീഷ് ബിരുദ വിദ്യാർത്ഥികൾക്കായി ഏകദിന പ്രൊജക്റ്റ് ഓറിയന്റേഷൻ ശിൽപശാല നടത്തി. ദേവഗിരി സെന്റ് ജോസഫ് കോളേ ജിലെ അസ്സോസിയേറ്റ് പ്രൊഫസർ ഡോ. സി.വി അബ്രാഹം ശിൽപശാല നയിച്ചു. പ്രിൻസിപ്പൽ ഡോ. ചാക്കോ കെ. വി. പ്രൊജക്റ്റ് ഓറിയന്റേഷൻ ശിൽപശാലയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. വൈസ് പ്രിൻസിപ്പൽ റവ. ഫാ. കുര്യൻ താന്നിക്കൽ ആധ്യക്ഷ്യം വഹിച്ചു. ഇംഗ്ലീഷ് വിഭാഗം മേധാവി സെബാസ്റ്റ്യൻ ചെറിയാൻ, വിദ്യാർത്ഥി പ്രതിനിധി യോവാന ഡാന്റി എന്നിവർ പ്രസംഗിച്ചു.

## പച്ചക്കറി വിളവെടുപ്പ്

ഗ്രീൻ കാമ്പസ് പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന, കാർഷിക ക്ലബ്ബ്

അംഗങ്ങൾ കൃഷിചെയ്തുണ്ടാക്കിയ പച്ചക്കറികളുടെ വിളവെടുപ്പ് നടത്തി. പയർ, പച്ചമുളക്, ചീര, വഴുതന, വെണ്ട, തക്കാളി, കാബേജ്, പടവലം എന്നിവയുടെ വിളവെടുപ്പാണ് നടത്തിയത്. തിരുവമ്പാടി കൃഷിഭവന്റെ സഹായത്തോടെ ജൈവകൃഷി രീതി ഉപയോഗിച്ചാണ് കൃഷി നടത്തിയത്. പ്രിൻസിപ്പൽ ഡോ. കെ.വി ചാക്കോ വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു. കാർഷിക ക്ലബ് കോ-ഓർഡിനേറ്റർ ഷീബമോൾ ജോസഫ്, ഡിപിൻ സർജു, വിദ്യാർത്ഥി പ്രതിനിധികളായ അബിൻ ഫ്രാൻസിസ്, അർജുൻ ജെയിൻ, റോസ്മിൻ സ്റ്റാൻലി, ആൽഫി സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# ആൽഫ മരിയ അക്കാദമി

## PSC സ്റ്റാഫ് നഴ്സ് (DHS) പരിശീലനം

തിരുവമ്പാടി: 2020 ഒക്ടോബറിൽ നടക്കുന്ന സ്റ്റാഫ് നഴ്സ് (DHS) പരീക്ഷയ്ക്കുള്ള പരിശീലനം തിരുവമ്പാടി ആൽഫയിൽ 2020 ജനുവരി 12 ആരംഭിച്ചു. എല്ലാ ഞായറാഴ്ചകളിലാണ് ക്ലാസ്സുകൾ. പങ്കെടക്കുവാൻ , ആഗ്രഹിക്കുന്നവർ ആൽഫ ഓഫീസുമായി ബന്ധപ്പെടുക. 0495 - 2252180, 9497567689, 8547153669

## കെ. ടെറ്റ് തീവ്രപരിശീലനം

തിരുവമ്പാടി: അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് കെ.ടെറ്റ് നിർബന്ധമാക്കിയിരിക്കുന്നതിനാൽ ഫെബ്രുവരി 15, 16 ന് നടക്കുന്ന കെ.ടെറ്റ് പരീക്ഷയ്ക്കുള്ള തീവ്രപരിശീലനം ആൽഫ യുടെ തിരുവമ്പാടി സെന്ററിൽ 2020 ജനുവരി 18 ന് ആരംഭിച്ചു. എല്ലാ ഞായറാഴ്ചകളിലും ശനിയാഴ്ചകളിലുമാണ് ക്ലാസ്സുകൾ.

## LPSA, UPSA പരിശീലനം

തിരുവമ്പാടി: പി.എസ്.സി നടത്തുന്ന അധ്യാപകർക്കായുള്ള LPSA, UPSA പരിശീലനം തിരുവമ്പാടി ആൽഫ മരിയ അക്കാദമിയിൽ ഫെബ്രുവരി 8 ന് ആരംഭിക്കുന്നു. രാവിലെ 9.30 മുതൽ 2 മണിവരെ എല്ലാ ഞായറാഴ്ച കളിലും രണ്ടാം ശനിയാഴ്ചകളിലുമാണ് ക്ലാസ്സുകൾ. കൂടുതൽ വിവര ങ്ങൾക്ക് 0495 - 2252180, 9497567689.

**മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് ക്രാഷ് കോഴ്സ് ആൽഫയിൽ 2020 മാർച്ച് 27 ന് ആരംഭിക്കുന്നു.**

തിരുമ്പാടി: ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് പരീക്ഷയ്ക്കുള്ള ക്രാഷ് കോഴ്സ് 2020 മാർച്ച് 27 ന് ആരംഭിക്കും. KEAM, NEET, JEE Main തുടങ്ങിയ പ്രവേശന പരീക്ഷ കൾക്കുള്ള തീവ്രപരിശീലനമാണ് നൽകുന്നത്. മെഡിക്കൽ, എഞ്ചിനീ യറിംഗ്, എൻട്രൻസ് പരീക്ഷാ രംഗത്ത് ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിൽ ഒന്നായ ബ്രില്യന്റ് പാലായുടെ ഗൈഡൻസിലും നിയന്ത്രണത്തിലുമുള്ള പരിശീലനമായിരിക്കും ആൽഫയിൽ നൽകുക. മെഡിക്കൽ എഞ്ചിനീ യറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേകമായി പരിശീലനം ഉണ്ടായിരിക്കും. മുൻകൂട്ടി അറിയിക്കുന്നവർക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0495 – 2252180, 9497567689, 8547153669

**പ്രവേശന പരീക്ഷ (IIT Madras HSEE, CLAT, CUCET, TISS etc.)**

കുന്ദമംഗലം: ആൽഫ മരിയ അക്കാദമിയുടെ കുന്ദമംഗലം സെന്ററിൽ ഹ്യുമാനിറ്റിസ്, കൊമേഴ്സ് വിഷയങ്ങളെ ആസ്പദമാക്കി IIT Madras HSEE, CLAT, CUCET, TISS തുടങ്ങിയ യൂണിവേഴ്സിറ്റിയിലേക്കുള്ള പ്രവേശന പരീക്ഷ പരിശീലനം 2020 മാർച്ച് 27 ന് ആരംഭിക്കും. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0495–2800440, 9745745060, 9497567689

**ഫാ. തോമസ് പുതിയാപറമ്പിൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# മാതൃവേദി

**രൂപത എക്സിക്യുട്ടീവ്**

കുന്ദമംഗലം സെന്റ് ജോസഫ് പാരീഷ്ഹാളിൽ വച്ച് നടന്ന രൂപത എക്സിക്യൂട്ടീവ് കുടുംബവർഷാചാരണവുമായി ബന്ധപ്പെട്ട് മാതൃ വേദിയുടെ കർമ്മപരിപാടികളെക്കുറിച്ച് ചർച്ചചെയ്യുകയും യൂണിറ്റുകൾക്ക് നൽകേണ്ട നിർദേശങ്ങൾ തയ്യാറാക്കുകയും ചെയ്തു.

**ജൂബിലി മംഗളങ്ങൾ**

സന്യാസത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന രൂപത ആനിമേറ്റർ സി. ഫിലോ എസ്.ബി.എസ് ന് രൂപതാസമിതി ജൂബിലി ആശം സകൾ നേർന്നു.

### മരുതോങ്കര യൂണിറ്റ്

മരുതോങ്കര ഇടവകയിലെ അമ്മമാർ ക്രിസ്തുമസ് ഫ്രണ്ടിന് സമ്മാനം വാങ്ങാൻ മാറ്റിവച്ചിരുന്ന തുക ഒറീസയിൽ ദൈവാലയം പണിയുവാൻ നൽകി. യൂണിറ്റ് പ്രസിഡന്റ് റെജി നീർവയലിൽ ഇടവക വികാരി ഫാ. ഷിബു കളരിക്കലിന് തുക കൈമാറി, തങ്ങളുടെ സ്നേഹോപഹാരം മിഷൻ പ്രവർത്തനത്തിനായി മാറ്റിവച്ചു.

### കുണ്ടുതോട് യൂണിറ്റ്

യൂണിറ്റ് ഭാരവാഹികളുടെയും ആനിമേറ്ററുടെയും നേതൃത്വത്തിൽ മാതൃവേദിയംഗങ്ങൾ കരുണാഭവൻ സന്ദർശിക്കുകയും അവരോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു.

### കോടഞ്ചേരി യൂണിറ്റ്

കോടഞ്ചേരി യൂണിറ്റിലെ അമ്മമാർ ആഘോഷങ്ങൾക്കായി മാറ്റിവച്ച തുക രൂപതയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി. ബഹു. തോമസ് നാഗപറമ്പിലച്ചൻ തുക കൈപറ്റി. 60 മാർക്കിൽ കൂടുതൽ ലോഗോസ് ക്വിസിന് മാർക്ക് കിട്ടിയവർക്കും മേഖല മത്സരവിജയികൾക്കും സമ്മാന ങ്ങൾ വിതരണം ചെയ്തു.

### പാറോപ്പടി യൂണിറ്റ്

യൂണിറ്റിലെ മികച്ച അടുക്കളത്തോട്ടങ്ങൾ കണ്ടെത്തുകയും വിജയി കൾക്ക് സമ്മാനം നൽകുകയും ചെയ്തു.

### മിഷൻലീഗ് സംസ്ഥാനവാർഷികം

തോട്ടുമുക്കത്ത് വച്ച് നടന്ന മിഷൻലീഗിന്റെ രൂപത വാർഷികത്തിന്റെ പ്രേഷിത റാലിയിൽ തോട്ടുമുക്കം ഫൊറോനയിലെ വിവിധ യൂണിറ്റുകളിലെ മാതൃവേദിയംഗങ്ങൾ യൂണിഫോം സാരിയുടുത്ത് അണിനിരന്നു. അമ്മമാ രുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

### തിരുനാളുകൾ

വിവിധ ഇടവകകളിലെ തിരുനാളുകളിൽ കലാപരിപാടികളിലും പ്രദക്ഷിണത്തിലും അമ്മമാർ സജീവമായി പങ്കെടുത്തു. അമ്മമാരുടെ നേതൃത്വത്തിൽ സ്റ്റാളുകളും ഇടവകകളിൽ ഉണ്ടായിരുന്നു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മാതൃവേദി

# പോപ്പ് ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട്

**കൗൺസിലിംഗ്**

അനുദിന ജീവിതത്തിലെ വ്യഗ്രതയാൽ മാനസികമായി തകർന്ന വർക്ക്, ആശ്വാസം കണ്ടെത്തുവാനും പ്രശ്നപരിഹാരത്തിനും സഹായമാ കുവാനും ഫാ. കുര്യൻ പുരമഠത്തിന്റെയും, ഫാ. പ്രഫുൽ ഐ.എം.എസ് ന്റെയും നേതൃത്വത്തിൽ കൗൺസിൽ ഇവിടെ നടത്തപ്പെടുന്നു.

**ഡിപ്ലോമ കോഴ്സ്**

ക്രിസ്ത്യൻ ചെയറിന്റെ കീഴിലുള്ള Advanced Diploma in conseling Psychology ആറാമത്തെ ബാച്ചിന്റെ അവസാനത്തെ പരീക്ഷ ഭംഗിയായി നടന്നു.

**Psychology**

സിംഗാനിയ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റഡ് ആയ രണ്ട് വർഷത്തെ ദൈർഘ്യമുള്ള Msc in Counseling Psychology ൽ ഒന്നാം വർഷ പരീക്ഷ വളരെ ഭംഗിയായി കഴിഞ്ഞു. രണ്ടാം വർഷത്തിന്റെ ക്ലാസ്സുകൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നു.

**ഫാ. കുര്യൻ പുരമഠം**
ഡയറക്ടർ, പോപ്പ് ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു." (1 പത്രോ 2:24)

2019 ഡിസംബർ 31 ന് രാത്രി നന്ദി പറഞ്ഞുകൊണ്ടുള്ള ആരാധനയും തുടർന്ന് 12 മണിക്ക് വി. കുർബാനയും അർപ്പിച്ചുകൊണ്ട് 2020 നെ വരവേറ്റു. ബഥാനിയായിലെ എല്ലാ ആത്മീയശുശ്രൂശഷകളെയും, ആവേമരിയ ഹാൾ പുനർനിർമ്മാണത്തെയും പരി. അമ്മയുടെ വിമല ഹൃദയം വഴി ദിവ്യകാരുണ്യ സന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു.

**ബഥാനിയ ധ്യാനങ്ങൾ**

ജനുവരി മാസത്തിൽ 5 മുതൽ 9 വരെയുള്ള ദിവസങ്ങളിലും 19 മുതൽ 23 വരെയുള്ള ദിവസങ്ങളിലും ആന്തരിക സൗഖ്യ ദൈവാനുഭവ ധ്യാനം നടത്തപ്പെട്ടു. ധ്യാനങ്ങൾക്ക് ബഥാനിയ ടീം നേതൃത്വം നൽകി.

**ജാഗരണപ്രാർത്ഥന**

ജനുവരി മാസം 3-ാം തീയതി ജാഗരണപ്രാർത്ഥന നടത്തി. ബഹു. ജോസഫ് വയലിൽ അച്ചൻ വചന സന്ദേശം നൽകി. ദിവ്യകാരുണ്യ ആരാധനയ്ക്ക് ബഹു. ബിനു പുളിക്കലച്ചനും രാത്രി 12 മണിക്ക് അർപ്പിച്ച വി. കുർബാനയ്ക്ക് ബഹു. സിബി കുഴിവേലിലച്ചനും കാർമ്മികത്വം വഹിച്ചു. വി. കുർബാന ക്കുശേഷം പരി. അമ്മയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള മെഴുകുതിരി പ്രദക്ഷിണം ശുശ്രൂഷകളെ കൂടുതൽ കൃപയുള്ളതാക്കി. രാവിലെ 5 മണിക്ക് ദിവ്യകാരുണ്യ ആശീർവാദത്തോടെ ജാഗരണപ്രാർത്ഥന ശുശ്രൂഷകൾ അവസാനിച്ചു.

**ഏകദിന കൺവെൻഷനുകൾ**

ജനുവരി മാസത്തിലെ 5 വെള്ളിയാഴ്ചകളിൽ ഏകദിന കൺവെൻഷൻ നടത്തപ്പെട്ടു.

**ഉപവാസ പ്രാർത്ഥന**

എല്ലാ വ്യാഴാഴ്ചകളിലും വിവിധങ്ങളായ നിയോഗങ്ങൾക്കായി രാവിലെ 9 മുതൽ വൈകുന്നേരം 4 മണി വരെ ഉപവാസ പ്രാർത്ഥന നടത്തപ്പെട്ടു.

**ദിവ്യകാരുണ്യ ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും**

ബഥാനിയായിൽ പ്രാർത്ഥനാ സഹായം ആവശ്യപ്പെട്ടവർക്കുവേണ്ടി ദിവ്യകാരുണ്യ ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തപ്പെടുന്നു. കൂടാതെ ധ്യാനദിവസങ്ങളിൽ പ്രത്യേകമായി പരിഹാര ചാപ്പലിൽ ധ്യാനം തുടങ്ങുന്ന അന്നു മുതൽ സമാപന ദിവസം വരെ രാവും പകലും ഇടതടവില്ലാതെ പ്രത്യേകമായി പരിഹാര പ്രാർത്ഥനയും നടത്തപ്പെടുന്നു.

**ബഥാനിയ 2020 – ബൈബിൾ കൺവെൻഷൻ**

താമരശ്ശേരി രൂപത 20-ാമത് ബൈബിൾ കൺവെൻഷൻ 'ബഥാനിയ 2020' ഫെബ്രുവരി 7 മുതൽ 11 വരെയുള്ള തീയതികളിലായി നടത്ത പ്പെടുന്നു. ഈ വർഷത്തെ കൺവെൻഷന് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ബഹു. സേവ്യർ ഖാൻ വട്ടായിലച്ചൻ നേതൃത്വം നൽകുന്നു. എല്ലാ ദിവസവും വൈകുന്നേരം 4.30 മുതൽ രാത്രി 9.30 വരെയാണ് കൺവെൻഷൻ.

**ഫെബ്രവരി മാസത്തിലെ ശുശ്രൂഷകൾ**

1 ശനി – ശുശ്രൂഷകരുടെ കൂട്ടായ്മ
7 വെള്ളി – ബഥാനിയ – 2020 (ബൈബിൾ കൺവെൻഷൻ 7-11)
14 വെള്ളി – ഏകദിന കൺവെൻഷൻ
16 ഞായർ – ആന്തരിക സൗഖ്യ ദൈവാനുഭവ ധ്യാനം (16-20)
21 വെള്ളി – ഏകദിന കൺവെൻഷൻ
28 വെള്ളി – ഏകദിന കൺവെൻഷൻ

**ഇടവകധ്യാനം- ബഥാനിയ ടീം**

ഫെബ്രുവരി 24-27: കരുവാരകുണ്ട് തിരുക്കുടുംബ ഫൊറോന ദൈവാലയം.

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# ഫിയാത്ത് റിട്രീറ്റ് സെന്റർ

ഫിയാത്ത് റിട്രീറ്റ് സെന്റർ മരുതോങ്കര: മിഷനെ അറിയാൻ, മിഷനെ സ്നേഹിക്കാൻ, മിഷനെ വളർത്താൻ എന്ന ലക്ഷ്യത്തോടെ 2007 ൽ തൃശ്ശൂർ കേന്ദ്രമായി ബ്രദർ സീറ്റ്ലി ജോർജ്ജിന്റെ നേതൃത്വത്തിൽ ഏതാനും ജീസസ് യൂത്ത് പ്രവർത്തകർ എളിയ രീതിയിൽ ആരംഭിച്ചതാണ് ഫിയാത്ത് മിഷൻ. ഫിയാത്തിന്റെ മിഷൻ ശുശ്രൂഷകൾ ഇന്ന് ഇന്ത്യയ്ക്കകത്തും പുറത്തുമായി ധ്രുതഗതിയിൽ വളർന്നു കൊണ്ടിരിക്കുന്ന ഒരു അത്മായ മിഷനറി മുന്നേറ്റമാണ്. ദൈവകൃപയാൽ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ ആശീർവ്വാദത്തോടും മരുതോങ്കര ഇടവക വികാരി ഫാ. ജോസഫ് കളരിക്കലിന്റെയും താല്പര്യത്തോടും കൂടെ ഫിയാത്ത് മിഷന്റെ മിഷനറി ട്രെയിനിംഗ് സെന്റർ 2017 ൽ പ്രവർത്തനം ആരംഭിക്കാനിടയായത് വലിയ ദൈവാനുഗ്രഹമായി. ഇന്ന് ഫിയാത്ത് മിഷൻ ഇന്ത്യയിൽ ചെയ്യുന്ന എല്ലാ ധ്യാന പ്രോഗ്രാമു കളുടെയും പ്രധാന സെന്ററായി ഇത് മാറിയിരിക്കുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മിഷനിലുള്ള ബഹു. വൈദികരുടെയും സിസ്റ്റേഴ് സിന്റെയും പ്രത്യേക താല്പര്യത്തോടെ അയക്കുന്ന യുവജനങ്ങൾക്കുള്ള 100 ദിവസത്തെ ശിഷ്യത്വപരിശീലനമാണ് ഇവിടുത്തെ പ്രധാന പ്രോഗ്രാം. ഇങ്ങനെ വരുന്നവർക്ക് കത്തോലിക്കാ സഭ, ദൈവവചനം, പരിശുദ്ധാത്മ അഭിഷേകം, മദ്ധ്യസ്ഥ പ്രാർത്ഥന, വ്യക്തിത്വ വികസനം എന്നീ വിഷയങ്ങ ളിൽ ആഴപ്പെട്ട പഠനവും ബോധ്യങ്ങളും നൽകാൻ പരിശ്രമിക്കുന്നു. കേരളത്തിൽ നിന്ന് ഇന്ത്യക്ക് അകത്തും പുറത്തും മിഷൻ ശുശ്രൂഷ ചെയ്യാൻ താത്പര്യമുള്ളവരെ ഒരുക്കുന്നതിനായി രണ്ടു മാസത്തിലൊരി ക്കൽ നാലുദിവസത്തെ പ്രത്യേക പരിശീലനവും ഇവിടെ നൽകി വരുന്നു. ഭാരത സുവിശേഷ വത്ക്കരണത്തിനു വേണ്ടി മരുതോങ്കര ഫൊറോനയുടെ വ്യത്യസ്ഥ ഇടവകയിൽ നിന്നും അമ്മമാരുടെ നേതൃത്വത്തിൽ മദ്ധ്യസ്ഥപ്രാർത്ഥന നടക്കുന്നുണ്ട്. മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കു വരുന്ന അമ്മമാർ അവരുടെ ഒഴിവു സമയങ്ങളിൽ ജപമാല നിർമ്മിച്ച് മിഷൻ പ്രദേശത്തേക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നു. സൺഡേ സ്കൂൾ കുട്ടികളിൽ മിഷൻ അവബോധം രൂപപ്പെടുത്തുന്നതിനുവേണ്ടി മിഷൻ എക്സിബിഷൻ നടത്തി വരുന്നു. ഫിയാത്ത് മിഷന്റെ സൗജന്യ ബൈബിൾ വിതരണ പദ്ധതിയുടെ ഭാഗമായ പഴയ പത്രസംഭരണ കേന്ദ്രംകൂടിയാ ണിത്. ഇവിടുത്തെ ശുശ്രൂഷകൾക്ക് നേതൃത്വവും ഉപദേശവും സഹായവുമായി PHJC കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സ് ഇവിടെ സേവനം ചെയ്യുന്നു. ഇന്നോളം സഹായിച്ച എല്ലാവർക്കും നന്ദി പറയുന്നതോടൊപ്പം തുടർന്നും പ്രാർത്ഥനയിലൂടെയും പങ്കുവയ്പിലൂടെയും ഏവരുടെയും സഹായം അഭ്യർത്ഥിക്കുന്നു.

**മനോജ് പൊട്ടനാനി**
**കോ-ഓഡിനേറ്റർ, ഫിയാത്ത്മിഷൻ**

# കരിസ്മാറ്റിക് മൂവ്മെന്റ്

## 2020 ജനുവരി മാസത്തെ റിപ്പോർട്ട്

വലിയ പ്രത്യാശയോടെ പുതുവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം സഭയ്ക്കും കുടുംബങ്ങൾക്കും വ്യക്തികൾക്കും ഇടവക പ്രാർത്ഥനാ ഗ്രൂപ്പുകളിലൂടെയും വിവിധ ശുശ്രൂഷകളി ലൂടെയും സംലഭ്യമാക്കിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്മകൾക്കും സർവ്വശക്തനായ ദൈവത്തിന് നന്ദി പറയുന്നു. അതോടൊപ്പംതന്നെ ഇന്നത്തെ കാലഘട്ടത്തിൽ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും വിശ്വാസവും വിശുദ്ധിയും സ്നേഹവും ഐക്യവും നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ പരിശുദ്ധാത്മാഭിഷേകം സമൃദ്ധ മായി വർഷിക്കണമെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2019 ഡിസംബർ 13 ന് കോഴിക്കോട് സോമിന്റെ ഉപദേശകസമിതി ഒന്നിച്ചുകൂടി വരുന്ന രണ്ട് വർഷത്തേക്ക് സോണിനെ നയിക്കുവാനുള്ള സർവ്വീസ് ടീമിനെ തെരഞ്ഞെടുത്തിരുന്നു. ഈ മാസം 13-ാം തീയതി ചേർന്ന കേരള സേവന സമിതി കോഴിക്കോട് സോണിന്റെ അടുത്ത രണ്ട് വർഷത്തേ ക്കുള്ള കോ-ഓഡിനേറ്ററായി പുല്ലൂരാംപാറ ഇടവകാംഗവും അവിടുത്തെ പ്രാർത്ഥനാ ഗ്രൂപ്പ് ലീഡറുമായ ശ്രീ. ജോൺസൺ തുണ്ടത്തിലിനെ തെരഞ്ഞെടുത്ത കാര്യം സസന്തോഷം അറിയിക്കട്ടെ. ജോൺസൺ സാറിന്റെ നേതൃത്വത്തിലൂടെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം ഇടവകക ളുടെയും കുടുംബങ്ങളുടെയും പുനർനവീകരണത്തിനും ശക്തമായ ഒരു ആത്മീയ അഭിഷേകത്തിനും കാരണമായി തീരട്ടെയെന്ന് പ്രാർത്ഥിക്കു കയും ആശംസിക്കുകയും ചെയ്യുന്നു.

## സർവ്വീസ് ടീം അംഗങ്ങളുടെയും കോഡിനേറ്റർമാരുടെയും കൂട്ടായ്മ

2020 ജനുവരി 14-ാം തീയതി പുതിയ സോണൽ സർവ്വീസ് ടീമംഗങ്ങളും നിലവിലുണ്ടായിരുന്നതും അതിനുമുമ്പുണ്ടായിരുന്നതുമായ സർവ്വീസ് ടീം അംഗങ്ങളും സബ്സോണുകളുടെയും മിനിസ്ട്രികളുടെയും കോ-ഓഡിനേറ്റർമാരും, ആനിമേറ്റർ മാരും, സോണൽ ആനിമേറ്റർ ബഹു. സൈമൺ വള്ളോപ്പിള്ളി അച്ചന്റെ നേതൃത്വത്തിൽ പി.എം.ഒ.സി.യിൽ ഒന്നിച്ചു കൂടുകയും കഴിഞ്ഞ രണ്ട് സർവ്വീസ് ടീമുകളുടെയും കാലഘട്ട ത്തിൽ ലഭിച്ച അനുഗ്രഹങ്ങൾക്ക് ദൈവത്തിന് നന്ദി പറയുകയും അടുത്ത രണ്ട് വർഷത്തേക്ക് സോണിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മപദ്ധതി കൾക്കായി ദൈവസ്വരം ശ്രവിക്കുവാൻ കാതോർക്കുകയും ചെയ്തു. ഇപ്പോഴത്തെ കോഡിനേറ്റർ ജേക്കബ് തോമസ് കഴിഞ്ഞ രണ്ട് സർവ്വീസ് ടീം കാലഘട്ടങ്ങളിൽ ലഭിച്ച അനുഗ്രഹങ്ങളും സോണിലൂടെയും സബ് സോണിലൂടെയും ഇടവകകളിലൂടെയും വിവിധമിനിസ്ട്രികളിലൂടെയും നടത്തിയ പരിപാടികളെക്കുറിച്ച് റിപ്പോർട്ട്

അവതരിപ്പിച്ചു. അതിനുശേഷം പുതിയ കോ-ഓഡിനേറ്റർ ജോൺസൺ സാറിനെയും ടീം അംഗങ്ങളെയും സ്വാഗതം ചെയ്തു. ജോൺസൺ സാറിന്റെ നേതൃത്വത്തിൽ അടുത്ത രണ്ട് വർഷത്തേക്ക് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്തിക്കിട്ടുവാൻ വേണ്ടി പ്രാർത്ഥിക്കുകയും സന്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. ഈ സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ മാസവും കൂടുന്ന സോണൽ സർവ്വീസ് ടീം അതിന്റെ പരിപാടികൾക്ക് രൂപം നൽകും.

### സബ്സോൺ കൂട്ടായ്മകൾ

സബ്സോൺ സർവ്വീസ് ടീം അംഗങ്ങൾ, പ്രാർത്ഥനാ ഗ്രൂപ്പ് ലീഡർമാർ, കോർഗ്രൂപ്പ് അംഗങ്ങൾ എന്നിവർ സബ്സോൺ തലത്തിൽ ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും പങ്കുവയ്ക്കുകയും ചെയ്തു. പെരിന്തൽ മണ്ണ സബ്സോൺ മീറ്റിംഗ് പെരിന്തൽമണ്ണ അൽഫോൻസ പള്ളിയിൽ വച്ചും, മലപ്പുറം സബ്സോൺ മലപ്പുറം സെന്റ് ജോസ്ഫ് പള്ളിയിൽ വച്ചും, സിറ്റി സബ്സോൺ പാറോപ്പടി പള്ളിയിൽവച്ചും, തോട്ടുമുക്കം സബ് സോൺ പുഷ്പഗിരി പള്ളിയിൽ വച്ചും, തിരുവമ്പാടി സബ്സോൺ പുല്ലൂരാംപാറയിലും, കോടഞ്ചേരി സബ്സോൺ കോടഞ്ചേരി  ആശാ ഭവനിൽ വച്ചും ,താമരശ്ശേരി സബ്സോൺ കട്ടിപ്പാറ പള്ളിയിൽ വച്ചും, കൂരാച്ചുണ്ട് സബ്സോൺ കരികണ്ടൻപാറ പള്ളിയിൽ വച്ചും, മരുതോങ്കര സബ്സോൺ പടത്തുകടവിൽ വച്ചും നടന്നു. സബ്സോൺ കൂട്ടായ്മയിൽ പങ്കെടുത്ത ബഹു. സബ്സോൺ ആനിമേറ്റർ അച്ചന്മാരെയും സിസ്റ്റർമാ രേയും ഏറെ സ്നേഹത്തോടെ സ്മരിക്കുന്നു.

### സോണിന്റെ മദ്ധ്യസ്ഥപ്രാർത്ഥന സർവ്വീസ് ടീം

ജനുവരി 9 ന് താമരശ്ശേരി പ്രേഷിതാരാം കോൺവെന്റ് ചാപ്പലിൽ വച്ചും, സോണൽ മദ്ധ്യസ്ഥ പ്രാർത്ഥന 18-ാം തീയതി ചാവറ ഭവനിൽ വച്ച് നടത്തി. മദ്ധ്യസ്ഥപ്രാർത്ഥനയിൽ പങ്കെടുത്തവർക്ക് ബഹു. സൈമൺ വള്ളോപ്പിള്ളി അച്ചൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കും സർവ്വീസ് ടീം മീറ്റിങ്ങിനും മദ്ധ്യസ്ഥ പ്രാർത്ഥന കോ- ഓഡിനേറ്റർ ശ്രീ. ജോസ് കിഴക്കയിൽ നേതൃത്വം നൽകി.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# വിദ്യാഭ്യാസരംഗം

2005 മുതൽ താമരശ്ശേരി പട്ടണണത്തിലുള്ള മാതാ ടവറിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി അതിന്റെ 33-ാമത്തെ പ്രവർത്തന വർഷത്തിൽ രൂപതാഭവനോട് ചേർന്നുള്ള മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിലേക്ക് മാറി 21-01-2020 മുതൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് വെഞ്ചരിപ്പ് കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര, ചാൻസിലർ ഫാ. ജോർജ്ജ് മുണ്ടനാട്ട്, പ്രൊക്കുറേറ്റർ ഫാ. മാത്യു പുളിമൂട്ടിൽ എന്നിവർക്കുപുറമേ രൂപതാഭവൻ, മൈനർ സെമിനാരി എന്നിവിടങ്ങളിലെ ബഹുമാനപ്പെട്ട വൈദികരും കോർപ്പറേറ്റ് സ്കൂളു കൾക്ക് നേതൃത്വം വഹിക്കുന്ന 65 പ്രധാനധ്യാപകരും ഈ ഉദ്ഘാടന വേളയിൽ സന്നിഹിതരായിരുന്നു. വിപുലമായ സൗകര്യങ്ങളോടെ നവീകരിച്ച പുതിയ കോർപ്പറേറ്റ് കൂടുതൽ കാര്യക്ഷമമായ വിദ്യാഭ്യാസ സംരംഭങ്ങൾക്ക് വേദിയാകട്ടെയെന്ന് ആശംസിക്കുന്നു.

## അധ്യാപക നിയമനം അപേക്ഷകൾ ക്ഷണിക്കുന്നു

താമരശ്ശേരി കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിൽ വരുന്ന യു.പി സ്കൂളുകളിൽ അധ്യാപക നിയമനത്തിനായി താഴെപ്പറയുന്ന വിഷയങ്ങളിൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

1 ഫിസിക്കൽ സയൻസ്

2 നാച്ചുറൽസയൻസ്

3 ഗണിതശാസ്ത്രം

4 ഇംഗ്ലീഷ്

5 സാമൂഹ്യശാസ്ത്രം

മേൽപ്പറഞ്ഞ വിഷയങ്ങളിൽ Bed ഉം K Tet അഥവാ തത്തുല്യ യോഗ്യതയോ ഉള്ള താമരശ്ശേരി രാപതാംഗങ്ങളായ ഉദ്യോഗാർത്ഥികൾക്ക് 2020 ഫെബ്രുവരി 3 മുതൽ ഫെബ്രുവരി 14 വരെയുള്ള തിയതികളിൽ രൂപതാഭവനോട് ചേർന്നുള്ള പുതിയ കോർപ്പറേറ്റ് ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർനടപടിക്രമങ്ങളെക്കുറിച്ച് അപേക്ഷ സമർപ്പിക്കുമ്പോൾ ഓഫീസിൽ നിന്ന് നേരിട്ട് അറിയിക്കു ന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ**
കോർപ്പറേറ്റ് മാനേജർ

# വികസന വേദി

## മെഡിക്കൽ ക്യാമ്പ്

**പെരിന്തൽമണ്ണ :** പാലൂർകോട്ട ഗ്രാമവികസന സമിതിയുടെയും പുഴക്കാട്ടിരി പിഎച്ച്സിയുടെയും സംയുക്താഭിമുഖ്യത്തിൽ പാലൂർകോട്ട സെന്റ് മേരീസ് പാരീഷ് ഹാളിൽവെച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി.

സെന്റ് മേരീസ് ദേവാലയ വികാരി ഫാ. ജോമോൻ പാട്ടശേരി അധ്യക്ഷത വഹിച്ചു. പൂഴക്കാട്ടിരി പഞ്ചായത്ത് ക്ഷേമകാര്യ ചെയർപേഴ് സൻ സുജാത ഉദ്ഘാടനം ചെയ്തു. ജഐച്ച്ഐ സുധീർ, സിസ്റ്റർ ബീന എന്നിവർ ജീവിത ശൈലി രോഗങ്ങളെക്കുറിച്ചു ക്ലാസെടുത്തു. മികച്ച പച്ചക്കറി തോട്ടത്തിനുള്ള അവാർഡ് പത്മകുമാരി ജോസ് ഇടയാടിൽ എന്നിവർക്ക് ലഭിച്ചു. പ്രസ്തുത പരിപാടിക്ക് സി.ഒ.ഡി. ഏരിയാകോഡി നേറ്റർ തങ്കമ്മ സേവ്യർ നേതൃത്വം നൽകി.

## മനുഷ്യാവകാശ ദിനാചരണം

കൂരാച്ചുണ്ട് G.V.S ന്റെയും കരിയാത്തുംപാറ M.C.C യുടെയും നേതൃത്വത്തിൽ ഡിസംബർ 10 ജനതാക്യാമ്പിൽവെച്ച് മനുഷ്യാവകാശദിനാ ചരണം നടത്തി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് റിസോഴ്സ് പേഴ്സൺ. ശ്രീ. ജോസഫ് ജോൺ ക്ലാസെടുത്തു. പ്രസ്തുത യോഗത്തിൽ സെക്രട്ടറി ആന്റോ മാത്യു കൊച്ചുമല സ്വാഗതവും, അലക്സ് നന്ദിയും പറഞ്ഞു. ഏരിയാകോഡിനേറ്റർ മോളി സെബാസ്റ്റ്യൻ പരിപാടികൾക്ക് നേതൃത്വം നൽകി.

**കട്ടിപ്പാറ :** കട്ടിപ്പാറ G.V.S ന്റെ നേതൃത്വത്തിൽ കട്ടിപ്പാറയിൽ വെച്ച് മനുഷ്യാവകാശദിനാചരണത്തിന്റെ ക്ലാസെടുത്തു . അലിവ് ചാരിറ്റബിൾ ട്രസ്റ്റ് കോഡിനേറ്റർ ശ്രീ. ഹാരീസ് ക്ലാസെടുത്തു 12 അംഗങ്ങൾ പങ്കെടുത്ത പരിപാടികൾക്ക്. സി.ഒ.ഡി. ഏരിയാകോഡിനേറ്റർ സോമിനി ജോസഫ് നേതൃത്വം നൽകി.

**വെള്ളില :** വെള്ളില G.V.S ന്റെ നേതൃത്വത്തിൽ. മങ്കട പഞ്ചായത്തിൽ നിന്നും. ടീച്ചർ ഗൗരി മനുഷ്യാവകാശ ദിനത്തിന്റെ ക്ലാസ് എടുത്തു. സി.ഒ.ഡി. ഏരിയാകോഡിനേറ്റർ തങ്കമ്മ സേവ്യർ നേതൃത്വം നൽകി. പ്രസിഡണ്ട് അദ്ധ്യക്ഷതവഹിച്ചു.

## മെഡിക്കൽ ക്യാമ്പ്

കരിങ്ങാട് G.V.S ന്റെയും. മരുതോങ്കര G.V.S ന്റെയും നേതൃത്വത്തിൽ പേരാമ്പ്ര സൈമൺസ് കണ്ണാശുപത്രിയും സംയുക്തമായി നേത്രപരിശോധന ക്യാമ്പ് നടത്തി. കരിങ്ങാട് പള്ളിവികാരി ഫാ. പ്രിൻസ് പന്നിക്കോട്ട് ഉദ്ഘാടനം ചെയ്തു.

100 അംഗങ്ങൾ പങ്കെടുത്തു. പ്രസിഡണ്ട് റോസ്‌ലിൻ ജോർജ് അദ്ധ്യക്ഷതവഹിച്ചു. സി.ഒ.ഡി. ഏരിയാകോഡിനേറ്റർ ഷാജി പോൾ നേതൃത്വം നൽകി.

**കൂടരഞ്ഞി** : കൂടരഞ്ഞി G.V.S ന്റെ നേതൃത്വത്തിൽ ഡിസംബർ 14ന് ലുലു ഒപ്റ്റിക്കൽ തിരുവമ്പാടിയുടെയും നേതൃത്വത്തിൽ നേത്രപരിശോധന ക്യാമ്പ്നടത്തി. 28പേർ പങ്കെടുത്ത പരിപാടിക്ക് സി.ഒ.ഡി. ഏരിയാ കോഡിനേറ്റർ റെനി സാബു നേതൃത്വം നൽകി.

**കോടഞ്ചേരി**: ഡിസംബർ–18ന് കോടഞ്ചേരി പാരിഷ്ഹാളിൽ വെച്ച് കോടഞ്ചേരി G.V.S ന്റെയും താമരശ്ശേരി രാഗം ഒപ്റ്റിക്കൽസിന്റെയും നേതൃത്വത്തിൽ സംയുക്തമായി നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ഏരിയാകോഡിനേറ്റർ സോളി ബെന്നി പരിപാടിക്ക് നേതൃത്വം നൽകി. 45പേർ പങ്കെടുത്തു.

### സ്കിൽ ട്രയിനിംഗ്

കോടഞ്ചേരി G.V.S ന്റെയും കാനറാബാങ്കിന്റെയും. നേതൃത്വത്തിൽ ഡിസംബർ–20ന് ചവിട്ടി നിർമ്മാണ പരിശീലനംനടത്തി. പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷതാ പ്രസംഗം മുൻ G.V.S പ്രസിഡണ്ട് റോസമ്മ സിറിയക്, കാനറാബാങ്ക് സ്റ്റാഫ് സുനിത പരിപാടി ഉദ്ഘാടനം ചെയ്തു. സി.ഒ.ഡി. ഏരിയാകോഡിനേറ്റർ സോളി ബെന്നി പരിപാടിക്ക് നേതൃത്വം നൽകി. 20 പേർ പങ്കെടുത്തു.

**ഫാ. ജോസഫ് മുകളേപ്പറമ്പിൽ**
ഡയറക്ടർ, വികസനവേദി